©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## പതിനഞ്ചാമത് റിപ്പോർട്ട്

**(2021 നവംബർ മാസം 9-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അദ്ധ്യായം 4.1-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിഷ്ക്രിയാസ്തികൾ എന്ന വിഷയാധിഷ്ഠിത അവലോകന റിപ്പോർട്ടിൽ ഉൾപ്പെട്ട തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ പരാമർശങ്ങൾ അടിസ്ഥാനമാക്കിയുള്ളത്]**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2021

പതിനഞ്ചാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

**പതിനഞ്ചാമത് റിപ്പോർട്ട്**

**(2021 നവംബർ മാസം 9-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അദ്ധ്യായം 4.1-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിഷ്ക്രിയാസ്തികൾ എന്ന വിഷയാധിഷ്ഠിത അവലോകന റിപ്പോർട്ടിൽ ഉൾപ്പെട്ട തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികളെ പരാമർശങ്ങൾ അടിസ്ഥാനമാക്കിയുള്ളത്]

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/തുടർ ശിപാർശകളും | .. | 91 |
| അനുബന്ധം II : | | |
| സർക്കാരിൽനിന്നും ലഭിച്ച മറുപടി | .. | 40 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

# (2021-2023)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ടി. പി. രാമകൃഷ്ണൻ.

<u>അംഗങ്ങൾ</u> :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. പി. പി. ഷാനവാസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ എൻ. ജി., അണ്ടർ സെക്രട്ടറി.

## മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി(2021-2023)യുടെ പതിനഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അദ്ധ്യായം 4.1-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിഷ്ക്രിയാസ്തികൾ എന്ന വിഷയാധിഷ്ഠിത അവലോകന റിപ്പോർട്ടിൽ ഉൾപ്പെട്ട തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളുമായി ബന്ധപ്പെട്ട ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2021 നവംബർ 2-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2021 നവംബർ 9.

# റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അദ്ധ്യായം 4.1-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിഷ്ക്രിയാസ്തികൾ എന്ന വിഷയാധിഷ്ഠിത അവലോകന റിപ്പോർട്ടിൽ ഉൾപ്പെട്ട തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളുമായി ബന്ധപ്പെട്ട പരാമർശങ്ങൾ സംബന്ധിച്ച് തയ്യാറാക്കിയ റിപ്പോർട്ട്

ഓഡിറ്റ് ഖണ്ഡിക

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിഷ്ക്രിയാസ്തികൾ**

വിവിധ ഫണ്ടുകൾ ഉപയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആർജ്ജിച്ച ആസ്തികളിൽ പൊതുജനോപകാരപ്രദമല്ലാതെ നിഷ്ക്രിയമായി മാറിയവയുടെ സമഗ്രമായ വിലയിരുത്തലാണ് ഈ അവലോകന റിപ്പോർട്ടിലൂടെ നടത്തിയിരിക്കുന്നത്. കൂടാതെ, യഥാർത്ഥ ലക്ഷ്യങ്ങൾ നേടാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികളും ശരിയായ വിധത്തിൽ പ്രവർത്തിക്കാത്തവയും അവലോകനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളിലെ ആസ്തികൾ നിഷ്ക്രിയമാവാനുള്ള കാരണങ്ങളും പഠനവിധേയമാക്കിയിട്ടുണ്ട്.

ഒൻപതാം പഞ്ചവൽസര പദ്ധതി മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന വികേന്ദ്രീകൃതാസൂത്രണം വർദ്ധിച്ചതോതിലുള്ള സാമ്പത്തിക സ്വാതന്ത്ര്യമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ പദ്ധതി വിഹിതത്തിന്റെ 40 ശതമാനം വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി വരുന്നു. പുതിയ ആസ്തികൾ ആർജ്ജിക്കുവാനും നിലവിലുള്ളവയെ പരിപോഷിപ്പിക്കുവാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ സാഹചര്യം വളരെയേറെ സഹായകരമായിട്ടുണ്ട്. പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും ആസ്തികളിൽ വൻതോതിലുള്ള വർദ്ധനവ് 9, 10, 11, 12 പദ്ധതിക്കാലയളവുകളിലായി ഉണ്ടായിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികേന്ദ്രീകൃതാസൂത്രണത്തിലൂടെ ആർജ്ജിച്ച ആസ്തികളുടെ പ്രയോജനവും പരിപാലനവുമാണ് ഈ വിഷയാധിഷ്ഠിത അവലോകനത്തിൽ പഠനവിധേയമാക്കിയിരിക്കുന്നത്. സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നുമുള്ള 217 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് നിഷ്ക്രിയാസ്തികൾ സംബന്ധിച്ച് വിഷയാധിഷ്ഠിത അവലോകനം നടത്തിയിരിക്കുന്നത് (അവലോകന വിധേയമാക്കിയ സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധം ആയി നൽകിയിരിക്കുന്നു). ഇവയിൽ 166 ഗ്രാമപഞ്ചായത്തുകളും 21 ബ്ലോക്ക് പഞ്ചായത്തുകളും 2 ജില്ലാ പഞ്ചായത്തുകളും 23 മുനിസിപ്പാലിറ്റികളും 5 മുനിസിപ്പൽ കോർപ്പറേഷനുകളും ഉൾപ്പെടുന്നു.

<u>അനുബന്ധം</u>

## നിഷ്ക്രിയാസ്തികൾ - അവലോകന വിധേയമാക്കിയ സ്ഥാപനങ്ങൾ

| | | |
|---|---|---|
| തിരുവനന്തപുരം | 1 | ബാലരാമപുരം ഗ്രാമപഞ്ചായത്ത് |
| | 2 | ആറ്റിങ്ങൽ നഗരസഭ |
| | 3 | ആര്യനാട് ഗ്രാമപഞ്ചായത്ത് |
| | 4 | വെമ്പായം ഗ്രാമപഞ്ചായത്ത് |
| | 5 | കല്ലിയൂർ ഗ്രാമപഞ്ചായത്ത് |
| | 6 | പൂവാർ ഗ്രാമപഞ്ചായത്ത് |
| | 7 | കരകുളം ഗ്രാമപഞ്ചായത്ത് |
| | 8 | കഠിനംകുളം ഗ്രാമപഞ്ചായത്ത് |
| | 9 | ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്ത് |
| | 10 | വെള്ളറട ഗ്രാമപഞ്ചായത്ത് |
| | 11 | വെട്ടൂർ ഗ്രാമപഞ്ചായത്ത് |
| | 12 | അതിയന്നൂർ ഗ്രാമപഞ്ചായത്ത് |
| | 13 | കിളിമാനൂർ ഗ്രാമപഞ്ചായത്ത് |
| | 14 | പള്ളിക്കൽ ഗ്രാമപഞ്ചായത്ത് |
| | 15 | നെയ്യാറ്റിൻകര നഗരസഭ |
| | 16 | വക്കം ഗ്രാമപഞ്ചായത്ത് |
| | 17 | മാറനല്ലൂർ ഗ്രാമപഞ്ചായത്ത് |
| | 18 | കള്ളിക്കാട് ഗ്രാമപഞ്ചായത്ത് |
| | 19 | പനവൂർ ഗ്രാമപഞ്ചായത്ത് |
| | 20 | ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത് |
| | 21 | അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് |
| | 22 | കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത് |
| | 23 | തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ |

| | | |
|---|---|---|
| കൊല്ലം | 24 | കൊല്ലം നഗരസഭ |
| | 25 | മുഖത്തല ബ്ലോക്ക് പഞ്ചായത്ത് |
| | 26 | ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് |
| | 27 | ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് |
| | 28 | കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് |
| | 29 | ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് |
| | 30 | ചവറ ബ്ലോക്ക് പഞ്ചായത്ത് |
| | 31 | പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് |
| | 32 | പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്ത് |
| | 33 | വെളിനെല്ലൂർ ഗ്രാമപഞ്ചായത്ത് |
| | 34 | മൻട്രോത്തുരുത്ത് ഗ്രാമപഞ്ചായത്ത് |
| | 35 | പന്മന ഗ്രാമപഞ്ചായത്ത് |
| | 36 | തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് |
| | 37 | കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് |
| | 38 | കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് |
| | 39 | നെടുവത്തൂർ ഗ്രാമപഞ്ചായത്ത് |
| | 40 | നീണ്ടകര ഗ്രാമപഞ്ചായത്ത് |
| പത്തനംതിട്ട | 41 | ചിറ്റാർ ഗ്രാമപഞ്ചായത്ത് |
| | 42 | ഓമല്ലൂർ ഗ്രാമപഞ്ചായത്ത് |
| | 43 | തിരുവല്ല നഗരസഭ |
| ആലപ്പുഴ | 44 | ആലപ്പുഴ നഗരസഭ |
| | 45 | വള്ളിക്കുന്നം ഗ്രാമപഞ്ചായത്ത് |
| | 46 | ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് |
| | 47 | ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് |
| | 48 | മുട്ടാർ ഗ്രാമപഞ്ചായത്ത് |
| | 49 | അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് |
| | 50 | ഹരിപ്പാട് ഗ്രാമപഞ്ചായത്ത് |

| | | |
|---|---|---|
| | 51 | പുറക്കാട് ഗ്രാമപഞ്ചായത്ത് |
| | 52 | കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് |
| | 53 | പട്ടണക്കാട് ഗ്രാമപഞ്ചായത്ത് |
| | 54 | മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് |
| | 55 | വെണ്മണി ഗ്രാമപഞ്ചായത്ത് |
| | 56 | ബുധനൂർ ഗ്രാമപഞ്ചായത്ത് |
| | 57 | പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് |
| | 58 | എഴുപുന്ന ഗ്രാമപഞ്ചായത്ത് |
| | 59 | നൂറനാട് ഗ്രാമപഞ്ചായത്ത് |
| | 60 | ചെന്നിത്തല - തൃപ്പെരുംതറ ഗ്രാമപഞ്ചായത്ത് |
| | 61 | പാലമേൽ ഗ്രാമപഞ്ചായത്ത് |
| | 62 | ചെറുതന ഗ്രാമപഞ്ചായത്ത് |
| | 63 | മുഹമ്മ ഗ്രാമപഞ്ചായത്ത് |
| | 64 | തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് |
| | 65 | ചേപ്പാട് ഗ്രാമപഞ്ചായത്ത് |
| | 66 | ചിങ്ങോലി ഗ്രാമപഞ്ചായത്ത് |
| | 67 | ആല ഗ്രാമപഞ്ചായത്ത് |
| | 68 | തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത് |
| | 69 | ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത് |
| | 70 | പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് |
| | 71 | കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് |
| | 72 | ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് |
| | 73 | ആര്യാട് ബ്ലോക്ക് പഞ്ചായത്ത് |
| | 74 | അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് |
| | 75 | മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് |
| | 76 | ചേർത്തല നഗരസഭ |
| | 77 | കായംകുളം നഗരസഭ |

| | | |
|---|---|---|
| കോട്ടയം | 78 | കോട്ടയം നഗരസഭ |
| | 79 | ചങ്ങനാശ്ശേരി നഗരസഭ |
| | 80 | അയ്മനം ഗ്രാമപഞ്ചായത്ത് |
| | 81 | മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത് |
| | 82 | ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് |
| | 83 | രാമപുരം ഗ്രാമപഞ്ചായത്ത് |
| | 84 | കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് |
| | 85 | കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് |
| | 86 | ഉദയനാപുരം ഗ്രാമപഞ്ചായത്ത് |
| | 87 | മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് |
| | 88 | മുണ്ടക്കയം ഗ്രാമപഞ്ചായത്ത് |
| | 89 | കുമരകം ഗ്രാമപഞ്ചായത്ത് |
| | 90 | മീനടം ഗ്രാമപഞ്ചായത്ത് |
| | 91 | പായിപ്പാട് ഗ്രാമപഞ്ചായത്ത് |
| | 92 | കുറോപ്പട ഗ്രാമപഞ്ചായത്ത് |
| | 93 | അകലകുന്നം ഗ്രാമപഞ്ചായത്ത് |
| | 94 | പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് |
| | 95 | എരുമേലി ഗ്രാമപഞ്ചായത്ത് |
| | 96 | മീനച്ചിൽ ഗ്രാമപഞ്ചായത്ത് |
| | 97 | ഉഴവൂർ ഗ്രാമപഞ്ചായത്ത് |
| | 98 | മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് |
| ഇടുക്കി | 99 | ശാന്തൻപാറ ഗ്രാമപഞ്ചായത്ത് |
| | 100 | വണ്ടിപെരിയാർ ഗ്രാമപഞ്ചായത്ത് |
| | 101 | കുമാരമംഗലം ഗ്രാമപഞ്ചായത്ത് |
| | 102 | കാമാക്ഷി ഗ്രാമപഞ്ചായത്ത് |
| | 103 | കരുണാപുരം ഗ്രാമപഞ്ചായത്ത് |
| | 104 | കുമളി ഗ്രാമപഞ്ചായത്ത് |
| | 105 | തൊടുപുഴ നഗരസഭ |

| | | |
|---|---|---|
| | 106 | മാങ്കുളം ഗ്രാമപഞ്ചായത്ത് |
| | 107 | അടിമാലി ഗ്രാമപഞ്ചായത്ത് |
| | 108 | നെടുങ്കം ഗ്രാമപഞ്ചായത്ത് |
| | 109 | മൂന്നാർ ഗ്രാമപഞ്ചായത്ത് |
| എറണാകുളം | 110 | കൊച്ചി നഗരസഭ |
| | 111 | പെരുമ്പാവൂർ നഗരസഭ |
| | 112 | ആലുവ നഗരസഭ |
| | 113 | വെങ്ങോല ഗ്രാമപഞ്ചായത്ത് |
| | 114 | വേങ്ങൂർ ഗ്രാമപഞ്ചായത്ത് |
| | 115 | മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് |
| | 116 | നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് |
| | 117 | മുക്കന്നൂർ ഗ്രാമപഞ്ചായത്ത് |
| | 118 | മണീട് ഗ്രാമപഞ്ചായത്ത് |
| | 119 | അങ്കമാലി നഗരസഭ |
| | 120 | മരട് നഗരസഭ |
| | 121 | കോതമംഗലം നഗരസഭ |
| | 122 | ഏലൂർ നഗരസഭ |
| | 123 | പാലക്കുഴ നഗരസഭ |
| | 124 | തിരുമാറാടി ഗ്രാമപഞ്ചായത്ത് |
| | 125 | പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് |
| | 126 | തുറവൂർ ഗ്രാമപഞ്ചായത്ത് |
| | 127 | പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത് |
| | 128 | മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് |
| | 129 | ആവോലി ഗ്രാമപഞ്ചായത്ത് |
| തൃശ്ശൂർ | 130 | തൃശ്ശൂർ നഗരസഭ |
| | 131 | കുഴൂർ ഗ്രാമപഞ്ചായത്ത് |
| | 132 | മേലൂർ ഗ്രാമപഞ്ചായത്ത് |
| | 133 | വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് |

| | | |
|---|---|---|
| | 134 | ശ്രീ നാരായണപുരം ഗ്രാമപഞ്ചായത്ത് |
| | 135 | എടവിലങ്ങ് ഗ്രാമപഞ്ചായത്ത് |
| | 136 | മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് |
| | 137 | ഏങ്ങിയൂർ ഗ്രാമപഞ്ചായത്ത് |
| പാലക്കാട് | 138 | പാലക്കാട് നഗരസഭ |
| | 139 | കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് |
| | 140 | പെരുവെമ്പ് ഗ്രാമപഞ്ചായത്ത് |
| | 141 | മലമ്പുഴ ഗ്രാമപഞ്ചായത്ത് |
| | 142 | വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് |
| | 143 | കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് |
| | 144 | തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത് |
| | 145 | കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് |
| | 146 | കുഴൽമന്ദം ഗ്രാമപഞ്ചായത്ത് |
| | 147 | ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് |
| മലപ്പുറം | 148 | മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് |
| | 149 | വേങ്ങര ബ്ലോക്ക് പഞ്ചായത്ത് |
| | 150 | ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് |
| | 151 | എടരിക്കോട് ഗ്രാമപഞ്ചായത്ത് |
| | 152 | നിലമ്പൂർ നഗരസഭ |
| | 153 | പൊന്നാനി നഗരസഭ |
| | 154 | മമ്പാട് ഗ്രാമപഞ്ചായത്ത് |
| | 155 | പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് |
| | 156 | എടവണ്ണ ഗ്രാമപഞ്ചായത്ത് |
| | 157 | പൊന്മുണ്ടം ഗ്രാമപഞ്ചായത്ത് |
| | 158 | വട്ടക്കുളം ഗ്രാമപഞ്ചായത്ത് |
| | 159 | മൊറയൂർ ഗ്രാമപഞ്ചായത്ത് |
| | 160 | മുത്തേടം ഗ്രാമപഞ്ചായത്ത് |
| | 161 | വാഴക്കാട് ഗ്രാമപഞ്ചായത്ത് |

| | | |
|---|---|---|
| മലപ്പുറം | 162 | കാവന്നൂർ ഗ്രാമപഞ്ചായത്ത് |
| | 163 | കുറുവ ഗ്രാമപഞ്ചായത്ത് |
| | 164 | ആലിപറമ്പ് ഗ്രാമപഞ്ചായത്ത് |
| | 165 | പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് |
| | 166 | കാളികാവ് ഗ്രാമപഞ്ചായത്ത് |
| | 167 | തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്ത് |
| | 168 | ആലംകോട് ഗ്രാമപഞ്ചായത്ത് |
| | 169 | തുവ്വൂർ ഗ്രാമപഞ്ചായത്ത് |
| | 170 | കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് |
| | 171 | ഊരകം ഗ്രാമപഞ്ചായത്ത് |
| | 172 | ഒഴൂർ ഗ്രാമപഞ്ചായത്ത് |
| | 173 | പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് |
| | 174 | നെടിയിരുപ്പ് ഗ്രാമപഞ്ചായത്ത് |
| | 175 | പൊന്മള ഗ്രാമപഞ്ചായത്ത് |
| | 176 | താഴെക്കാട് ഗ്രാമപഞ്ചായത്ത് |
| | 177 | കരുളായി ഗ്രാമപഞ്ചായത്ത് |
| | 178 | വഴിക്കടവ് ഗ്രാമപഞ്ചായത്ത് |
| | 179 | തിരൂർ നഗരസഭ |
| കോഴിക്കോട് | 180 | കോഴിക്കോട് നഗരസഭ |
| | 181 | എടച്ചേരി ഗ്രാമപഞ്ചായത്ത് |
| | 182 | നാദാപുരം ഗ്രാമപഞ്ചായത്ത് |
| | 183 | തോടന്നൂർ ഗ്രാമപഞ്ചായത്ത് |
| | 184 | തുറയൂർ ഗ്രാമപഞ്ചായത്ത് |
| | 185 | കോഴിക്കോട് ജില്ലാ പഞ്ചായത്ത് |
| | 186 | കൊടുവള്ളി ഗ്രാമപഞ്ചായത്ത് |
| | 187 | ഉണ്ണിക്കുളം ഗ്രാമപഞ്ചായത്ത് |
| | 188 | രാമനാട്ടുകര ഗ്രാമപഞ്ചായത്ത് |
| | 189 | നൊച്ചാട് ഗ്രാമപഞ്ചായത്ത് |

| | | |
|---|---|---|
| | 190 | മുക്കം ഗ്രാമപഞ്ചായത്ത് |
| | 191 | പയ്യോളി ഗ്രാമപഞ്ചായത്ത് |
| | 192 | ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് |
| | 193 | കുടരഞ്ഞി ബ്ലോക്ക് പഞ്ചായത്ത് |
| | 194 | കാക്കൂർ ഗ്രാമപഞ്ചായത്ത് |
| | 195 | ഒളവെണ്ണ ഗ്രാമപഞ്ചായത്ത് |
| | 196 | വടകര നഗരസഭ |
| കണ്ണൂർ | 197 | തലശ്ശേരി നഗരസഭ |
| | 198 | എരുവേശ്ശി ഗ്രാമപഞ്ചായത്ത് |
| | 199 | കൊളച്ചേരി ഗ്രാമപഞ്ചായത്ത് |
| | 200 | മയ്യിൽ ഗ്രാമപഞ്ചായത്ത് |
| | 201 | പയ്യാവൂർ ഗ്രാമപഞ്ചായത്ത് |
| | 202 | പെരളശ്ശേരി ഗ്രാമപഞ്ചായത്ത് |
| | 203 | കണ്ണൂർ നഗരസഭ |
| വയനാട് | 204 | വയനാട് ജില്ലാ പഞ്ചായത്ത് |
| | 205 | മാനന്തവാടി ഗ്രാമപഞ്ചായത്ത് |
| | 206 | കോട്ടത്തറ ഗ്രാമപഞ്ചായത്ത് |
| | 207 | പൊഴുതന ഗ്രാമപഞ്ചായത്ത് |
| | 208 | കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് |
| | 209 | അമ്പലവയൽ ഗ്രാമപഞ്ചായത്ത് |
| | 210 | തരിയോട് ഗ്രാമപഞ്ചായത്ത് |
| | 211 | പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് |
| കാസർഗോഡ് | 212 | കോടോംബേളൂർ ഗ്രാമപഞ്ചായത്ത് |
| | 213 | വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് |
| | 214 | പള്ളിക്കര ഗ്രാമപഞ്ചായത്ത് |
| | 215 | ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് |
| | 216 | കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് |
| | 217 | കാസർഗോഡ് നഗരസഭ |

ഓഡിറ്റ് ഖണ്ഡിക

**ആസ്തികൾ നിഷ്ക്രിയമാകുന്ന വഴികൾ**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ വികസന/ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി ആർജ്ജിക്കുന്ന പല ആസ്തികളും ശരിയായ ആസൂത്രണവും സമയബന്ധിതമായ തുടർപ്രവർത്തനങ്ങളും ഇല്ലാത്തതിനാൽ നിഷ്ക്രിയമായി മാറുന്നു. പരിപാലനം, നടത്തിപ്പ് എന്നിവയിലെ വീഴ്ചമൂലം കോടിക്കണക്കിന് രൂപയുടെ ആസ്തികളാണ് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി നിഷ്ക്രിയാവസ്ഥയിൽ ഉള്ളത്. ഇവയിൽ പലതും പുനർനിർമ്മാണം/നവീകരണം, പുനരാസൂത്രണം എന്നിവയിലൂടെ പ്രവർത്തന സജ്ജമാക്കാവുന്നവയാണെങ്കിലും തീർത്തും ഉപയോഗപ്രദമല്ലാത്ത അവസ്ഥയിലുള്ള നിരവധി ആസ്തികളും ഉണ്ട്. ആസ്തികൾ നിഷ്ക്രിയമായി മാറുന്നതിനുള്ള പ്രധാന കാരണങ്ങൾ ഇനിപ്പറയുന്നവയാണ്:

➢ പദ്ധതികൾ തയ്യാറാക്കുന്നതിൽ ശരിയായ ആസൂത്രണത്തിന്റെയും സാധ്യതാ പഠനത്തിന്റെയും അഭാവം.

➢ പദ്ധതികൾ നടപ്പാക്കുന്നതിലെ കാര്യക്ഷമതയില്ലായ്മ.

➢ പദ്ധതികളിൽ തുടർനടപടികൾ കൈക്കൊള്ളുന്നതിലുള്ള കാലതാമസം.

➢ പൂർണ്ണമായും നടപ്പാക്കാൻ ആവശ്യമായ തുകകൾ കണ്ടെത്താതെ, പദ്ധതികൾ ആവിഷ്ക്കരിക്കുന്നത്.

➢ ഗുണഭോക്താക്കളുടെ ആവശ്യം പരിഗണിക്കാതെയും പങ്കാളിത്തം ഉറപ്പുവരുത്താതെയുമുള്ള പദ്ധതികളുടെ നിർവ്വഹണം.

➢ സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള പദ്ധതികളിൽ ആയത് ലഭ്യമാക്കാതെ പദ്ധതികൾ നടപ്പാക്കുന്നത്.

➢ പൊതുജനങ്ങളെ ബോധവൽക്കരിക്കാതെ പദ്ധതികൾ നടപ്പാക്കുന്നതിനാൽ, എതിർപ്പുകൾ നേരിടേണ്ടി വരുന്നത്.

➢ ആസ്തികൾ പ്രയോജനപ്പെടുത്തുന്നതിൽ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നുള്ള വീഴ്ച.

## 217 സ്ഥാപനങ്ങളിലായി 85 കോടി രൂപയുടെ നിഷ്ക്രിയാസ്തികൾ

ഓഡിറ്റ് ഖണ്ഡിക

### നിഷ്ക്രിയാസ്തികളും ഇനങ്ങളും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉൽപ്പാദനം/സേവനം/പശ്ചാത്തല മേഖലകളിലായി ഒട്ടേറെ നിഷ്ക്രിയാസ്തികൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഓഡിറ്റ് പഠനം നടത്തിയ 217 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുമായി, ഈ മേഖലകളിലെ വിവിധയിനങ്ങളിൽ 85 കോടി രൂപയുടെ നിഷ്ക്രിയാസ്തികളാണ് കണ്ടെത്തിയിട്ടുള്ളത്. ഏറ്റവുമധികം നിഷ്ക്രിയാസ്തികൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ള 10 ഇനങ്ങൾ ഇനിപ്പറയുന്നവയാണ്.

| ക്രമ നം | ഇനം | തുക | ശതമാനം |
|---|---|---|---|
| 1 | ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ | 35.28 കോടി രൂപ | 41.50 |
| 2 | വ്യവസായ/വിപണന കേന്ദ്രങ്ങൾ | 10.62 കോടി രൂപ | 12.49 |
| 3 | കെട്ടിടങ്ങൾ/ഷോപ്പിംഗ് കോംപ്ലക്സ് | 8.21 കോടി രൂപ | 9.65 |
| 4 | കുടിവെള്ള/ജലവിതരണ പദ്ധതികൾ | 5.76 കോടി രൂപ | 6.78 |
| 5 | വിവിധ പദ്ധതികൾക്കായി വാങ്ങിയ ഭൂമികൾ | 4.77 കോടി രൂപ | 5.61 |
| 6 | മത്സ്യമാർക്കറ്റുകൾ/ചന്തകൾ | 3.94 കോടി രൂപ | 4.63 |
| 7 | ഭവനപദ്ധതികൾ | 3.37 കോടി രൂപ | 3.96 |
| 8 | പകൽ വീടുകൾ/വൃദ്ധ സദനങ്ങൾ | 2.66 കോടി രൂപ | 3.12 |
| 9 | അറവുശാലകൾ | 2.63 കോടി രൂപ | 3.09 |
| 10 | കാർഷികോപകരണങ്ങൾ | 2.34 കോടി രൂപ | 2.75 |

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിഷ്ക്രിയാസ്തികൾ

(217 സ്ഥാപനങ്ങളിലായി 85 കോടി രൂപ)

ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, അനുബന്ധ ഉപകരണങ്ങൾ, പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ, സ്വീവേജ് പദ്ധതി എന്നിവയിലാണ് ഖരമാലിന്യ സംസ്കരണ രംഗത്തെ നിഷ്ക്രിയാസ്തികൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.

വനിതാവ്യവസായ യൂണിറ്റുകൾ, വ്യവസായ കേന്ദ്രങ്ങൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, വ്യവസായ/സ്വയം തൊഴിൽ മേഖലയിലെ ഉപകരണങ്ങൾ, കാർഷിക വിപണന കേന്ദ്രങ്ങൾ, കുടുംബശ്രീ സംരംഭങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് വ്യവസായ മേഖലയിലെ നിഷ്ക്രിയാസ്തികൾ.

ഉപയോഗപ്രദമാക്കിയിട്ടില്ലാത്ത കെട്ടിടങ്ങൾ, കമ്മ്യൂണിറ്റി ഹാൾ, ലൈബ്രറി, ബസ്റ്റാന്റ്, ഷോപ്പിംഗ് കോംപ്ലക്സ്, ടൂറിസം/കാർഷിക ഇൻഫർമേഷൻ സെന്ററുകൾ, ഹോസ്റ്റൽ എന്നിവയാണ് നിഷ്ക്രിയാസ്തികളായ കെട്ടിടങ്ങളിൽ ഉൾപ്പെടുന്നത്.

കുടിവെള്ള/ശുദ്ധജല വിതരണ പദ്ധതികളിൽ പ്രവർത്തിക്കാത്തവ, പണി പൂർത്തിയാക്കാത്തവ, ഉപേക്ഷിക്കപ്പെട്ട നിലയിൽ ഉള്ളവ, ഈ പദ്ധതികൾക്ക് വാങ്ങിയ ഉപകരണങ്ങളിൽ ഉപയോഗശൂന്യമായവ എന്നിവയാണ് കുടിവെള്ള മേഖലയിലെ നിഷ്ക്രിയാസ്തികൾ.

വിവിധ പദ്ധതികൾക്കായി വർഷങ്ങൾക്കുമുൻപ് വാങ്ങിയിട്ടും യാതൊരു പ്രവർത്തനവും തുടങ്ങാനാവാതെ കാടുപിടിച്ച കിടക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള വസ്തുവകകളെയും നിഷ്ക്രിയാസ്തികളുടെ ഗണത്തിൽപ്പെടുത്തിയിട്ടുണ്ട്.

മത്സ്യമാർക്കറ്റുകൾ, ചന്തകൾ, ഫിഷ്പ്രോസസിംഗ് സെന്ററുകൾ, ഫിഷ്ലാന്റിംഗ് സെന്ററുകൾ തുടങ്ങിയ ആസ്തികളിൽ നിഷ്ക്രിയമായവയുടെ വിവരങ്ങളാണ് മത്സ്യമാർക്കറ്റ്/ ചന്ത എന്നയിനത്തിൽ ഉള്ളത്. ഭവന പദ്ധതികൾ, മോഡൽ വില്ലേജുകൾ എന്നിവയിൽ ലക്ഷ്യം കൈവരിക്കാത്തവയെയാണ് ഭവനപദ്ധതികളിലെ നിഷ്ക്രിയാസ്തികളായി വിലയിരുത്തിയിട്ടുള്ളത്.

പ്രവർത്തനമില്ലാതെ കിടക്കുന്ന കൊയ്ത്ത്-മെതിയന്ത്രങ്ങൾ, ട്രാക്ടർ, ട്രെയിലർ, മറ്റ് കാർഷിക യന്ത്രങ്ങൾ എന്നിവയാണ് കാർഷിക മേഖലയിലെ നിഷ്ക്രിയാസ്തികൾ.

ഓഡിറ്റ് ഖണ്ഡിക

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മറ്റു നിഷ്ക്രിയാസ്തികൾ

മുകളിൽ പറഞ്ഞിട്ടുള്ളവയ്ക്ക് പുറമേ, പ്രവർത്തനരഹിതമായ ഇ-ടോയ്ലെറ്റുകൾ, കംഫർട്ട് സ്റ്റേഷനുകൾ, തുരുമ്പെടുത്ത് നശിക്കുന്ന വാഹനങ്ങൾ, ഉപയോഗിക്കാത്ത നിലയിലുള്ള ബോട്ടുജെട്ടികൾ, കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ഓഫീസ് ഉപകരണങ്ങൾ, പഞ്ചിംഗ് സംവിധാനം, പ്രവർത്തനമില്ലാത്ത കാറ്റിൽ പൗണ്ട്/ഫാമുകൾ, ഉപയോഗ ശൂന്യമായ മഴവെള്ള സംഭരണികൾ, പണി പാതിവഴിയിൽ നിലച്ച സ്റ്റേഡിയങ്ങൾ, ഉപയോഗമില്ലാത്ത നിലയിലുള്ള പാർക്കുകൾ, പ്രവർത്തനമില്ലാത്ത ശ്മശാനം/ഗ്യാസ് ക്രിമറ്റോറിയം, പ്രവർത്തനം നിലച്ച ലിഫ്റ്റ് ഇറിഗേഷൻ/ജലസേചന പദ്ധതികൾ എന്നിവയെയും നിഷ്ക്രിയാസ്തികളായി കണക്കാക്കിയിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മറ്റ് നിഷ്ക്രിയാസ്തികൾ**

| നിഷ്ക്രിയാസ്തിയുടെ ഇനം | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടായ ചെലവ് (രൂപ) | ആകെ നിഷ്ക്രിയാസ്തിയിലെ ശതമാനം (85 കോടി രൂപ) |
|---|---|---|
| കമ്പ്യൂട്ടർ, മറ്റ് ഓഫീസ് സംവിധാനങ്ങൾ | 34,80,030 | 0.40 |
| ഇ-ടോയ്‌ലെറ്റുകൾ, കംഫർട്ട് സ്റ്റേഷനുകൾ | 1,47,37,565 | 1.73 |
| വാഹനങ്ങൾ, ബോട്ട്ജെട്ടികൾ | 89,09,203 | 1.05 |
| ഫാമുകൾ, കാറ്റിൽ പൗണ്ട് | 28,06,222 | 0.33 |
| മഴവെള്ള സംഭരണികൾ | 26,18,873 | 0.31 |
| സ്റ്റേഡിയങ്ങൾ, പാർക്കുകൾ | 96,48,858 | 1.14 |
| ശ്മശാനങ്ങൾ, ഗ്യാസ് ക്രിമറ്റോറിയങ്ങൾ | 58,63,077 | 0.69 |
| ജലസേചനം, ലിഫ്റ്റ് ഇറിഗേഷൻ | 55,54,097 | 0.65 |
| **ആകെ** | **5,36,17,925** | **6.57** |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.1, 4.1.1, 4.1.2, 4.1.3)

ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധംII ആയി ചേർത്തിരിക്കുന്നു.

1. ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശ വിഷയങ്ങളുമായി ബന്ധപ്പെട്ട് വളരെ നിരുത്തരവാദപരവും ആധികാരികതയില്ലാത്തതും പരസ്പരവിരുദ്ധവുമായ മറുപടികളാണ് ഉദ്യോഗസ്ഥർ നൽകിയിട്ടുള്ളതെന്ന് മറുപടി പരിശോധിച്ചപ്പോൾ മനസ്സിലായതായും നിയമസഭയുടെ സമിതി എന്നത് നിയമസഭ തന്നെയാണെന്നും സമിതിയെ തെറ്റിദ്ധരിപ്പിക്കുക എന്നാൽ നിയമസഭയെ തെറ്റിദ്ധരിപ്പിക്കുക എന്നാണ് അർത്ഥമെന്നും ഉദ്യോഗസ്ഥർ സമിതിയെ തെറ്റിദ്ധരിപ്പിച്ചാൽ അത് കർശനമായി കാണേണ്ടിവരുമെന്നും സംസ്ഥാനത്ത് നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ടുകളോ പരിശോധനകളോ ഇല്ലാതെ പണം ചെലവഴിക്കുക എന്ന ലക്ഷ്യത്തോടുകൂടി മാത്രം ചെലവഴിച്ചതായാണ് കാണുന്നതെന്നും ആയതിനാലാണ് നിഷ്ക്രിയാസ്തികളുടെ തുക

ഭീമമായി വർദ്ധിച്ചതെന്നും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വിശദീകരണമുണ്ടായാൽ മാത്രമേ ഓഡിറ്റ് പരാമർശങ്ങളിന്മേൽ ലഭ്യമാക്കിയ മറുപടിയുടെ വിശദാംശങ്ങളിലേക്ക് കടക്കാൻ കഴിയുകയുള്ളൂവെന്നും സമിതി ഉദ്യോഗസ്ഥരെ അറിയിച്ചു.

2. നഗരകാര്യ വകുപ്പിന് കീഴിലുള്ള മുനിസിപ്പാലിറ്റികളിൽ പല പദ്ധതികളിലായി നിർമ്മിച്ച നിരവധി ആസ്തികൾ പിന്നീട് ഉപയോഗിക്കാൻ സാധിക്കാത്ത സ്ഥിതിയിലാണെന്നും പ്രധാനമായും സാങ്കേതിക കാരണങ്ങളാലാണ് അവ പലതും ഉപയോഗയോഗ്യമല്ലാതായിത്തീരുന്നതെന്നും ആയതിന് ഉദാഹരണമായി ആലപ്പുഴ ജില്ലയിലെയും, കൊല്ലം കോർപ്പറേഷനിലെയും ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ പരിസരവാസികളുടെയും കോടതിയുടെയും ഇടപെടലുകൾമൂലവും പരിസ്ഥിതി മന്ത്രാലയത്തിന്റെ ക്ലിയറൻസ് ലഭിക്കാത്തതുകൊണ്ടും പ്രവർത്തനക്ഷമമാക്കാൻ സാധിച്ചിട്ടില്ലെന്ന കാര്യം ജോയിന്റ് ഡയറക്ടർ അർബൻ അഫയേഴ്സ് സമിതിയെ ബോധിപ്പിച്ചു. കൂടാതെ കേരളത്തിൽ ഒരു മോഡൽ പ്ലാന്റായി പരിസരവാസികൾക്ക് കാണിച്ചുകൊടുക്കുന്നതിനായി ഇതുവരെ ഒരു ഖരമാലിന്യ സംസ്കരണ പ്ലാന്റ് പോലും നിർമ്മിച്ച്, അവരുടെ ആശങ്ക പരിഹരിക്കുന്നതിന് സാധിച്ചിട്ടില്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമതിയെ അറിയിക്കുകയുണ്ടായി. എല്ലാ ഖരമാലിന്യ പ്ലാന്റുകളും ആരംഭഘട്ടത്തിൽത്തന്നെ സ്തംഭിച്ചുനിൽക്കുകയാണെന്നും നിർമ്മാണം പൂർത്തിയാക്കിയവ പോലും പ്രവർത്തനക്ഷമമാക്കാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളതെന്നും കാസർഗോഡ് നഗരസഭയിലെ സമീപ പഞ്ചായത്തിൽ മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിനായി 5 ഏക്കർ സ്ഥലം വർഷങ്ങൾക്കുമുൻപ് ഏറ്റെടുത്തെങ്കിലും പ്ലാന്റ് നിർമ്മാണത്തിനുള്ള സാങ്കേതികവിദ്യ നഗരസഭയ്ക്ക് ലഭ്യമായിട്ടുപോലും ജനങ്ങളുടെ ശക്തമായ എതിർപ്പുമൂലം നടപ്പിലാക്കാൻ സാധിക്കാത്ത അവസ്ഥയാണ് നിലനിൽക്കുന്നതെന്നും ടി ഉദ്യോഗസ്ഥൻ സമിതിയെ ബോധിപ്പിക്കുകയുണ്ടായി.

3. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിച്ചതിന് ശേഷമാണ് പ്ലാന്റിന്റെ പണി തുടങ്ങേണ്ടതെന്നും ഇത് വിജയകരമായി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തിയതിന് ശേഷം മാത്രമേ നിർമ്മാണ പ്രവൃത്തികൾക്കായി തുക ചെലവഴിക്കാവൂ എന്നും അഭിപ്രായപ്പെട്ട സമിതി, നിലവിൽ നിർമ്മാണ പ്രവൃത്തികൾക്കായി തുക ചെലവഴിച്ചതിന് ശേഷം മാത്രമാണ് ക്ലിയറൻസ് സർട്ടിഫിക്കറ്റിനായി പൊല്യൂഷൻ കൺട്രോൾ ബോർഡിനെയും സ്റ്റേറ്റ് ലെവൽ എക്സ്പെർട്ട് കമ്മിറ്റിയെയും സമീപിക്കുന്നതെന്നും തദവസരത്തിൽ പ്രസ്തുത പ്രോജക്ടുകൾ നാശോന്മുഖമായിത്തീരുമെന്നും ഇക്കാര്യത്തിൽ പഞ്ചായത്തുകളെ മാത്രം കുറ്റപ്പെടുത്തിയിട്ട് അർത്ഥമില്ലെന്നുംകൂടി സമിതി അഭിപ്രായപ്പെട്ടു.

4. നിർമ്മാണ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പൂർത്തിയാക്കാൻ കഴിയാത്ത പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വീണ്ടും പെർമിസീവ് സാങ്ഷൻ കൊടുക്കുമ്പോൾ അത് തടയേണ്ടതല്ലേ എന്ന് സമിതി ചോദ്യമുന്നയിച്ചതിന് ഇപ്പോഴത്തെ കോ-ഓർഡിനേഷൻ കമ്മിറ്റി പോലും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൊടുക്കണമെന്നാണ് പറഞ്ഞിട്ടുള്ളതെന്നും പ്രസ്തുത സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന വർക്കുകൾ ഔട്ട്സോഴ്സ് ചെയ്യുകയാണ് ചെയ്യുന്നതെന്നും അഡീഷണൽ സെക്രട്ടറി ആന്റ് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ ബോധിപ്പിച്ചു.

**പയ്യോളി നഗരസഭ**

5. കോഴിക്കോട് ജില്ലയിലെ പയ്യോളി നഗരസഭയിൽ തുരുമ്പെടുത്ത് നശിക്കുന്ന കാർഷികോപകരണങ്ങൾ എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സംസ്ഥാന സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

ഓഡിറ്റ് ഖണ്ഡിക

**കൊട്ടാരക്കര ഗ്രാമപഞ്ചായത്ത്**

6. കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് ആയിരുന്ന കാലയളവിലെ വൃദ്ധസദനം, നിലവിൽ ആയുർവ്വേദ ആശുപത്രിയുടെ പേവാർഡായി ഉപയോഗിച്ചുവരുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

7. **സംസ്ഥാനത്ത് നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ടുകളോ പരിശോധനകളോ ഇല്ലാതെ പണം ചെലവഴിച്ചതുകൊണ്ടാണ് നിഷ്ക്രിയാസ്തികളുടെ തുക ഭീമമായി വർദ്ധിച്ചതെന്ന് സമിതി നിരീക്ഷിക്കുന്നു.**

8. **പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിച്ച ശേഷം പൊതുജനങ്ങളെക്കൂടി കാര്യങ്ങൾ ബോധ്യപ്പെടുത്തിയശേഷം മാത്രം ഖരമാലിന്യ പ്ലാന്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി തുക ചെലവഴിക്കുന്നതിന് വേണ്ട നിർദ്ദേശം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകുന്നതിനുള്ള നടപടി വകുപ്പ് തലത്തിൽ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

9. **നിലവിൽ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പൊതുമേഖലാസ്ഥാപനങ്ങളെ ഏൽപ്പിക്കുന്നതിന് കോ-ഓർഡിനേഷൻ കമ്മിറ്റി**

**നിർദ്ദേശിക്കാറുണ്ടെന്നും നിർമ്മാണ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പൂർത്തിയാക്കാൻ കഴിയാത്ത പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വീണ്ടും പെർമിസീവ് സാങ്ഷൻ കൊടുക്കാറുണ്ടെന്നും പ്രസ്തുത സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പ്രവൃത്തികൾ പുറമേയുള്ള ഏജൻസികളെ ഏൽപ്പിക്കാറുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തുടർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങളെ ഏൽപ്പിക്കുമ്പോൾ നിലവിലുള്ള ചട്ടങ്ങളെയും മാനദണ്ഡങ്ങളെയും അടിസ്ഥാനപ്പെടുത്തി മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

10. **പരാമർശവിധേയമായ ഓഡിറ്റ് ഖണ്ഡികയിലുൾപ്പെട്ട യന്ത്രോപകരണങ്ങളുടെ പ്രവർത്തനക്ഷമത പരിശോധിച്ചശേഷം ഉപയോഗിക്കാൻ കഴിയാത്തവ ലേലം ചെയ്യുന്നതിനും ബാക്കിയുള്ളവ പ്രവർത്തനക്ഷമമാക്കിയും സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തണമെന്ന നിർദ്ദേശത്തോടെ പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

11. **കൊട്ടാരക്കര ഗ്രാമപഞ്ചായത്ത്, പയ്യോളി നഗരസഭ എന്നിവയുമായി ബന്ധപ്പെട്ട പരാമർശത്തിന്മേലുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ആയവ ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ഖര മാലിന്യ സംസ്കരണ സംവിധാനങ്ങൾ നിഷ്ക്രിയം, മാലിന്യങ്ങൾ കുമിഞ്ഞുകൂടുന്നു**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റവുമധികം നിഷ്ക്രിയാസ്തികൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ടുള്ള പദ്ധതികളിലാണ്. ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ 85 കോടി രൂപയുടെ നിഷ്ക്രിയാസ്തികളിൽ 35.28 കോടി രൂപയുടേതും (41.50%) ഖരമാലിന്യ സംസ്കരണമേഖലയിലാണ്.

വിവിധ കാരണങ്ങളാലാണ് ഖരമാലിന്യസംസ്കരണ സംവിധാനങ്ങൾ നിഷ്ക്രിയമാകുന്നത്. ശരിയായ ആസൂത്രണമില്ലാതെ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്യുന്നതാണ് ഇവയിൽ പ്രധാനപ്പെട്ട പോരായ്മ. ഇതുമൂലം തുടർപ്രവർത്തനങ്ങൾ നടത്താനാവാതെ പദ്ധതികൾ ഉപേക്ഷിക്കപ്പെടുന്നു. കൂടാതെ ജനങ്ങളുടെയിടയിൽ വേണ്ടരീതിയിൽ ബോധവൽക്കരണം നടത്താതെ ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ ആരംഭിക്കുന്നതിനാൽ, പ്രദേശവാസികളുടെ എതിർപ്പും

നേരിടേണ്ടിവരുന്നു. സാങ്കേതിക പരിജ്ഞാനത്തിന്റെ അഭാവവും ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ നിഷ്ക്രിയമാക്കാൻ കാരണമാവുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിഷ്ക്രിയാവസ്ഥയിലുള്ള ഖരമാലിന്യ സംസ്കരണ പദ്ധതികൾക്ക് ഏതാനും ഉദാഹരണങ്ങൾ ഇനിപ്പറയുന്നു.

തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ഗ്രാമപഞ്ചായത്ത് പോങ്ങനാട് മാർക്കറ്റിൽ 2007-08-ൽ പണി തുടങ്ങിയ ജൈവമാലിന്യ പ്ലാന്റിന്റെ ആദ്യഘട്ടം മാത്രമേ പൂർത്തിയായുള്ളൂ. 5 ലക്ഷം രൂപയാണ് പദ്ധതിയ്ക്ക് ചെലവഴിച്ചത്. ഗ്രാമപഞ്ചായത്തിന്റേതല്ലാത്ത ഫണ്ടുകൾ കൂടി വകയിരുത്തിയാണ് പദ്ധതി തയ്യാറാക്കിയത്. എന്നാലിത് ലഭിക്കാത്തതിനാൽ പണി പൂർത്തിയായ പദ്ധതി നിഷ്ക്രിയമായി കിടക്കുന്നു.

നെയ്യാറ്റിൻകര നഗരസഭാ കേന്ദ്രാവിഷ്കൃത പദ്ധതിയായ UIDSSMT-യിൽനിന്നും 9,72,800 രൂപ ചെലവിട്ട് നിർമ്മിച്ച ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണം 8-1-2013-ൽ പൂർത്തിയായി. എന്നാൽ ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

കൊല്ലം മുനിസിപ്പൽ കോർപ്പറേഷന്റെ കുരീപ്പുഴ മാലിന്യസംസ്കരണ പ്ലാന്റിന്റെ നിർമ്മാണം 2010-11-ൽ ആരംഭിച്ചു. ഇതിനകം 1,54,40,194 രൂപ ചെലവഴിച്ചുകഴിഞ്ഞ പ്ലാന്റിന്റെ പണി ജനകീയ പ്രക്ഷോഭത്താൽ മുടങ്ങിക്കിടക്കുകയാണ്. തുടർപ്രവർത്തനങ്ങൾ അനിശ്ചിതത്വത്തിലാണ്. കോർപ്പറേഷൻ 2008-2009-ൽ 7,88,403 രൂപ ചെലവഴിച്ച് നിർമ്മിച്ച പോളയത്തോട് ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമല്ല. കൂടാതെ, 2009-10-ൽ 34,92,900 രൂപ ചെലവഴിച്ച് നിർമ്മിച്ച മുന്നാംകുറ്റി, തേവള്ളി, ഇരവിപുരം ബയോഗ്യാസ് പ്ലാന്റുകളും പ്രവർത്തനക്ഷമമല്ല.

കൊല്ലം ജില്ലയിലെ കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് ഉഗ്രൻകുന്നിൽ 2002-ൽ സ്ഥാപിച്ച മാലിന്യസംസ്കരണ പ്ലാന്റിന്റെ ഇൻസിനറേറ്റർ തകർന്നുവീണ് പ്രവർത്തനം മുടങ്ങിക്കിടക്കുന്നു. 25 ലക്ഷം രൂപ മുടക്കിയാണിത് സ്ഥാപിച്ചത്.

മലപ്പുറം ജില്ലയിലെ പൊന്മുണ്ടം ഗ്രാമപഞ്ചായത്തിൽ 2008-09-ൽ മാലിന്യശേഖരണത്തിനുള്ള 244 വേസ്റ്റ് ബിന്നുകൾ (12 ലിറ്റർ ശേഷിയുള്ളത്) 1,00,040 രൂപ ചെലവഴിച്ച് വാങ്ങി. എന്നാൽ ഇവ വിതരണം ചെയ്യാതെ പഞ്ചായത്തോഫീസിന്റെ പഴയ കെട്ടിടത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. 2009-10-ലും 380 വേസ്റ്റ് ബിന്നുകൾകൂടി (120 ലിറ്റർ ശേഷിയുള്ളത്) 4,43,458 രൂപ മുടക്കി വാങ്ങി. ഇവയും ഉപയോഗിക്കുകയോ വിതരണം നടത്തുകയോ ചെയ്യാതെ പഞ്ചായത്തോഫീസിന്റെ പഴയ കെട്ടിടത്തിൽ സൂക്ഷിച്ചിരിക്കുകയാണ്.

**ഖരമാലിന്യ പ്ലാന്റിന് സ്ഥലം കണ്ടെത്തും മുൻപ് യന്ത്രം വാങ്ങി - 3 ലക്ഷം രൂപയുടെ പാഴ്ച്ചെലവ്**

മലപ്പുറം ജില്ലയിലെ താഴെക്കാട് ഗ്രാമപഞ്ചായത്ത് 2011-12-ൽ 3 ലക്ഷം രൂപ ചെലവിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംങ് മെഷീൻ വാങ്ങി. എന്നാൽ ഖരമാലിന്യ സംസ്കരണ പ്ലാന്റിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് മുൻപാണ് യന്ത്രം വാങ്ങിയത് . നിലവിൽ യന്ത്രം ഉപയോഗമില്ലാതെ കിടക്കുന്നു.

ബയോഗ്യാസ് പ്ലാന്റുകൾ ശരിയാംവിധം പ്രവർത്തിക്കുവാനും പ്രവർത്തനം തുടർച്ചയായി നിരീക്ഷിക്കുവാനും ശരിയായ അളവിലും രീതിയിലും സമയത്തും മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനും വേണ്ട ജീവനക്കാരെ യഥാസമയം നിയമിച്ചാൽ വിജയകരമാക്കാം. എന്നാൽ, പണി പൂർത്തിയായ ബയോഗ്യാസ് പ്ലാന്റുകളുടെ തുടർ നടത്തിപ്പിന് ജീവനക്കാരെ നിയമിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിരളമാണെന്ന് പരിശോധനയിൽ വ്യക്തമായി.

കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിൽ 2009-10-ൽ, 2,86,110 രൂപ ചെലവഴിച്ച് പണിതീർത്ത ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിലവിൽ ഉപയോഗമില്ലാതെ കാടുപിടിച്ചുകിടക്കുകയാണ്. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ സെൻട്രൽ മാർക്കറ്റിലുള്ള ബയോഗ്യാസ് പ്ലാന്റിന് 2008-09-ൽ 18,70,000 രൂപ ചെലവഴിച്ചു. ഇതുവരെ പണി പൂർത്തീകരിക്കാതെ നിഷ്ക്രിയമായി കിടക്കുന്നു. കോർപ്പറേഷനിൽ 2010-11-ൽ പണി കഴിച്ച ടാഗോർ ഹാൾ ബയോഗ്യാസ് പ്ലാന്റ് (ചെലവ് 9,14,142), മൊഫ്യൂസിൽ ബസ്സ്റ്റാന്റ് ബയോഗ്യാസ് പ്ലാന്റ് (ചെലവ് 9,50,588) എന്നിവയും പ്രവർത്തനമില്ലാതെ നിഷ്ക്രിയങ്ങളാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.1.4)

ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II-ആയി ചേർത്തിരിക്കുന്നു.

**കിളിമാനൂർ ഗ്രാമപഞ്ചായത്ത്**

12. ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കാൻ 5 ലക്ഷം രൂപ അനുവദിച്ചില്ലേ എന്ന് സമിതി ചോദ്യമുന്നയിച്ചതിന് ആയത് അനുവദിച്ചതാണെന്നും പബ്ലിക് മാർക്കറ്റ് സ്ഥിതിചെയ്തിരുന്ന സ്ഥലത്ത് ഇപ്പോൾ പോങ്ങനാട് ഗവൺമെന്റ് ഹൈസ്കൂൾ

പ്രവർത്തിക്കുകയാണെന്നും സ്കൂളിന്റെ പുറകിലായാണ് ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കാൻ ഭാഗികമായി പണി ചെയ്തിട്ടുള്ളതെന്നും സ്കൂൾ ഉള്ളതിനാൽ പണി തുടരാൻ പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്നും കിളിമാനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

13. പ്രസ്തുത പദ്ധതി ആരംഭിക്കുമ്പോൾ ടി സ്ഥലത്ത് സ്കൂൾ ഉണ്ടായിരുന്നില്ലേയെന്നും മാർക്കറ്റ് വേണ്ടെന്ന് തീരുമാനിച്ചതാരാണെന്നും സമിതി ആരാഞ്ഞതിന് നിലവിൽ മാർക്കറ്റ് പ്രവർത്തിക്കുന്നില്ലെന്നും 19-7-2013-ലെ പഞ്ചായത്ത് യോഗത്തിലെ 8-ാം നമ്പർ തീരുമാനമായാണ് സ്കൂളിന് സ്ഥലം അനുവദിച്ചതെന്നും ഗ്രാമീണ മേഖലയിൽ കാർഷികോല്പന്നങ്ങൾ കുറഞ്ഞപ്പോൾ മാർക്കറ്റ് ഇല്ലാതാവുകയായിരുന്നുവെന്നും സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

14. പ്രസ്തുത മാർക്കറ്റിനും പ്ലാന്റിനും അനുവദിച്ച തുക സംബന്ധിച്ച് അടുത്ത നടപടി എന്താണെന്ന് തീരുമാനിക്കാതെ എങ്ങനെയാണ് സ്കൂളിന് സ്ഥലം വിട്ടുകൊടുത്തതെന്നും ആർക്കാണ് പ്രസ്തുത പദ്ധതിയ്ക്കായി ചെലവഴിച്ച 5 ലക്ഷം രൂപയ്ക്ക് ഉത്തരവാദിത്വമെന്നും പഞ്ചായത്തിന്റെ തനത് ഫണ്ട് തികയാതെ വരുമ്പോൾ ജില്ലാ പഞ്ചായത്തിന്റെ വിഹിതം നീക്കിവയ്ക്കാതെ എങ്ങനെ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്നും ഏത് ഏജൻസിയെയാണ് പ്ലാന്റ് സ്ഥാപിക്കാൻ ഏല്പിച്ചതെന്നും സമിതി ആരാഞ്ഞതിന് ബയോടെക് എന്ന സ്ഥാപനത്തെയാണ് പ്രോജക്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഏല്പിച്ചതെന്ന് കിളിമാനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി പറഞ്ഞു.

15. ജില്ലാ പഞ്ചായത്ത് പ്രസ്തുത പ്രോജക്ട് അംഗീകരിച്ചോ എന്നും ബയോടെക് എന്ന സ്ഥാപനത്തിന് കൊടുത്ത തുക തിരിച്ച് ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ യെന്നും, പ്രസ്തുത പദ്ധതിക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചതെങ്ങനെയാണെന്നും ജില്ലാ പഞ്ചായത്ത് പ്ലാൻ അപ്രൂവ് ചെയ്യാതെ എങ്ങനെയാണ് 10 ലക്ഷം രൂപയുടെ ബിൽ ഹാജരാക്കിയതെന്നും പ്രസ്തുത പദ്ധതിയുടെ പണി പൂർത്തീകരിച്ചിട്ടുണ്ടോയെന്നും അന്നത്തെ സെക്രട്ടറി ആരായിരുന്നുവെന്നും സമിതി ആരാഞ്ഞതിന് ജില്ലാ പഞ്ചായത്ത് പ്രോജക്ട് അംഗീകരിച്ചിരുന്നില്ലെന്നും യോടെക്-ന് കൊടുത്ത തുക തിരിച്ചുപിടിയ്ക്കാൻ നടപടിയൊന്നും സ്വീകരിച്ചില്ലെന്നും 10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് കൊടുത്തിട്ടുള്ളതെന്നും പ്രസ്തുത പണി പൂർത്തീകരിച്ചിട്ടില്ലെന്നും അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. സുരേഷ്കുമാർ സർവ്വീസിൽനിന്നും റിട്ടയർ ചെയ്തുവെന്നും കിളിമാനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. സ്കൂളിന് സ്ഥലം അനുവദിക്കുമ്പോൾ മാലിന്യസംസ്കരണ കേന്ദ്രത്തിലേക്ക് വഴിപോലും അനുവദിക്കാത്തത് മാർക്കറ്റ് വേണ്ടെന്നുള്ള തീരുമാനത്തെയാണ് പ്രകടമാക്കുന്നതെന്ന് സമിതി അഭിപ്രായപ്പെട്ടതിന് ജില്ലാ പഞ്ചായത്ത് വിഹിതം ഉറപ്പുവരുത്താതെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്

ചെയർമാനായ ഡി.പി.സി. അംഗീകാരം നൽകിയിരിക്കുന്നതിൽ അപാകതയുണ്ടെന്നും മാർക്കറ്റ് വേണ്ടെന്ന് തീരുമാനിച്ചതിനുശേഷം മാത്രം സ്കൂളിന് സ്ഥലം വിട്ടുകൊടുക്കേണ്ടതായിരുന്നുവെന്നും ഇത് സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തി ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കുകയാണ് വേണ്ടതെന്നും പഞ്ചായത്ത് വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

16. മാലിന്യസംസ്കരണ പ്ലാന്റിന് സ്ഥലം കണ്ടെത്തി അംഗീകാരം വാങ്ങിയതിന് ശേഷം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 5 ലക്ഷം രൂപ ഒരു സ്ഥാപനത്തിന് നൽകുകയും അതേ സ്ഥലം തന്നെ സ്കൂളിന് കൈമാറുകയും ചെയ്തിരിക്കുന്നത് ഒരേ സ്ഥലത്തിന്റെ പേരിൽ രണ്ട് കാര്യങ്ങൾ ചൂണ്ടിക്കാണിക്കുന്ന രീതിയിലുള്ള അസാധാരണ സംഭവമാണെന്നും ഈ വിഷയത്തിന്മേൽ ക്രിമിനൽ നടപടി ഉൾപ്പെടെയുള്ളവയാണ് സ്വീകരിക്കേണ്ടതെന്നും അഭിപ്രായപ്പെട്ട സമിതി, പ്രസ്തുത തുക തിരികെ വാങ്ങണമെന്ന് ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടില്ലേയെന്ന് ചോദ്യമുന്നയിച്ചതിന് പ്രവർത്തന അവലോകന റിപ്പോർട്ടുകളുടെ ഭാഗമായാണ് ഈ പരാമർശം തയ്യാറാക്കിയിട്ടുള്ളതെന്നും ഗവൺമെന്റ് നിർദ്ദേശമനുസരിച്ച് നിഷ്ക്രിയാസ്തിയായി കിടക്കുന്ന തുക കണ്ടെത്തുകയാണ് ഓഡിറ്റ് വകുപ്പ് ചെയ്തിട്ടുള്ളതെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

17. ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തിയ ഒരു കമ്പനിയെ പ്ലാന്റ് നിർമ്മാണം ഏല്പിച്ചതെങ്ങനെയാണെന്നും സ്കൂളിന്റെ പ്രവർത്തനത്തിനുവേണ്ടി വഴി വിട്ടുകൊടുത്തതു കൊണ്ടാണോ പ്ലാന്റിലേക്ക് വഴി വേണ്ടെന്ന് തീരുമാനിച്ചതെന്നും ഗവൺമെന്റിൽനിന്നും അംഗീകാരം വാങ്ങിയിട്ടാണോ മറ്റാവശ്യങ്ങൾക്കായി പ്രോജക്ടിന്റെ സ്ഥലം വിട്ടുകൊടുത്തതെന്നും നിലവിൽ എത്ര രൂപയുടെ നിർമ്മാണ പ്രവൃത്തികളാണ് പൂർത്തിയാക്കിയിട്ടുള്ളതെന്നും നിർമ്മാണം പൂർത്തീകരിക്കാതെ 10 ലക്ഷം രൂപയുടെ ബിൽ ബയോടെക് എങ്ങനെയാണ് ഹാജരാക്കിയതെന്നും സമിതി ആരാഞ്ഞതിന് ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെട്ട കമ്പനിയെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഏല്പിച്ചതിനെക്കുറിച്ച് അറിയില്ലെന്നും സ്കൂളിന്റെ പുറകിലായാണ് പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതെന്നും ഗവൺമെന്റിൽനിന്നും അനുവാദം വാങ്ങാതെയാണ് പ്രസ്തുത പ്രവർത്തനങ്ങൾ നടത്തിയിരിക്കുന്നതെന്നും ബയോഗ്യാസ് പ്ലാന്റിന് വേണ്ടി കുറച്ച് പ്രവൃത്തികൾ ചെയ്തിട്ടുണ്ടെന്നും ആറ് വർഷത്തോളമായ പ്രസ്തുത പ്ലാന്റ് നിലവിൽ പ്രവർത്തനക്ഷമമാണോ എന്ന് അറിയില്ലെന്നും 5 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പ്രസ്തുത സ്ഥലത്ത് നടത്തിയിട്ടുണ്ടെന്നും സെക്രട്ടറി, സമിതിയെ ബോധിപ്പിച്ചു. 10 ലക്ഷം രൂപയുടെ ബിൽ ഹാജരാക്കിയിരിക്കുന്നത് സംബന്ധിച്ച് ഓഡിറ്റിന് എന്താണ് പറയാനുള്ളതെന്നും പണി പൂർത്തിയാക്കിയിരിക്കുന്നതുകൊണ്ടല്ലേ ബിൽ

ഹാജരാക്കിയിരിക്കുന്നതെന്നും സമിതി ചോദ്യമുന്നയിച്ചതിന് പ്രോജക്ടിന്റെ പ്രവർത്തന അവലോകന റിപ്പോർട്ട് നൽകാൻ ഗവൺമെന്റ് ആവശ്യപ്പെട്ടതനുസരിച്ച് പ്രവർത്തന അവലോകനം നടത്തി നിഷ്ക്രിയാസ്തിയായികിടക്കുന്ന തുക കണ്ടെത്തുകയാണ് ഓഡിറ്റ് വകുപ്പ് ചെയ്തതെന്നും 5 ലക്ഷം രൂപ ചെലവഴിച്ചതായി പറയപ്പെടുന്നത് ഗവൺമെന്റ് മറുപടിയാണെന്നും ജോയിന്റ് ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് സമിതിയെ അറിയിച്ചു.

18. പ്ലാന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് തടസ്സങ്ങൾ നേരിടുന്നുവെന്ന് പറയുന്നതിന് പകരം പണി പൂർത്തീകരിച്ചുവെന്നും ബിൽ ഹാജരാക്കിയിരിക്കുന്നുവെന്നുമാണ് പറഞ്ഞിരിക്കുന്നതെന്നും പ്ലാന്റിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഗുരുതരമായ ക്രമക്കേടാണ് നടന്നിട്ടുള്ളതെന്നും ചെലവഴിച്ച തുക, പ്ലാന്റിന്റെ പൂർത്തീകരണം എന്നിവ സംബന്ധിച്ച് പഞ്ചായത്തും ഗവൺമെന്റും പരസ്പരവിരുദ്ധമായ മറുപടിയാണ് നൽകിയിട്ടുള്ളതെന്നും അത്തരത്തിലുള്ള തെറ്റായ റിപ്പോർട്ടുകൾ നൽകിയിരിക്കുന്നത് സമിതിയോട് കാണിച്ച അനാദരവാണെന്നും കുറ്റപ്പെടുത്തിയ സമിതി പ്രസ്തുത വിഷയത്തിൽ ഉത്തരവാദി ആരാണെന്നുള്ളത് സംബന്ധിച്ച് അന്വേഷണം നടത്തി അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കുവാനും ഉത്തരവാദിത്വപ്പെട്ടവരുടെ പേരിൽ നടപടിയെടുത്ത് പണം തിരിച്ച് പിടിയ്ക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുവാനും പ്രസ്തുത നടപടികൾ സമിതിയെ അറിയിക്കണമെന്നും ശിപാർശ ചെയ്തു.

19. നെയ്യാറ്റിൻകര നഗരസഭയിലെ കേന്ദ്രാവിഷ്കൃത പദ്ധതിയായ UIDSSMT-യിൽനിന്നും 11,10,000 രൂപ ചെലവിട്ട് നിർമ്മിച്ച മാലിന്യസംസ്കരണ പ്ലാന്റിന്റെ ഉദ്ഘാടനം 2014-ൽ നടത്തിയെങ്കിലും എത്ര ദിവസമാണ് പ്രസ്തുത പ്ലാന്റ് പ്രവർത്തിച്ചതെന്നും ജലക്ഷാമമുള്ള മാസങ്ങളിൽ സുഗമമായി പ്രവർത്തിച്ചിരുന്ന പ്ലാന്റ് പെട്ടെന്ന് എങ്ങനെയാണ് പ്രവർത്തനരഹിതമായതെന്നും ടി പ്ലാന്റിന്റെ നിർവ്വഹണ ഏജൻസി ഏതാണെന്നും പ്ലാന്റിൽ നിക്ഷേപിച്ചിരുന്ന 6 ലോഡ് ഉണങ്ങിയ ചാണകം മാറ്റി പുതിയത് നിക്ഷേപിക്കണമെന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിരുന്നിട്ടും ആയത് എന്തുകൊണ്ടാണ് ചെയ്യാതിരുന്നതെന്നും പൾവറൈസറിന് എത്ര വർഷത്തെ ഗ്യാരന്റിയാണുള്ളതെന്നും പൾവറൈസർ മാറ്റിസ്ഥാപിക്കാത്തതിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും സമിതി ചോദ്യമുന്നയിച്ചതിന് 8 മാസത്തോളം പ്ലാന്റ് ഭാഗികമായി പ്രവർത്തിപ്പിച്ചിരുന്നെങ്കിലും പൾവറൈസർ കേടായതിനാൽ പ്ലാന്റ് പ്രവർത്തനരഹിതമായെന്നും ഒരു ദിവസം പ്ലാന്റ് പ്രവർത്തിപ്പിക്കാൻ 2000 ലിറ്റർ വെള്ളം ആവശ്യമാണെന്നും മതിയായ അളവിൽ വെള്ളം ലഭിക്കാത്തതിനാലാണ് പ്ലാന്റിന്റെ പ്രവർത്തനം നിർത്തിവയ്ക്കാനുള്ള പ്രധാന കാരണമെന്നും 'ശ്രീ ടെക് ' എന്ന ഏജൻസിയാണ് പ്രസ്തുത പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനം നടത്തിയതെന്നും ചാണകം മാറ്റിയതുകൊണ്ട്

മാത്രം പ്ലാന്റ് പ്രവർത്തനക്ഷമമാകില്ലെന്നും പൾവറൈസർ മാറ്റി സ്ഥാപിക്കുകയും, വൈദ്യുതി കണക്ഷനം, വാട്ടർ കണക്ഷനം പുനഃസ്ഥാപിക്കുകയും ചെയ്താൽ മാത്രമേ പ്ലാന്റ് പ്രവർത്തനക്ഷമമാകുകയുള്ളൂവെന്നും പ്രസ്തുത പൾവറൈസറിന് 3 വർഷത്തെ ഗ്യാരന്റിയുണ്ടെന്നും നഷ്ടപരിഹാരം ഈടാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നും പ്രസ്തുത സ്ഥലത്ത് തന്നെ പുതിയ പ്ലാന്റ് തുടങ്ങുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടെന്നും ടി ഏജൻസി തന്നെയാണ് ആയതിന്റെ നിർമ്മാണ പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നതെന്നും നെയ്യാറ്റിൻകര നഗരസഭാ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

20. പുതിയ പ്ലാന്റ് സ്ഥാപിക്കുന്നതിനാവശ്യമായ തുക എവിടെനിന്നാണ് ലഭിക്കുന്നതെന്നും, ആയതിനായി ഭീമമായ തുക നൽകേണ്ടിവരില്ലേയെന്നും കേടായ പൾവറൈസർ ഗ്യാരന്റി പീരീഡിൽത്തന്നെ പുനഃസ്ഥാപിക്കാൻ കത്ത് നൽകിയിട്ടും യാതൊരു നടപടിയും സ്വീകരിക്കാത്ത പ്രസ്തുത ഏജൻസിയെത്തന്നെ വീണ്ടും പണം നൽകി പ്ലാന്റ് പ്രവർത്തനക്ഷമമാക്കാൻ തീരുമാനിച്ചിരിക്കുകയാണോ എന്നും സമിതി ആരാഞ്ഞതിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ UIDSSMT-യിൽ നിന്നുമാണ് പദ്ധതിത്തുക ലഭിക്കുന്നതെന്നും, നിലവിലുള്ള പ്ലാന്റ് തന്നെയാണ് പ്രവർത്തനക്ഷമമാക്കാൻ ഉദ്ദേശിക്കുന്നതെന്നും ആയതിനായി 2,70,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും അധിക തുക ഏജൻസിയ്ക്ക് നൽകുന്നില്ലെന്നും പൾവറൈസർ കേടായതിന്റെ നഷ്ടപരിഹാരം ഈടാക്കിക്കൊണ്ടുതന്നെ പുനഃപ്രവർത്തനം പൂർത്തീകരിക്കുമെന്നും സെക്രട്ടറി, നെയ്യാറ്റിൻകര നഗരസഭ സമിതിയെ അറിയിച്ചു.

21. മാലിന്യസംസ്കരണ പ്ലാന്റുകളുമായി ബന്ധപ്പെട്ട് ഒരു റിവ്യൂ നടത്തിയപ്പോൾ എല്ലാ പ്ലാന്റുകളും പ്രവർത്തനരഹിതമാണെന്നാണ് മനസ്സിലാക്കാൻ കഴിയുന്നതെന്നും അഡീഷണൽ സെക്രട്ടറി ആന്റ് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചതിനെത്തുടർന്ന് 35 കോടി രൂപയുടെ നിഷ്ക്രിയാസ്തികൾ സംബന്ധിച്ചുള്ള ഓഡിറ്റ് പരാമർശങ്ങളാണ് നിലവിൽ പരിശോധിക്കുന്നതെന്നും ആയതിൽ 40%-ൽ കൂടുതൽ ഖരമാലിന്യ സംസ്കരണത്തിനുവേണ്ടിയാണ് ചെലവഴിച്ചതെന്നും അഭിപ്രായപ്പെട്ട സമിതി ഗ്യാരന്റി പീരീഡിൽ അറ്റകുറ്റപ്പണി നടത്താതിരുന്നതാണ് പ്ലാന്റ് പ്രവർത്തന രഹിതമാകാനുള്ള കാരണമെന്ന് വിലയിരുത്തുകയും പുതിയ പ്ലാന്റ് സ്ഥാപിക്കുമ്പോൾ നഷ്ടമുണ്ടാവുകയില്ലെന്നും പ്രസ്തുത പ്ലാന്റുമൂലമുണ്ടായ നഷ്ടം ഏജൻസിയിൽനിന്നും ഈടാക്കുകയും ചെയ്യുമെന്നാണ് സെക്രട്ടറി, നെയ്യാറ്റിൻകര നഗരസഭ ഉറപ്പുനൽകിയിരിക്കുന്നതെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ഉണ്ടാകുന്ന എല്ലാ വിഷയങ്ങൾക്കും റിട്ടയർ ചെയ്താൽക്കൂടെയും പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ടുണ്ടാകുന്ന എല്ലാ നടപടികൾക്കും ഉത്തരവാദി നിലവിലെ സെക്രട്ടറി തന്നെയായിരിക്കുമെന്നും അഭിപ്രായപ്പെട്ടു.

22. കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിലെ പ്രവർത്തനരഹിതമായ പ്ലാന്റുകളുടെ (ഇരവിപുരം, പോളയത്തോട്, തേവള്ളി, മൂന്നാംകുറ്റി) റിപ്പയറിംഗിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് സമിതി ആരാഞ്ഞതിന് ജ്യോതി ബയോടെക് എന്ന ഏജൻസിയെയാണ് പ്ലാന്റുകളുടെ റിപ്പയറിംഗ് ഏല്പിച്ചതെന്നും പ്ലാന്റുകളുടെ റിപ്പയറിംഗിനായി പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും, പോളയത്തോട് മാലിന്യസംസ്കരണ പ്ലാന്റ് പ്രവർത്തനരഹിതമായതിനെത്തുടർന്ന് 12 ലക്ഷം രൂപ ഈടാക്കാൻ തീരുമാനിക്കുകയും അത് സംബന്ധിച്ച് ഏജൻസിയ്ക്ക് നോട്ടീസ് കൊടുക്കുകയും ചെയ്തെന്നും ആയതിന് പ്രസ്തുത ഏജൻസി ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. കൂടാതെ റിക്കവറി നടപടികളിലേയ്ക്ക് പോയപ്പോൾ ടി ഏജൻസി ഗവൺമെന്റിൽ പരാതികൊടുത്ത് 19-4-2013-ലെ ഉത്തരവ് നം. 11898/എ ബി/9/എൽ.എസ്.ജി.ഡി. പ്രകാരം തൽക്കാലം തുടർനടപടികൾ സ്വീകരിക്കേണ്ട എന്ന വിധത്തിൽ സ്റ്റേ ചെയ്തിരിക്കുകയാണെന്നും, ബഹു. മുഖ്യമന്ത്രിക്ക് നൽകിയ പെറ്റീഷന്റെ അടിസ്ഥാനത്തിലാണ് സ്റ്റേ നടപടി ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നതെന്നും സെക്രട്ടറി, കൊല്ലം കോർപ്പറേഷൻ സമിതിയെ ബോധിപ്പിച്ചു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് സ്റ്റേ ചെയ്താൽ അപ്പീൽ കൊടുത്ത് സ്റ്റേ വെക്കേറ്റ് ചെയ്യേണ്ടതല്ലേ എന്ന് സമിതിയുടെ ചോദ്യത്തിന് സ്റ്റേ ചെയ്തിട്ടുള്ള കാര്യം പഞ്ചായത്ത് നൽകിയ മറുപടിയിൽ പറഞ്ഞിട്ടില്ലെന്നും ഇതുസംബന്ധിച്ച് റിവ്യൂ മീറ്റിംഗ് നടത്തിയിരുന്നെന്നും, സ്റ്റേ ഉണ്ടെന്ന കാര്യം റിപ്പോർട്ടിൽ പറയാതിരുന്നതുകൊണ്ട് പ്രസ്തുത വിഷയം പരിശോധിച്ചില്ലെന്നും ഫയൽ പരിശോധിച്ച് മറുപടി നൽകാമെന്നും അഡീഷണൽ സെക്രട്ടറി ആന്റ് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, LSGD സമിതിയെ ബോധിപ്പിച്ചു.

23. ഇരവിപുരം, പോളയത്തോട്, തേവള്ളി, മൂന്നാംകുറ്റി എന്നീ സ്ഥലങ്ങളിലെ ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണത്തിന് സ്റ്റേ ഇല്ലേ എന്നും അവയുടെ നിലവിലെ സ്ഥിതിയെന്താണെന്നും സമിതി ആരാഞ്ഞതിന് കുരീപ്പുഴ പ്ലാന്റിന്റെ നിർമ്മാണത്തിൽ മാത്രമേ സ്റ്റേയുള്ളുവെന്നും, മറ്റ് 4 പ്ലാന്റുകളും കേടായിക്കിടക്കുന്നത് റിപ്പയർ ചെയ്യാനാണ് 2017-ൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും, പോളയത്തോട് പ്ലാന്റ് നിർമ്മാണത്തിൽ നഷ്ടമുണ്ടാക്കിയതിന്റെ റിക്കവറി നടപടി ബഹു. ഹൈക്കോടതിയിൽ ചലഞ്ച് ചെയ്തിട്ടുണ്ടെന്നും, കുരീപ്പുഴ പ്ലാന്റ് ഗ്രീൻട്രൈബ്യൂണലിന്റെ പരിഗണനയിലാണെന്നും, മറ്റ് പ്ലാന്റുകൾ നന്നാക്കുന്നതിന് ടെണ്ടർ ചെയ്തിട്ടുണ്ടെന്നും സെക്രട്ടറി, കൊല്ലം കോർപ്പറേഷൻ സമിതിയെ ബോധിപ്പിച്ചു.

24. സ്റ്റേ വെക്കേറ്റ് ചെയ്യാനുള്ള നടപടി ത്വരിതപ്പെടുത്തുകയും, ഗ്രീൻ ട്രൈബ്യൂണലിലുള്ള കേസ്സ് തീർപ്പാക്കാൻ കോർപ്പറേഷൻ തുടർ നടപടികൾ

സ്വീകരിക്കേണ്ടതാണെന്നും, ഹൈക്കോടതിയിലുള്ള കേസ് തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നതോടൊപ്പം ഗവൺമെന്റ് റവന്യൂ റിക്കവറി നടപടികൾ സ്റ്റേ ചെയ്യാൻ ഇടയാക്കിയ സാഹചര്യം വ്യക്തമാക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യു.

25. കൊട്ടാരക്കര ഗ്രാമപഞ്ചായത്തിലെ ഉഗ്രൻകുന്നിൽ 2002-ൽ സ്ഥാപിച്ച മാലിന്യ സംസ്കരണ പ്ലാന്റിന്റെ ഇൻസിനറേറ്റർ തകർന്നതുമായി ബന്ധപ്പെട്ട് ഇൻസിനറേറ്റർ ഒരു സ്ഥലത്തും വിജയകരമായി പ്രവർത്തിക്കുന്നില്ലെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നതെന്നും ഇക്കാര്യത്തിൽ പൊതുവായ ശിപാർശ കൊടുക്കണമെന്നും അഭിപ്രായപ്പെട്ട സമിതി 2002-ൽ സ്ഥാപിച്ച ഇൻസിനറേറ്റർ പ്രവർത്തനരഹിതമായത് എപ്പോഴാണെന്നും ടി പ്ലാന്റ് പൂർണ്ണമായി നശിച്ച സ്ഥിതിയ്ക്ക് പുതിയ സംരംഭമായി മാത്രമല്ലേ ഇനിയും ആരംഭിക്കാൻ കഴിയുകയുള്ളൂവെന്നും ആരാഞ്ഞതിന് കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് നിലവിൽ മുനിസിപ്പാലിറ്റിയാണെന്നും പ്രസ്തുത ഇൻസിനറേറ്റർ തകർന്നതുമായി ബന്ധപ്പെട്ട രേഖകളൊന്നും ഫയലിൽ ഇല്ലെന്നും 9,98,080 രൂപ പ്രോജക്ട് തുകയായി ഉൾപ്പെടുത്തി 2014-15-ൽ ഒരു ഷെഡ്ഡിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും 2016-17-ൽ സംസ്ഥാന ശുചിത്വ മിഷന്റെ സഹായത്തോടുകൂടി പ്ലാന്റിന്റെ പ്രവർത്തനം നവീകരിക്കുവാനുള്ള നടപടികൾ പുരോഗമിക്കുകയാണെന്നും 90 ലക്ഷം രൂപയുടെ പ്രോജക്ടായ ഇതിൽ മാലിന്യ പ്ലാന്റിന്റെ ഷെഡ്ഡ് നിർമ്മാണം, എം.ആർ.എഫ്. യൂണിറ്റ്, സിവിൽ കൺസ്ട്രക്ഷൻ വർക്കുകൾ തുടങ്ങിയവയെല്ലാം പൂർത്തീകരിച്ചിട്ടുണ്ടെന്നും സെക്രട്ടറി, കൊട്ടാരക്കര മുനിസിപ്പാലിറ്റി സമിതിയെ ബോധിപ്പിച്ചു.

26. ഒരു മെഷീൻ സ്ഥാപിക്കുമ്പോൾ അതിന് ഗ്യാരന്റി പീരീഡും മെയിന്റനൻസ് കരാറും ഉണ്ടാകില്ലേയെന്നും കരാറിൽ വീഴ്ചയുണ്ടായിട്ടുണ്ടോ എന്നീ കാര്യങ്ങൾ സംബന്ധിച്ച് ഓഡിറ്റ് പരിശോധന നടത്തിയിട്ടുണ്ടോ എന്നും സമിതി ചോദ്യമുന്നയിച്ചതിന് മുനിസിപ്പാലിറ്റിയിൽ ഇൻസിനറേറ്റർ സ്ഥാപിച്ചതുമായി ബന്ധപ്പെട്ടുള്ള രേഖ മാത്രമേയുള്ളൂവെന്ന് ജോയിന്റ് ഡയറക്ടർ, ഓഡിറ്റ് വകുപ്പ് സമിതിയെ അറിയിച്ചു.

27. ഗ്യാരന്റി എത്ര വർഷമായിരുന്നുവെന്നും ഈ കാലയളവിൽ മെഷീൻ പ്രവർത്തിച്ചിരുന്നോ എന്നുമുള്ള കാര്യങ്ങൾ ഓഡിറ്റ് പരിശോധിക്കേണ്ടതായിരുന്നുവെന്നും തകർന്നുവീണ ഇൻസിനറേറ്റർ പ്രവർത്തനക്ഷമമാക്കുന്നതിന് പകരം ശുചിത്വമിഷന്റെ സഹായത്തോടുകൂടി 90 ലക്ഷം രൂപ വകയിരുത്തി മാലിന്യ സംസ്കരണ പ്ലാന്റ് നടപ്പാക്കി വരുന്നുവെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളതെന്നും പ്രസ്തുത പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നും കുറ്റപ്പെടുത്തിയ സമിതി, പ്രസ്തുത പ്ലാന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് 25 ലക്ഷം രൂപ

നിഷ്ക്രിയമായിപ്പോയതായി ഓഡിറ്റ് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഇൻസിനറേറ്റർ തകർന്നുവീണത് സംബന്ധിച്ച് അന്വേഷണം നടത്തിയോ എന്നും തകർന്നുവീഴാനുള്ള കാരണമെന്താണെന്നും, തകർന്നുപോയാൽ മാറ്റിസ്ഥാപിക്കുവാനുള്ള ഉത്തരവാദിത്വം ആർക്കാണെന്നും മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ലാത്തത് എന്തുകൊണ്ടാണ് എന്നും സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് നൽകണമെന്ന് ശിപാർശ ചെയ്യു.

28. ഒരു മെഷീൻ സ്ഥാപിക്കുമ്പോൾ അതിന്റെ വ്യവസ്ഥകളും കരാറുകളും ഉൾപ്പെടെയുള്ള കാര്യങ്ങൾ ശ്രദ്ധിക്കണമെന്നും, ഗ്യാരന്റി പീരിഡ്, എ.എം.സി. തുടങ്ങിയ കാര്യങ്ങൾ കരാറിൽ ഉൾപ്പെടുത്തണമെന്നും ഗ്യാരന്റി പീരീഡിൽ മെഷീന്റെ അറ്റകുറ്റപ്പണി ചെയ്യാത്ത കമ്പനികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു. ഉപഭോക്താവ് എന്ന നിലയിൽ കോമ്പൻസേറ്റ് ചെയ്യാനുള്ള വകുപ്പ് നിയമത്തിലുണ്ടെന്നത് പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

29. പൊൻമുണ്ടം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ഖരമാലിന്യ സംസ്കരണത്തിനായി വേസ്റ്റ് ബിന്നുകൾ വാങ്ങിയതുമായി ബന്ധപ്പെട്ട് ഓഡിറ്റ് തടസ്സം വന്നതുകൊണ്ടാണ് കരാറുകാരന് തുക നൽകാതിരുന്നതെന്നും, തുക നൽകാത്തതുകൊണ്ട് ടിയാൻ ഓംബുഡ്സ്മാനെ സമീപിക്കുകയും തുക നൽകുന്നതിനായി സർക്കാരിൽനിന്നും അനുമതി ലഭ്യമാക്കുവാൻ അപേക്ഷ നൽകുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ടെന്നും തുടർന്ന് വേസ്റ്റ് ബിന്നുകൾ വിതരണം ചെയ്ത കമ്പനിയ്ക്ക് അടിയന്തരമായി തുക നൽകാനും ടി തുക ഭരണസമിതി അംഗങ്ങളിൽനിന്നും ഈടാക്കാനും നടപടിയെടുക്കുവാനാണ് സർക്കാർ നിർദ്ദേശിച്ചതെന്നും ഇതിനെതിരെ പഞ്ചായത്ത് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നും പൊൻമുണ്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

30. പ്രസ്തുത കേസുമായി ബന്ധപ്പെട്ട് ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ സമിതി നിർദ്ദേശിച്ചു.

**താഴെക്കോട് ഗ്രാമപഞ്ചായത്ത്**

31. ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ചും പ്രസ്തുത പ്രോജക്ട് എന്നാണ് നടപ്പിലാക്കിയതെന്നും നിലവിൽ ഖരമാലിന്യം സംസ്കരിക്കുന്നതെങ്ങനെയാണെന്നും സമിതി ആരാഞ്ഞതിന് 2011-12 വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തിയാണ് പ്ലാന്റ് സ്ഥാപിച്ചതെന്നും പ്രദേശവാസികളുടെ എതിർപ്പുമൂലം പ്ലാന്റ് ഉപയോഗ്യശൂന്യമായി തീരുകയും ചെയ്തുവെന്നും നിലവിൽ ഖരമാലിന്യം സംസ്കരണം നടത്തുവാനായി ഏജൻസികൾക്ക് കൈമാറുകയാണ് ചെയ്തുവരുന്നതെന്നും താഴെക്കാട് ഗ്രാമപഞ്ചായത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

32. 3 ലക്ഷം രൂപ ചെലവഴിച്ച് സ്ഥാപിച്ച പ്രസ്തുത പ്ലാന്റ് പ്രവർത്തനക്ഷമമാക്കാൻ സാധിക്കുമോയെന്നത് സംബന്ധിച്ച് പഞ്ചായത്ത് ഭരണ സമിതി ചർച്ച ചെയ്ത് പ്രസ്തുത തീരുമാനം റിപ്പോർട്ടാക്കി സമിതിയ്ക്ക് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

33. കുടരഞ്ഞി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പ്രസ്തുത വിഷയം സംബന്ധിച്ച് സമിതി അഭിപ്രായമാരാഞ്ഞതിന് ടി പഞ്ചായത്തിൽ ഖരമാലിന്യ സംസ്കരണം പ്രവർത്തനക്ഷമമല്ലെന്നും, കുടരഞ്ഞി ഗ്രാമപഞ്ചായത്തിലും സമീപ പ്രദേശങ്ങളിലുമായി നിരവധി പന്നി ഫാമുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ടി ഫാമുകളിലേയ്ക്ക് ആവശ്യമായ ജൈവമാലിന്യങ്ങൾ ഫാമുടമകൾ, കച്ചവട സ്ഥാപനങ്ങൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ നിന്നും സംഭരിക്കുന്നതിനാൽ പ്രസ്തുത പ്ലാന്റിൽ മാലിന്യം നിക്ഷേപിക്കാൻ കഴിയാത്ത അവസ്ഥ സംജാതമാകുകയും പ്ലാന്റ് ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതിയിലാവുകയും ചെയ്തുവെന്ന് കുടരഞ്ഞി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. സെക്രട്ടറിയുടെ മറുപടി സമിതി അംഗീകരിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**34. കിളിമാനൂർ ഗ്രാമപഞ്ചായത്തിൽ ബയോഗ്യാസ് പ്ലാന്റിനും മാർക്കറ്റിനുമായി അനുവദിച്ച സ്ഥലത്ത് മാർക്കറ്റ് വേണ്ടെന്നുവച്ച് സ്കൂൾ പണിയുന്നതിന് അനുമതി നൽകിയ പഞ്ചായത്തിന്റെ തീരുമാനം അസാധാരണമായ സംഭവമാണെന്ന് സമിതി നിരീക്ഷിക്കുന്നു.**

**35. പദ്ധതിക്ക് ചെലവാകുന്ന വിഹിതത്തിന്റെ ലഭ്യത തിട്ടപ്പെടുത്താതെയും പഞ്ചായത്തിന്റെ തനത് ഫണ്ടിന് പുറമേ ജില്ലാ പഞ്ചായത്ത് വിഹിതം ഉറപ്പ് വരുത്താതെയും ബ്ലാക്ക് ലിസ്റ്റിൽപ്പെട്ട ബയോടെക്ക് എന്ന സ്ഥാപനത്തെ പ്ലാന്റ് നിർമ്മാണത്തിന് തെരഞ്ഞെടുത്തതും ജില്ലാ പഞ്ചായത്ത് പ്ലാൻ അപ്രൂവ് ചെയ്യാത്തതും, പണി പൂർത്തീകരിച്ചിട്ടില്ലാത്തതുമായ പദ്ധതിയിന്മേൽ പ്രസ്തുത കമ്പനി പത്ത് ലക്ഷം രൂപയുടെ ബിൽ ഹാജരാക്കിയതിലും ക്രമക്കേട് നടന്നിട്ടുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു.**

**36. പ്ലാന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഗുരുതര ക്രമക്കേടാണ് നടന്നിട്ടുള്ളതെന്നും സമിതി നിരീക്ഷിക്കുന്നു. പ്ലാന്റ് നിർമ്മാണത്തിന്റെ പൂർത്തീകരണം, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച് പഞ്ചായത്തും ഗവൺമെന്റും പരസ്പരവിരുദ്ധമായ മറുപടി നൽകിയതിന് സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ആയതിനാൽ, പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തി ഉത്തരവാദി ആരാണെന്നത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിനും നഷ്ടോത്തരവാദികളായവരുടെമേൽ നടപടി സ്വീകരിച്ച് നഷ്ടത്തുക തിരികെ ഈടാക്കി അവരെ അറിയിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

37. നെയ്യാറ്റിൻകര നഗരസഭയിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ യു.ഐ.ഡി.എസ്.എസ്.എം.ടി. പ്രകാരം നിർമ്മിച്ച ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനരഹിതമായതിന് കാരണം ഗ്യാരന്റി പീരിഡിൽ അറ്റകുറ്റപ്പണി നടത്താതിരുന്നതുകൊണ്ടാണെന്നും നിലവിലുള്ള പ്ലാന്റ് പ്രവർത്തനക്ഷമമാക്കാൻ യു.ഐ.ഡി.എസ്.എസ്.എം.ടി.യിൽനിന്ന് തന്നെ പണം ലഭ്യമാകുമെന്നും അധികം തുക ഏജൻസിക്ക് നൽകേണ്ടതായി വരികയില്ല എന്നും സമിതി മനസ്സിലാക്കുന്നു. ഓഡിറ്റ് പരാമർശത്തിലെ നിഷ്ക്രിയാസ്തികളിൽ 40 ശതമാനത്തോളം ഖരമാലിന്യ സംസ്കരണ പ്ലാന്റുകളെക്കുറിച്ചാണെന്ന് സമിതി നിരീക്ഷിക്കുന്നു. പരാമർശ വിധേയമായ പ്ലാന്റ് പ്രവർത്തനക്ഷമമാക്കുമെന്ന് പഞ്ചായത്ത് സെക്രട്ടറി ഉറപ്പ് നൽകിയിട്ടുള്ളതിനാൽ ആയതിന്മേൽ തുടർനടപടി സ്വീകരിച്ച് താമസംവിനാ റിപ്പോർട്ട് ചെയ്യുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

38. കൊല്ലം മുനിസിപ്പൽ കോർപ്പറേഷന്റെ പരിധിയിലുള്ള കുരീപ്പുഴ പ്ലാന്റിനെ സംബന്ധിച്ച ഗ്രീൻ ട്രൈബ്യൂണലിന്റെ പരിധിയിലുള്ള കേസ് തീർപ്പാക്കാൻ കോർപ്പറേഷൻ തുടർനടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പോളയത്തോട് പ്ലാന്റുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിലുള്ള കേസിന്മേൽ നടപടി സ്വീകരിക്കുന്നതിനും റവന്യൂ റിക്കവറി നടപടികൾ ഗവൺമെന്റ് സ്റ്റേ ചെയ്യുവാനുള്ള സാഹചര്യം വിശദമാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

39. ഇരവിപുരം, പോളയത്തോട്, തേവള്ളി, മൂന്നാംകുറ്റി എന്നിവിടങ്ങളിലെ മാലിന്യസംസ്കരണ പ്ലാന്റുകൾ റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതിന് ടെണ്ടർ നടപടി സ്വീകരിച്ചിട്ടുള്ളതായി സമിതിയോഗത്തിൽ അറിയിച്ചിട്ടുള്ളതിനാൽ പ്രസ്തുത പ്ലാന്റുകളുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

40. കൊട്ടാരക്കര ഗ്രാമപഞ്ചായത്തിലെ ഉഗ്രൻകുന്നിൽ 2002-ൽ സ്ഥാപിച്ച മാലിന്യ സംസ്കരണ പ്ലാന്റിന്റെ ഇൻസിനറേറ്റർ തകർന്നിട്ടും പ്രസ്തുത പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു.

41. പ്രസ്തുത പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 25 ലക്ഷം രൂപ നിഷ്ക്രിയമായി എന്ന ഓഡിറ്റ് വകുപ്പിന്റെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ 2002 വർഷത്തിൽ തകർന്ന ഇൻസിനറേറ്റർ പ്രവർത്തനക്ഷമമാക്കുന്നതിന്

പകരം 2016-17-ൽ 90 ലക്ഷം രൂപ വകയിരുത്തി ഉഗ്രൻകുന്നിൽ മാലിന്യ സംസ്കരണ പ്ലാന്റ് നടപ്പിലാക്കിവരുന്നതായി ഓഡിറ്റ് വകുപ്പിന്റെ മറുപടിയിൽ നിന്ന് സമിതി മനസ്സിലാക്കുന്നു. 2002-ൽ സ്ഥാപിച്ച പ്ലാന്റിന്റെ ഇൻസിനറേറ്റർ തകർന്നതിന്റെ കാരണമെന്താണെന്നും ഇതുസംബന്ധിച്ച അന്വേഷണം നടത്താതിരുന്നതിനെക്കുറിച്ചും തകർന്ന ഇൻസിനറേറ്റർ മാറ്റിസ്ഥാപിക്കുന്നതിനുള്ള ഉത്തരവാദിത്വം ആർക്കാണെന്നും അന്വേഷണം നടത്തി റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുവാൻ ശിപാർശ ചെയ്യുന്നു.

42. ഒരു മെഷീൻ സ്ഥാപിക്കുമ്പോൾ ഗ്യാരന്റി, എ.എം.സി. തുടങ്ങിയ കാര്യങ്ങൾ കരാറിൽ ഉൾപ്പെടുത്തണമെന്നും ഗ്യാരന്റി കാലയളവിൽ മെഷീന്റെ അറ്റകുറ്റപ്പണി നടത്താതിരുന്ന കമ്പനികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

43. പൊൻമുണ്ടം ഗ്രാമപഞ്ചായത്തിൽ ഖരമാലിന്യ സംസ്കരണത്തിനായി വേസ്റ്റ് ബിന്നുകൾ വാങ്ങിയതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് പഞ്ചായത്ത് കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ ഇത് സംബന്ധിച്ച ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

44. മലപ്പുറം ജില്ലയിലെ താഴെക്കാട് ഗ്രാമപഞ്ചായത്തിൽ മൂന്ന് ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ഖരമാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കുമോയെന്നത് പഞ്ചായത്ത് ഭരണസമിതി ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതിനും ആയതിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു.

45. ഖരമാലിന്യത്തിന്റെ കുറവ് കാരണം കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ സംസ്കരണ പ്ലാന്റ് ഉപയോഗപ്രദമാക്കുവാൻ കഴിയാത്ത സ്ഥിതിയാണെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെയും കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ മാർക്കറ്റുകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിലെ ജൈവ മാലിന്യങ്ങൾ ശേഖരിച്ചുവയ്ക്കുന്നതിനും അവ മാലിന്യ സംസ്കരണ പ്ലാന്റിലേയ്ക്ക് ലഭ്യമാക്കി പ്ലാന്റിന്റെ പ്രവർത്തനം സുഗമമായി നടത്തികൊണ്ടുപോകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നുവെന്ന സർക്കാർ മറുപടിയും പരിഗണിച്ച സമിതി പ്രസ്തുത മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ആയതിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**വ്യവസായ കേന്ദ്രങ്ങൾ കെട്ടിടം നിർമ്മാണത്തിൽ മാത്രമൊതുങ്ങുന്നു**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആരംഭിക്കുന്ന വ്യവസായ/തൊഴിൽ സംരംഭങ്ങളിൽ ഏറെയും പരാജയമാവുകയാണ്. തദ്ദേശസ്ഥാപനങ്ങളിൽ നിഷ്ക്രിയാസ്തികളായി മാറിയവയിൽ 12.49 ശതമാനം ചെലവും (10.62 കോടി രൂപ) വ്യവസായ/സ്വയംതൊഴിൽ സംരംഭങ്ങളുമായി ബന്ധപ്പെട്ടവയാണ്. വ്യക്തമായ കാഴ്ചപ്പാടും സാധ്യതാ പഠനവും ഇല്ലാതെയാണ് വ്യവസായ സംരംഭ കേന്ദ്രങ്ങൾ ആരംഭിക്കുന്നത്. തൊഴിൽ സംരംഭങ്ങൾക്ക് യാതൊരു സാധ്യതയുമില്ലാത്ത സ്ഥലങ്ങളിൽ ആരംഭിച്ചിട്ടുള്ള വ്യവസായകേന്ദ്രങ്ങളുമുണ്ട്. നിർമ്മിച്ച കെട്ടിടങ്ങളിൽ തൊഴിൽ സംരംഭങ്ങൾ തുടങ്ങാനുള്ള തുടർനടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈക്കൊള്ളാത്തതാണ് ആസ്തികൾ നിഷ്ക്രിയമാവാൻ പ്രധാനകാരണം. വ്യവസായ/തൊഴിൽ സംരംഭങ്ങൾ നിഷ്ക്രിയാസ്തികളായി മാറിയതിന് ഉദാഹരണങ്ങൾ ഇനിപ്പറയുന്നു.

തിരുവനന്തപുരം ജില്ലയിലെ ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്ത് 1995-96-ൽ 3,00,000 രൂപ ചെലവഴിച്ച് തൊഴിൽ പരിശീലന കേന്ദ്രം നിർമ്മിച്ചു. എന്നാൽ ഇവിടെ ഒരുവിധ പരിശീലനവും നടക്കുന്നില്ല.

**1.24 കോടി രൂപ ചെലവിട്ട് നിർമ്മിച്ച സോഫ്റ്റ്‌വെയർ പാർക്ക് കേടായ ഉപകരണങ്ങൾക്കുള്ള ഗോഡൗണാക്കി മാറ്റി**

സോഫ്റ്റ്‌വെയർ നിർമ്മാതാക്കൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാനും, അതോടൊപ്പം ആധുനിക കമ്പ്യൂട്ടർ പരിശീലന കേന്ദ്രം ആരംഭിക്കുവാനും ലക്ഷ്യമിട്ട് തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ നിർമ്മിച്ച പറവട്ടാനി സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്കിന്റെ നിർമ്മാണചെലവ് 1,24,03,028 രൂപയായിരുന്നു. 1998-99-ൽ ആരംഭിച്ച നിർമ്മാണം 2011-12-ലാണ് പൂർത്തിയായത്. നിലവിൽ ഈ കെട്ടിടം നഗരസഭയുടെ ഉപയോഗശൂന്യമായ വാഹനങ്ങൾ, ഇലക്ട്രിക് കേബിളുകൾ, മറ്റു നിർമ്മാണ സാമഗ്രികൾ എന്നിവ സൂക്ഷിക്കുവാൻ ഉപയോഗിക്കുകയാണ്.

പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ അധികൃതരുടെ ഭാഗത്തുനിന്നുമുണ്ടായ വീഴ്ചയാണ് സംരംഭം പരാജയപ്പെടാനുണ്ടായ പ്രധാന കാരണം. 1999-2000-ൽ പണി പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരുന്ന കെട്ടിടം 2011-12-ലാണ് പൂർത്തിയായത്. കെട്ടിടം പണിയൊഴികെ മറ്റു തുടർപരിപാടികൾ ഒന്നുംതന്നെ കോർപ്പറേഷൻ ആസൂത്രണം ചെയ്യുതുമില്ല. ഇക്കാരണങ്ങളാൽ തന്നെ സോഫ്റ്റ്‌വെയർ ടെക്നോളജിപാർക്ക് വെറുമൊരു കെട്ടിടമായി ചുരുങ്ങുകയും, ഇതിനായി ചെലവഴിച്ച 1.24 കോടിയിലേറെ രൂപ നിഷ്ക്രിയമാവുകയും ചെയ്തിരിക്കുകയാണ്. തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിൽ വിജയകരമായി നടന്നുവരുന്ന ഇൻഫോപാർക്കിന്റെ പ്രവർത്തനമാരംഭിച്ചത് 2009-ൽ മാത്രമാണ്.

തൃശ്ശൂർ ജില്ലയിലെ എസ്.എൻ. പുരം ഗ്രാമപഞ്ചായത്ത് 2004-05 മുതൽ 2010-11 വരെ 17,75,089 രൂപ ചെലവഴിച്ച വേക്കോട് എസ്.സി. വനിതാ വിപണനകേന്ദ്രം തുടർപ്രവർത്തനങ്ങളില്ലാതെ നാശോന്മുഖമായ നിലയിലാണ്. മേലൂർ ഗ്രാമപഞ്ചായത്ത് 2012-13-ൽ 14 ലക്ഷം രൂപ ചെലവഴിച്ച നിർമ്മിച്ച കുവക്കാട്ടുകുന്നിലെ വനിതാവ്യവസായ സംഭരണശാല ഇതുവരെ ഉപയോഗിക്കാത്ത നിലയിലാണ്. വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് 2001-02 മുതൽ 2005-06 വരെ 14,58,846 രൂപ ചെലവിട്ടുനിർമ്മിച്ച നെല്ലിക്കുന്ന് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റും ഉപയോഗമില്ലാതെ കിടക്കുകയാണ്.

മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമപഞ്ചായത്ത് 2007-08-ൽ 4,00,000 രൂപ ചെലവിട്ട വർക്ക്ഷെഡ് ഇതുവരെ നിർമ്മാണം പൂർത്തിയാവാതെ ഉപയോഗശൂന്യമായ നിലയിലാണ്. തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്ത് 2003-04 മുതൽ 2011-12 വരെ 28,52,088 രൂപ ചെലവഴിച്ചു നിർമ്മിച്ച വനിതാവ്യവസായ കേന്ദ്രം ലക്ഷ്യം കൈവരിച്ചില്ല. നിലവിൽ കെട്ടിടം മെറ്റൽ ഇൻഡസ്ട്രീസ് ഏജൻസി എന്ന സ്ഥാപനത്തിന് വാടകയ്ക്ക് നൽകിയിരിക്കുകയാണ്. ഊർങ്ങാട്ടിരി? ഗ്രാമപഞ്ചായത്ത് 2005-06 മുതൽ 2013-14 വരെ 30,45,731 രൂപ ചെലവഴിച്ച് വനിതാവ്യവസായകേന്ദ്രം പദ്ധതി കെട്ടിടനിർമ്മാണത്തിൽ മാത്രമൊതുങ്ങിയിരിക്കുകയാണ്. ഇതുവരെ പ്രവർത്തനസജ്ജമാകാത്ത ഈ കേന്ദ്രത്തിൽ ഏതുതരം വ്യവസായമാണ് ആരംഭിക്കേണ്ടതെന്ന് പ്രോജക്ടിൽ വ്യക്തമാക്കിയിട്ടില്ല.

കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് 1998-99-ൽ പണിപൂർത്തിയാക്കിയ ഇല്ലത്തുംപടി എസ്.സി. വനിതാവ്യവസായ കേന്ദ്രം പ്രവർത്തനമില്ലാതെ കാടുപിടിച്ചുകിടക്കുന്നു. 16,75,010 രൂപയാണ് പദ്ധതിക്ക് ചെലവിട്ടത്. 11,42,908 രൂപ ചെലവിട്ട് 1999-2000-ൽ പൂർത്തിയാക്കിയ പള്ളിക്കൽ വ്യവസായ കേന്ദ്രവും പ്രവർത്തനമില്ലാതെ നാശോന്മുഖമാണ്. നെടിയിരിപ്പ് ഗ്രാമപഞ്ചായത്ത് 2002-03 മുതൽ 2011-12 വരെ പണിതീർത്ത കോട്ടാശ്ശേരി വനിതാവ്യവസായ കേന്ദ്രം (ചെലവ് 8,97,524), 6,17,377 രൂപ ചെലവിൽ പൂർത്തിയാക്കിയ (2000-01 മുതൽ 2007-08 കാലയളവിൽ) മുസ്ളിയാരങ്ങാടി വനിതാവ്യവസായ കേന്ദ്രം എന്നിവയും പ്രവർത്തിക്കുന്നില്ല.

**പൊന്മള ഗ്രാമപഞ്ചായത്തിൽ നിഷ്ക്രിയാസ്തികളായി മാറിയ വ്യവസായ സംരംഭങ്ങൾ ഇനിപ്പറയുന്നവയാണ്:**

| ആസ്തി ആർജിച്ച വർഷം | ആസ്തിയുടെ സ്വഭാവം | ചെലവ് (രൂപ) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1998-99 | വാച്ച് അസംബ്ലിംഗ് യൂണിറ്റ് | 3,40,500 | പ്രവർത്തിപ്പിക്കാതെ ഉപകരണങ്ങൾ പൊടിപിടിച്ച് കിടക്കുന്നു |
| 1999-2000 | ഫാൻ അസംബ്ലിംഗ്/ വാച്ച് അസംബ്ലിംഗ് യൂണിറ്റ് | 4,50,000 | പ്രവർത്തനമില്ലാത്ത നിലയിൽ |
| 2001-02, 2002-03 | വനിതാ പുളി സംസ്കരണ യൂണിറ്റ് | 1,89,131 | യൂണിറ്റ് തുടങ്ങാതെ ഉപകരണങ്ങൾ ഉപയോഗശൂന്യമായ നിലയിൽ |
| 2007-08, 2008-09 | വനിതകൾക്ക് തയ്യൽ പരിശീലനം | 1,62,000 | പരിശീലനം നടക്കുന്നില്ല |
| | | **11,41,631** | |

മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് 2003-04-ൽ 4,90,306 രൂപ ചെലവഴിച്ച് നിർമ്മിച്ച പന്തല്ലൂർ വനിതാവ്യവസായ കേന്ദ്രം പ്രവർത്തനമില്ലാതെ കാടുപിടിച്ച നിലയിലാണ്. 2008-09-ൽ 4,51,378 രൂപ ചെലവഴിച്ച് നിർമ്മിച്ച 'സമൃദ്ധി-വനിതാ വ്യവസായ സ്വയംതൊഴിൽ-ഉൽപ്പാദന വിപണന കേന്ദ്രം' തുറന്നുപ്രവർത്തിക്കുന്നില്ല. വേങ്ങര ബ്ലോക്ക് പഞ്ചായത്ത് 2003-04-ൽ 6,72,173 രൂപ ചെലവിട്ടു നിർമ്മിച്ച വനിതാവ്യവസായ പരിശീലന കേന്ദ്രം, ഇതേ വർഷം തന്നെ 7,07,796 രൂപ ചെലവഴിച്ച വനിതാ-വികലാംഗ കുടുംബശ്രീ വിപണനകേന്ദ്രം എന്നിവയും പ്രവർത്തനമില്ലാത്ത നിലയിലാണ്.

എടരിക്കോട് ഗ്രാമപഞ്ചായത്ത് 2007-08-ൽ 17,23,135 രൂപ ചെലവഴിച്ച് നിർമ്മിച്ച വനിതാവ്യവസായ കേന്ദ്രം നിലവിൽ പി.എച്ച്.സി.യായി പ്രവർത്തിക്കുന്നു.

മമ്പാട് ഗ്രാമപഞ്ചായത്ത് 2006-07-ൽ 2,35,000 രൂപ ചെലവഴിച്ച് പാളപ്ലേറ്റ് നിർമ്മിക്കുവാനുള്ള 10 യന്ത്രങ്ങൾ വാങ്ങി. നിലവിൽ ഇവയിൽ 5 എണ്ണം സ്വകാര്യവ്യക്തിയുടെ ഭവനത്തിൽ സൂക്ഷിച്ചിരിക്കുന്നു. ബാക്കി 5 യന്ത്രങ്ങൾ എവിടെയെന്നും വ്യക്തമല്ല.

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് 1998-ൽ 15.40 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കാടുപിടിച്ച് കിടക്കുന്നു. 2007-08-ൽ 16,52,251 രൂപ ചെലവിട്ട വനിതാവ്യവസായ സംരംഭക പരിശീലന കേന്ദ്രം നിലവിൽ മീറ്റിംഗ് ഹാളായി ഉപയോഗിക്കുന്നു.

**ഗുണഭോക്താക്കളെ കണ്ടെത്താതെ ഉപകരണങ്ങൾ വാങ്ങി; സ്വയംതൊഴിൽ സംരംഭം പരാജയമായി**

**മലപ്പുറം ജില്ലയിലെ നിലമ്പൂർ നഗരസഭയിൽ 2012-ൽ 'എസ്.സി. വനിതാ സ്വയംതൊഴിൽ യൂണിറ്റ് ചപ്പാത്തി, പത്തിരി നിർമ്മാണ മെഷീൻ' എന്ന പദ്ധതി പ്രകാരം 7,75,000 രൂപ ചെലവഴിച്ച് ഉപകരണങ്ങൾ വാങ്ങി ചപ്പാത്തി, പത്തിരി നിർമ്മാണയന്ത്രങ്ങൾ പ്രവർത്തിപ്പിക്കുവാനുള്ള വനിതാ ഗ്രൂപ്പിനെ കണ്ടെത്താതെയാണ് ഉപകരണങ്ങൾ വാങ്ങിയത്. നിലവിൽ ഈ ഉപകരണങ്ങൾ മുമ്മുള്ളിയിലെ വനിതാസ്വയംതൊഴിൽ യൂണിറ്റ് കെട്ടിടത്തിൽ ഉപയോഗമില്ലാതെ കിടക്കുകയാണ്.**

**നിലമ്പൂർ നഗരസഭയിലെ തന്നെ വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം-ലോൺഡ്രി എന്ന പദ്ധതിക്കായി4,50,000 രൂപ ചെലവിട്ട് രണ്ടു വാഷിംഗ് മെഷീനുകൾ, രണ്ട് ഇലക്ട്രിക് അയണുകൾ എന്നിവ വാങ്ങി. കുടുംബശ്രീ സ്വയംതൊഴിൽ ഗ്രൂപ്പ് മുഖേനയാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ചത്. എന്നാൽ ഗുണഭോക്തൃ ഗ്രൂപ്പിനെ തെരഞ്ഞെടുക്കുന്നതിലെയും, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലെയും കാലതാമസം കാരണം ഉപകരണങ്ങൾ ഉപയോഗിക്കാനാവാതെ ജില്ലാ ആശുപത്രി പരിസരത്ത് പൊടിപിടിച്ച് കിടക്കുന്നു.**

കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ കൂട്ടക്കര ഹരിജൻ വ്യവസായകേന്ദ്രം നിർമ്മിച്ച് 17 വർഷങ്ങൾ കഴിഞ്ഞിട്ടും നിഷ്ക്രിയമായി നിലകൊള്ളുന്നു. 1997-98-ൽ 6,84,103 രൂപ ചെലവഴിച്ച് നിർമ്മിച്ച സ്ഥാപനമാണിത്. കോഴിക്കോട് ജില്ലാപഞ്ചായത്ത് 2003-04 മുതൽ വിവിധ വർഷങ്ങളിലായി 45.33 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച പയ്യോളി വനിതാവ്യവസായ എസ്റ്റേറ്റ് പ്രവർത്തിക്കുന്നില്ല. യന്ത്രസാമഗ്രികൾ നാശോന്മുഖമാണ്.

ഉണ്ണികുളം ഗ്രാമപഞ്ചായത്ത് വ്യവസായ എസ്റ്റേറ്റിന് ഭൂമിയും, കെട്ടിടവും എന്ന പദ്ധതിയിൽ 6,53,360 രൂപ ചെലവിൽ 1998-99-ൽ ആരംഭിച്ച കെട്ടിടം പണി പാതിവഴിയിൽ ഉപേക്ഷിച്ച നിലയിലാണ്. നൊച്ചാട് ഗ്രാമപഞ്ചായത്ത് 2006-07-ൽ 4,07,782 രൂപ ചെലവിൽ പണിത വനിതാ ക്യാന്റീൻ കെട്ടിടം ഉപയോഗമില്ലാതെ

ചോരുന്ന നിലയിലാണ്. വാതിലുകളും, ജനാലകളും ചിതൽ പിടിച്ചു. മുക്കം ഗ്രാമപഞ്ചായത്ത് 2009-10-ൽ 28,13,283 രൂപ ചെലവഴിച്ച് നിർമ്മിച്ച തോട്ടത്തിൻ കടവിലെ വനിതാ തൊഴിൽ പരിശീലനകേന്ദ്രം പ്രവർത്തനമില്ലാത്ത നിലയിലാണ്.

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ 2006-07-ൽ നിർമ്മിച്ച നെല്ലിക്കോട് വ്യവസായ എസ്റ്റേറ്റ് നിഷ്ക്രിയ ആസ്തിയായി തുടരുകയാണ്. 84,18,979 രൂപയാണ് ഈ പദ്ധതിക്ക് ചെലവിട്ടത്. 2011-12, 2012-13 വർഷങ്ങളിലായി 16,04,834 രൂപ ചെലവഴിച്ച ഏലത്തൂർ വ്യവസായ എസ്റ്റേറ്റും നിഷ്ക്രിയമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.1.5)

ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

46. ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്തിൽ വനിതാ തൊഴിൽ പരിശീലന കേന്ദ്രത്തിനുള്ള കെട്ടിടം നിർമ്മിച്ച് 20 വർഷം കഴിഞ്ഞിട്ടും പരിശീലനം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാത്തത് സംബന്ധിച്ചും കെട്ടിടത്തിന്റെ നിലവിലെ അവസ്ഥയെക്കുറിച്ചും സമിതി ആരാഞ്ഞതിന് ഓഡിറ്റ് റിപ്പോർട്ട് ഭരണസമിതി ചർച്ച ചെയ്യുകയും, തൊഴിൽ പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് 23-6-2017-ലെ ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ടെന്നും, പ്രസ്തുത കെട്ടിടം ഇപ്പോഴും പ്രവർത്തനക്ഷമമാണെന്നും സെക്രട്ടറി, ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്ത് സമിതിയെ അറിയിച്ചു.

47. തയ്യൽ പരിശീലനം, മെഴുകുതിരി നിർമ്മാണം, കറിപൗഡർ നിർമ്മാണം, കുട നിർമ്മാണം, അച്ചാർ നിർമ്മാണം, കുട്ടികൾക്കുള്ള കളിക്കോപ്പ് നിർമ്മാണം എന്നിവയിൽ തൊഴിൽ പരിശീലനം നൽകുന്നതിനാവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് തുക വകയിരുത്തിയിട്ടില്ലെന്നും തുടർ പ്രവർത്തനത്തിന്റെ ഭാഗമായാണ് ഇത് നടപ്പിലാക്കുന്നതെന്നും സെക്രട്ടറി, ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്ത് സമിതിയെ ബോധിപ്പിച്ചു. പഞ്ചായത്തിന് എന്തെങ്കിലും കാര്യം ചെയ്യണമെങ്കിൽ അത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ബന്ധപ്പെട്ടവർ അംഗീകാരം നൽകേണ്ടതല്ലേയെന്നും കമ്മിറ്റിയെ മനപ്പൂർവ്വം തെറ്റിദ്ധരിപ്പിക്കാൻ വേണ്ടിയാണ് ഇത്തരത്തിൽ മറുപടി നൽകിയതെന്നും കുറ്റപ്പെടുത്തിയ സമിതി, കമ്മിറ്റിയെ തെറ്റിദ്ധരിപ്പിച്ചതിന്

സെക്രട്ടറിയ്ക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുകയും, കെട്ടിടം പ്രവർത്തനക്ഷമമാക്കാനുള്ള പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്യണമെന്ന് നിർദ്ദേശിക്കുകയുണ്ടായെങ്കിലും ഒരു പദ്ധതിയിലും ഉൾക്കൊള്ളിക്കാത്ത ടി പദ്ധതി എങ്ങനെ നടപ്പിലാക്കാൻ കഴിയുമെന്നതിന് മറുപടി പറയേണ്ടത് പഞ്ചായത്ത് സെക്രട്ടറിയല്ല അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ ആണെന്ന് പിന്നീട് സമിതി അഭിപ്രായപ്പെടുകയുണ്ടായി. റിവ്യൂ നടത്തിയതിനുശേഷമാണ് സമിതിയ്ക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളതെന്നും, പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് വെരിഫൈ ചെയ്താണ് ഗവൺമെന്റിന് മറുപടി നൽകേണ്ടതെന്നും പദ്ധതി നടത്തിപ്പിനായുള്ള പ്രോജക്ട് തയ്യാറാക്കി അത് ഭരണസമിതിയുടെ മുന്നിൽ കൊണ്ടുവരണമെന്ന് എപ്പോഴും ഗവൺമെന്റിൽ നിന്ന് നിർദ്ദേശം കൊടുക്കാറുണ്ടെന്നും അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ ബോധിപ്പിക്കുകയുണ്ടായി.

48. പഞ്ചായത്ത് ഇത്തരത്തിൽ മറുപടി നൽകിയെങ്കിലും അത് വെരിഫൈ ചെയ്ത് റിമാർക്സ് രേഖപ്പെടുത്തിയല്ലേ ഗവൺമെന്റ് റിപ്പോർട്ട് സമിതിയ്ക്ക് സമർപ്പിക്കേണ്ടതെന്നും, പഞ്ചായത്ത് ഡയറക്ടർ ഡെസ്പാച്ചിംഗ് അതോറിറ്റി ആണോ എന്നും,

ഉത്തരവാദിത്വബോധത്തോടുകൂടിയല്ലേ കമ്മിറ്റിയിൽ റിപ്പോർട്ട് നൽകേണ്ടതെന്നും കുറ്റപ്പെടുത്തിയ സമിതി പ്രസ്തുത പരാമർശം സംബന്ധിച്ച് ഗവൺമെന്റ് വിശദീകരണം നൽകണമെന്നും ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ നടപടി സ്വീകരിക്കണമെന്ന് പറഞ്ഞത് ഒഴിവാക്കുവാനും നിർദ്ദേശിച്ചു. അതോടൊപ്പം, 3 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം 20 വർഷത്തോളം നിഷ്ക്രിയാസ്തിയായി കിടക്കാനുള്ള കാരണം അന്വേഷിക്കാനും സമിതി നിർദ്ദേശിച്ചു.

49. സോഫ്റ്റ്‌വെയർ നിർമ്മാതാക്കൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാനും അതോടൊപ്പം ആധുനിക കമ്പ്യൂട്ടർ പരിശീലന കേന്ദ്രം ആരംഭിക്കുവാനും ലക്ഷ്യമിട്ട് തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ നിർമ്മിച്ച കെട്ടിടം ഇപ്പോൾ പ്രസ്തുത ആവശ്യത്തിന് ഉപയോഗിക്കുന്നില്ല എന്ന വിഷയവുമായി ബന്ധപ്പെട്ട് നൽകിയിരിക്കുന്ന വിശദീകരണത്തിലൂടെ ഉദ്ദേശിക്കുന്നതെന്താണെന്നും പ്രസ്തുത വിശദീകരണം നൽകാനുണ്ടായ സാഹചര്യം എന്താണെന്നും ഇംപ്ലിമെന്റിംഗ് ഓഫീസറുടെ അനാസ്ഥകൊണ്ടാണ് സോഫ്റ്റ്‌വെയർ സംരംഭങ്ങൾ പ്രവർത്തിക്കാതിരുന്നതെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോയെന്നും അന്വേഷണം നടത്തിയതാരാണെന്നും, അന്വേഷണ റിപ്പോർട്ട് എന്താണെന്നും സമിതി ആരാഞ്ഞതിന്, പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസറായിരുന്നെന്നും, അദ്ദേഹത്തിന്റെ മേൽനോട്ടത്തിലാണ് പറവട്ടാനി സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക്

നിർമ്മിച്ചതെന്നും, തുടർന്ന് ടി പദ്ധതി പ്രായോഗിക തലത്തിൽ നടപ്പിലാക്കാൻ തുടർന്നുവന്ന ഉദ്യോഗസ്ഥർ നടപടികൾ സ്വീകരിച്ചെങ്കിലും പദ്ധതിയ്ക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടില്ലെന്നാണ് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നതെന്നും പ്രസ്തുത അംഗീകാരം ലഭിക്കാത്ത പ്രോജക്ട് നടപ്പാക്കാൻ കഴിയില്ലെന്നും ജോയിന്റ് ഡയറക്ടർ, അർബൻ അഫയേഴ്സ് ഡിപ്പാർട്ട്മെന്റ് സമിതിയെ ബോധിപ്പിച്ചു.

50. പ്രസ്തുത പ്രോജക്ടിന്റെ ഇംപ്ലിമെന്റിംഗ് ഓഫീസർ ആയ ശ്രീ. മുഹമ്മദ് കോയയെ ടി വിഷയത്തിൽ കുറ്റക്കാരനെന്ന് കണ്ടെത്തിയതാരാണെന്നും, ടിയാന് ബാദ്ധ്യതാ രഹിത പത്രം നൽകിയിട്ടില്ലെന്ന് പറയുന്നതിന്റെ അടിസ്ഥാനമെന്താണെന്നും, തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി ഗവൺമെന്റിന് നൽകിയിരിക്കുന്ന പുതുക്കിയ മറുപടിയിൽ എന്താണ് പറഞ്ഞിട്ടുള്ളതെന്നും സമിതി ചോദ്യമുന്നയിച്ചതിന് വ്യവസായ വകുപ്പിലെ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസറെ കുറിച്ചാണ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നതെന്നും, അദ്ദേഹം കുറ്റക്കാരനല്ലെന്നും, കുറ്റാരോപിതനായ ഉദ്യോഗസ്ഥനിൽ നിന്ന് കൺഫെഷൻ സ്റ്റേറ്റ്മെന്റ് വാങ്ങി എന്ന് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളത് ക്ലറിക്കൽ മിസ്റ്റേക്കാണെന്നും, ടിയാൻ കൺഫെഷൻ നടത്തിയിട്ടില്ലെന്നും, ഇതു സംബന്ധിച്ച് പുതുക്കിയ മറുപടി ലഭ്യമാക്കിയിട്ടുണ്ടെന്നും, പ്രസ്തുത മറുപടി പ്രകാരം IT പറവട്ടാനി സോഫ്റ്റ്വെയർ പാർക്കിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും, IT പാർക്കിന്റെ പ്രോജക്ട് കൂടാതെ മറ്റ് 5 യൂണിറ്റുകൾ കൂടി ഉൾപ്പെടുത്തി കൗൺസിൽ അംഗീകാരം കൊടുത്തെങ്കിലും ഗുണഭോക്താക്കളെ കിട്ടാത്തതിനാൽ ഉപേക്ഷിക്കുകയാണുണ്ടായതെന്നും കെട്ടിടം വെറുതെകിടക്കുന്നത് ഓഡിറ്റ് ഒബ്ജക്ഷൻ ആയതിനാൽ കൗൺസിൽ തീരുമാനപ്രകാരം കോർപ്പറേഷൻ ഇലക്ട്രിസിറ്റി വിംഗിന്റെ സ്റ്റോർ റൂമിലെ സാധനങ്ങൾ സൂക്ഷിക്കുന്നതിന് ഉപയോഗിച്ചു വരികയാണെന്നും 2016-17-ൽ വീണ്ടും വ്യവസായ സംരംഭകർക്കായി 24 ലക്ഷം രൂപയുടെ പ്രോജക്ട് ഉണ്ടാക്കിയെങ്കിലും, യോഗ്യതയുള്ള ഗ്രൂപ്പുകൾ ഇല്ലാത്തതിനാൽ പ്രോജക്ട് നടപ്പാക്കാൻ കഴിഞ്ഞിട്ടില്ലെന്ന് ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ അറിയിച്ചിട്ടുള്ളതായും സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ സമിതിയെ അറിയിച്ചു.

51. നിലവിലെ വ്യവസായ ഓഫീസർ തന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ആദ്യ മറുപടി തയ്യാറാക്കിയതെന്നും, ഗവൺമെന്റ് സെക്രട്ടറി തലത്തിൽ മീറ്റിംഗ് കൂടി പുതിയ റിപ്പോർട്ട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് 5-12-2017-ൽ പുതിയ റിപ്പോർട്ട് നൽകിയതെന്ന് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയും റിവ്യൂ മീറ്റിംഗിൽ പഴയ റിപ്പോർട്ട് സമിതിയ്ക്ക് നൽകാൻ പാടില്ല എന്ന് മനസ്സിലാക്കിയതുകൊണ്ടാണ് പുതിയ റിപ്പോർട്ട് തയ്യാറാക്കിയതെന്ന് അഡീഷണൽ സെക്രട്ടറി ആന്റ് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറും സമിതിയെ ബോധിപ്പിക്കുകയുണ്ടായി. ഇതേ തുടർന്ന് തൃശ്ശൂർ കോർപ്പറേഷനിൽ നിന്നും ലഭ്യമായ രണ്ട് റിപ്പോർട്ടുകളും തമ്മിലുള്ള വ്യത്യാസം വായിച്ചുനോക്കാതെ സമിതിയ്ക്ക് ലഭ്യമാക്കിയ തദ്ദേശസ്വയംഭരണ വകുപ്പിന്റെ നടപടിയിൽ

സമിതി അതൃപ്തി രേഖപ്പെടുത്തുകയുണ്ടായി. കൂടാതെ പ്രസ്തുത പ്രോജക്ടിന്റെ ഇംപ്ലിമെന്റിംഗ് ഓഫീസർ ആയ അന്നത്തെ ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ ശ്രീ. മുഹമ്മദ് കോയയെ കുറ്റക്കാരനായി കണ്ടെത്തിയതാര്, അത്തരത്തിൽ കുറ്റക്കാരനായി കണ്ടെത്തുവാനുള്ള അന്വേഷണം നടത്തിയതാര്, ഏതെങ്കിലുമൊരു ബോർഡ് അന്വേഷണത്തിന് തീരുമാനിച്ചിട്ടുണ്ടോ എന്നിവ സംബന്ധിച്ച് ബന്ധപ്പെട്ട സെക്രട്ടറിമാർ, കുറ്റാരോപിതനായ ശ്രീ. മുഹമ്മദ് കോയ, തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി, അന്നത്തെ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ എന്നിവരെ സമിതിയുടെ അടുത്ത തീയതിയിലെ യോഗത്തിൽ തെളിവെടുപ്പിന് വിധേയരാക്കണമെന്നും പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഹാജരാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

52. പ്രസ്തുത യോഗതീരുമാനപ്രകാരമുള്ള തെളിവെടുപ്പിന്റെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു:

53. 1.24 കോടി രൂപ ചെലവിട്ട് നിർമ്മിച്ച തൃശ്ശൂർ മുനിസ്സിപ്പൽ കോർപ്പറേഷന്റെ സോഫ്റ്റ്‌വെയർ പാർക്ക് തൃശ്ശൂർ ഇലക്ട്രിസിറ്റി വിഭാഗത്തിന്റെ കേടായ ഉപകരണങ്ങൾക്കുള്ള ഗോഡൗണാക്കി മാറ്റിയതുമായി ബന്ധപ്പെട്ട് ഐ.ടി. പാർക്ക് നിർമ്മാണ പ്രവൃത്തിയിൽ വ്യവസായ വകുപ്പിന്റെ പങ്കെന്താണെന്ന് സമിതി ആരാഞ്ഞതിന്, കോർപ്പറേഷന്റെ പ്രോജക്ടാണെങ്കിലും ഇംപ്ലിമെന്റ് ചെയ്യുന്നത് വ്യവസായ വകുപ്പാണെന്നും, കെട്ടിടം പണി പൂർത്തീകരിച്ച ശേഷം 56,14,000 രൂപ കോർപ്പറേഷൻ കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി വ്യവസായ വകുപ്പിന് കൈമാറിയിട്ടുണ്ടെന്നും ഇതിൽ 7,43,000 രൂപയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റോ, വൗച്ചറോ, മറ്റ് രേഖകളോ വ്യവസായ വകുപ്പ് കോർപ്പറേഷന് ഹാജരാക്കിയിട്ടില്ലെന്നും ആയതുമായി ബന്ധപ്പെട്ട് വിശദീകരണം ആരാഞ്ഞതിന് അന്നത്തെ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസറായിരുന്ന ശ്രീ. മുഹമ്മദ് കോയയോട് വിശദീകരണം ആരാഞ്ഞതിന് ഫയൽ കണ്ടെത്തി കോർപ്പറേഷന് സമർപ്പിക്കാമെന്നാണ് മറുപടി ലഭിച്ചതെന്നും തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

54. ഐ.ടി. പാർക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് കോർപ്പറേഷൻ നൽകുന്ന തുക ആരുടെ നേതൃത്വത്തിലും ഏത് വിധത്തിലുമാണ് വിനിയോഗിച്ചതെന്നും സമിതി ആരാഞ്ഞതിന്; തൃശ്ശൂർ കോർപ്പറേഷന്റെ ജനകീയാസൂത്രണ പദ്ധതി പ്രകാരം അലോട്ട് ചെയ്യുന്ന തുകയുടെ ഒരു ശതമാനം വ്യവസായ വികസനത്തിനുള്ളതാണെന്നും, പ്രസ്തുത തുക വിനിയോഗിക്കുന്നതിനായി വ്യവസായ വികസന ഓഫീസർ കൺവീനറായും, കോർപ്പറേഷനിലെ ഒരു കൗൺസിലർ ചെയർമാനായും ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുമെന്നും, പ്രസ്തുത കമ്മിറ്റിയുടെ കൺവീനർ ഇംപ്ലിമെന്റിംഗ് ഓഫീസർ (ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ) ആയിരിക്കുമെന്നും, റിട്ടയേർഡ് ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ സമിതിയെ അറിയിക്കുകയുണ്ടായി.

55. പ്രസ്തുത പ്രവൃത്തിയുടെ ബാധ്യത ഒരാളിൽ മാത്രം നിക്ഷിപ്തമായതെങ്ങനെയെന്ന് സമിതി ആരാഞ്ഞതിന് ആയത് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നതാണെന്നും ഇതുമായി ബന്ധപ്പെട്ട് തിരുത്തിയ മറുപടി ഹാജരാക്കിയിട്ടുണ്ടെന്നും അഡീഷണൽ സെക്രട്ടറി ആന്റ് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തദ്ദേശസ്വയംഭരണ വകുപ്പ് മറുപടി നൽകി. കൂടാതെ സമാഹൃത റിപ്പോർട്ടിൽ പരാമർശിച്ച വിഷയത്തിൽ ടി ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർക്ക് ഉത്തരവാദിത്തമില്ലെന്നാണ് കാണുന്നതെന്നും ആയതിനാൽ ഈ ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ബാധ്യതയിൽ നിന്നും ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസറെ ഒഴിവാക്കാമെന്നും ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

56. പ്രസ്തുത കെട്ടിടം നിർമ്മിച്ചതിന് ശേഷം തൃശ്ശൂർ കോർപ്പറേഷൻ വ്യവസായ വകുപ്പിന് കൈമാറിയ (56,14,000 രൂപയുടെ) തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് വാങ്ങിയ ലക്ഷക്കണക്കിന് രൂപയുടെ കമ്പ്യൂട്ടറുകൾ ഉപയോഗശൂന്യമായി മാറിയത് എന്നിവ സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചതിന്, വ്യവസായ വകുപ്പിന് കൈമാറിയ തുകയിൽ 7,43,000 രൂപയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിക്കാനുണ്ടെന്നും തൃശ്ശൂർ കോർപ്പറേഷൻ കറന്റ് ബില്ല് കുടിശ്ശികയിനത്തിൽ 56 കോടി രൂപ ഇലക്ട്രിസിറ്റി വിഭാഗത്തിന് കൊടുക്കാനുണ്ടെന്നും, ആയതിനാൽ കെട്ടിടത്തിന് പ്രതിമാസം 41,934 രൂപയും, കെട്ടിടം സ്ഥിതി ചെയ്യുന്ന ഒരേക്കർ സ്ഥലത്തിന് 12 ലക്ഷം രൂപയും വാടകയിനത്തിൽ നിശ്ചയിച്ച് ഇലക്ട്രിസിറ്റി വിഭാഗത്തിന് കൊടുക്കാനുള്ള തുകയിൽ ക്രമീകരിച്ച് വരുകയാണുണ്ടായതെന്നും 13-11-2017-നാണ് വാടക നിശ്ചയിച്ചതെന്നും തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. ഐ.ടി. പാർക്കിന് വേണ്ടി നിർമ്മിച്ച കെട്ടിടം നിഷ്ക്രിയാസ്തി അല്ല എന്ന് കാണിക്കുന്നതിന് വേണ്ടിയാണ് ഇലക്ട്രിസിറ്റി ബോർഡിന് വാടകയ്ക്ക് നല്കിയതെന്ന് ഓഡിറ്റ് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. കൂടാതെ വ്യവസായ വകുപ്പ് ഗുണഭോക്താക്കളെ സെലക്ട് ചെയ്ത് ആപ്ലിക്കേഷൻ ക്ഷണിക്കുമ്പോൾ കോർപ്പറേഷൻ ഫൈനൽ അപ്രൂവൽ നൽകുകയാണ് ചെയ്യുന്നതെന്നും ആയതിനാൽ ട്രെയിനിംഗ് സെന്റർ ആരംഭിക്കാനോ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനോ കഴിഞ്ഞില്ലെന്നും, തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

57. 56 ലക്ഷത്തോളം രൂപ ചെലവാക്കി വാങ്ങിയ കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും ഉപയോഗിക്കാതെ കൂട്ടിയിട്ടിരിക്കുന്നതിന്റെ ഉത്തരവാദിത്വം ടെക്നിക്കൽ കമ്മിറ്റിയുടെ ചെയർമാനടക്കമുള്ള ഇംപ്ലിമെന്റിംഗ് ഏജൻസിക്കാണെന്നും, ആയതിനാൽ വ്യവസായ വകുപ്പിനെ മാത്രം കുറ്റപ്പെടുത്തിയിട്ട് കാര്യമില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. ബന്ധപ്പെട്ട പ്രോജക്ട് വ്യവസായ വകുപ്പ് കോർപ്പറേഷന് നൽകിയതിന് രേഖകളുണ്ടോ

എന്നും ആരായുകയുണ്ടായി. 2012-13 വർഷത്തിൽ 5 പദ്ധതികൾ നടത്താൻ ലക്ഷ്യമിട്ടെങ്കിലും അംഗീകാരം ലഭിച്ചില്ലെന്നും, 2014-15 വർഷത്തിൽ 6 പദ്ധതികൾ നടത്താൻ ലക്ഷ്യമിട്ടെങ്കിലും ഗുണഭോക്താക്കളെ ലഭിച്ചില്ലെന്നും 75% ത്തിലധികം ബാങ്ക് ലോൺ ആവശ്യമായ ഈ പദ്ധതിയുടെ നടത്തിപ്പിന് ഗ്രൂപ്പിന് മാത്രമേ അർഹതയുള്ളൂവെന്നുമുള്ള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ കർശന നിബന്ധനയുള്ളത് കൊണ്ടാണ് ഗുണഭോക്താക്കളെ ലഭിക്കാത്തതെന്നും ധനസഹായം കിട്ടണമെങ്കിൽ നിബന്ധനകൾ പാലിക്കണമെന്നും പ്രസ്തുത നിബന്ധന ഭേദഗതി ചെയ്യാൻ അപേക്ഷ കൊടുത്തിട്ടുണ്ടെന്നും തീരുമാനം ഇന്നേ വരെ ആയിട്ടില്ലെന്നും ഇപ്പോഴത്തെ സമിതി തീരുമാനപ്രകാരം സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ മെമ്പർ കൂടി അംഗമായ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കാമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിക്ക് ഉറപ്പ് നൽകുകയുണ്ടായി.

58. പ്രസ്തുത പദ്ധതിയ്ക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന്, ഒരു വർഷത്തേയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ഇതിനു വേണ്ടി പണം ലഭ്യമായിട്ടില്ലെന്നും രണ്ട് വർഷത്തിനു ശേഷം വീണ്ടും അപേക്ഷ ക്ഷണിക്കുകയാണുണ്ടായതെന്നും തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി അറിയിക്കുകയുണ്ടായി. കൂടാതെ ഒരു പദ്ധതി നടപ്പിലാക്കുമ്പോൾ ഇംപ്ലിമെന്റിംഗ് ഓഫീസർ കൺവീനറും, ആ മേഖലയുമായി ബന്ധമുള്ള ജനപ്രതിനിധി ചെയർമാനും, കൗൺസിലർമാരും, നാട്ടുകാരും ഉൾപ്പെടെ 15 പേർ ചേർന്ന ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് തയ്യാറാക്കി കൗൺസിൽ യോഗം വികസന സെമിനാറുകൾ നടത്തി ഡി.പി.സി. അംഗീകാരത്തിന് സമർപ്പിക്കുകയും ചെയ്യുമെന്നും ടി കെട്ടിട നിർമ്മാണത്തിന്റെ ആദ്യഘട്ടത്തിൽ ഡി.പി.സി. അംഗീകാരം ഉണ്ടായിരുന്നെന്നും എന്നാൽ തൃശ്ശൂർ കോർപ്പറേഷന്റെ പരിഗണനയില്ലായ്മ മൂലം പ്രസ്തുത കെട്ടിടം നിഷ്ക്രിയമായി തീർന്നെന്നും ജോയിന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് അർബൻ അഫയേഴ്സ് അറിയിച്ചു.

59. 1998-99-ൽ ആരംഭിച്ച ഐ.ടി. പാർക്ക് കെട്ടിട നിർമ്മാണം 2011-12-ൽ പൂർത്തിയാക്കിയതിനാൽ കുറെ ആളുകൾക്ക് തൊഴിൽ ലഭിക്കുന്നതിന് ഒരു യൂണിറ്റ് സ്ഥാപിക്കുക എന്ന ലക്ഷ്യം കൈവരിക്കാനാകാതെ നിഷ്ക്രിയമായി തുടരുകയാണെന്നും സർക്കാർ ഐ.ടി. പാർക്കുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുകയും വ്യക്തികൾക്ക് പദ്ധതി നടത്തിപ്പിന് അവസരം നൽകുകയും ചെയ്യുമ്പോൾ സംരംഭക ഗ്രൂപ്പുകൾക്ക് മാത്രമേ നൽകുകയുള്ളൂവെന്ന കോർപ്പറേഷൻ നിലപാടിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ നിബന്ധനയിൽ മാറ്റം വരുത്തുന്നതിനായി കൗൺസിലിന്റെ പരിഗണനയിൽ വയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും, പ്രസ്തുത കെട്ടിടം കോർപ്പറേഷൻ

വ്യക്തികൾക്ക് നൽകാൻ തയ്യാറായാൽ ധാരാളം സംരംഭകർ പ്രസ്തുത പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കാൻ മുന്നോട്ടുവരുമെന്നും, ആയത് എല്ലാവർക്കും ഗുണകരമായിരിക്കുമെന്നും അഭിപ്രായപ്പെട്ടു. കൂടാതെ, പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സമിതി തൃശ്ശൂർ കോർപ്പറേഷന് നിർദ്ദേശം നൽകിയതിനെ തുടർന്ന് ഇലക്ട്രിസിറ്റി ബോർഡിന് ആൾട്ടർനേറ്റീവ് സംവിധാനം ചെയ്തു കൊടുത്തുകൊണ്ട് ഈ കെട്ടിടത്തിൽ ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിക്ക് ഉറപ്പ് നൽകുകയും ചെയ്തു.

60. ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ 2004-05 മുതൽ 2010-11 വരെ 17,75,089 രൂപ ചെലവഴിച്ച് നിർമ്മിച്ച വേക്കോട് എസ്.സി. സാംസ്കാരിക നിലയവും, എസ്.സി. വനിതാ വിപണന കേന്ദ്രവും തുടർപ്രവർത്തനമില്ലാതെ നാശോന്മുഖമായ രീതിയിലാണുള്ളതെന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സമിതി ചോദ്യമുന്നയിച്ചതിന് ശ്രീനാരായണപുരം പഞ്ചായത്തിലെ രണ്ടാം വാർഡിലുള്ള വേക്കോട് എസ്.സി. സാംസ്കാരിക നിലയത്തിന്റെ ശോച്യാവസ്ഥ പരിഹരിച്ച് 15.09.2015-ൽ പ്രവർത്തനം പുനരാരംഭിച്ചിട്ടുള്ളതായും, പ്രസ്തുത കെട്ടിടത്തിൽ ഗ്രാമസഭകൾ, സമീപത്തുള്ള പട്ടികജാതി കോളനിയിലെ വിവാഹച്ചടങ്ങുകൾ, ഹെൽത്ത് ക്യാമ്പുകൾ എന്നിവ നടത്തിവരുന്നതായും, 25-2-2016-ൽ വനിതാ വിപണന കേന്ദ്രത്തിനായി നിർമ്മിച്ച കെട്ടിടത്തിന്റെ ലേല നടപടികൾ പൂർത്തിയായതായും സെക്രട്ടറി, ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് സമിതിയെ ബോധിപ്പിച്ചു.

61. എസ്.സി. ഫണ്ട് വകമാറ്റി ചെലവഴിച്ചത് സംബന്ധിച്ച് വിശദീകരണം നൽകിയിട്ടില്ലെന്നും, ഫണ്ട് വകമാറ്റി ചെലവഴിക്കുന്നതിന് ഗവൺമെന്റ് അംഗീകാരം വാങ്ങിയിട്ടില്ലെന്നും അഭിപ്രായപ്പെട്ട സമിതി ഗവൺമെന്റിന്റെ അംഗീകാരം വാങ്ങുകയും തൃപ്തികരമായ വിശദീകരണം നൽകുകയും ചെയ്യണമെന്നും നിർദ്ദേശിച്ചു.

62. മേലൂർ ഗ്രാമപഞ്ചായത്തിലെ 2012-13-ൽ 14 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച കൂവക്കാട്ടുകുന്നിലെ വനിതാ വ്യവസായ സംഭരണശാല ഉപയോഗയോഗ്യമല്ലെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 2012-13-ൽ പഞ്ചായത്ത് രണ്ട് ലക്ഷം രൂപ മാത്രമാണ് പ്രസ്തുത കെട്ടിടത്തിനുവേണ്ടി ചെലവഴിച്ചിട്ടുള്ളതെന്നും, ബാക്കി 15 ലക്ഷം രൂപ ചെലവഴിച്ചത് ഗ്രാമപഞ്ചായത്താണെന്നും, പല ഘട്ടങ്ങളിലായിട്ടാണ് തുക അനുവദിച്ച് കിട്ടിയതെന്നും, 2015-16-ൽ പണിപൂർത്തീകരിച്ച പ്രസ്തുത കെട്ടിടത്തിൽ വൈദ്യുതി കണക്ഷനും, വാട്ടർ കണക്ഷനും ലഭ്യമാക്കുന്നതിനായി അപേക്ഷ നൽകിയിട്ടുണ്ടെന്നും, സെക്രട്ടറി, മേലൂർ ഗ്രാമപഞ്ചായത്ത് സമിതിയെ ബോധിപ്പിച്ചു. ആയതിന് പ്രസ്തുത കെട്ടിടം പണിപൂർത്തിയാക്കി അടിയന്തരമായി ഉപയോഗപ്രദമാക്കാൻ സമിതി നിർദ്ദേശിച്ചു.

63. വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിലെ നെല്ലിക്കുന്ന് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഉപയോഗയോഗ്യമല്ലാതായതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചതിന് പ്രസ്തുത കെട്ടിടത്തിന് ആറ് മുറികളാണുള്ളതെന്നും ടി കെട്ടിടം ഒരു കോമ്പൗണ്ടിൽ ആറ് മുറികളായി പ്രത്യേകം നിർമ്മിച്ച നിലയിലാണുള്ളതെന്നും ആയതിൽ 4 മുറികൾ സ്വകാര്യ സംരംഭക വ്യക്തികൾക്ക് വാടകയ്ക്ക് കൊടുത്തിട്ടുണ്ടെന്നും പ്രസ്തുത കെട്ടിടവാടക നഗരസഭയിൽ അടവാക്കുന്നുണ്ടെന്നും ബാക്കി രണ്ട് മുറികൾ വനിതാ സംരംഭക യൂണിറ്റ് പ്രവർത്തിക്കുന്നതിനായി ജില്ലാ പഞ്ചായത്തിന് വിട്ടുകൊടുത്തിട്ടുണ്ടെന്നും, ആയത് നിലവിൽ പ്രവർത്തനരഹിതമാണെന്നും പ്രസ്തുത മുറികൾ ജില്ലാ പഞ്ചായത്തിൽ നിന്ന് വിട്ടുകിട്ടുന്നതിനുള്ള നടപടികൾ അടുത്ത കൗൺസിൽ യോഗത്തിൽ അജണ്ടയായി വച്ച് പ്രൊസീഡ് ചെയ്യുന്നതാണെന്നും, അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് നടപടി സ്വീകരിക്കാമെന്നും വടക്കാഞ്ചേരി മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയ്ക്ക് ഉറപ്പ് നൽകി.

64. കാളികാവ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതായി കാളികാവ് ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കാമെന്ന് സമിതി നിർദ്ദേശിച്ചു.

65. തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്തിലെ നിർദ്ധനരായ വനിതകൾക്ക് വേണ്ടിയുള്ള പ്രസ്തുത പദ്ധതിയെക്കുറിച്ച് സമിതി ആരാഞ്ഞതിന് ആദ്യം വനിതകളായിരുന്നു വ്യവസായ യൂണിറ്റ് നടത്തിയിരുന്നതെന്നും, എന്നാൽ പ്രസ്തുത യൂണിറ്റ് പ്രവർത്തനരഹിതമായതിനെ തുടർന്ന് വ്യവസായ കേന്ദ്രം ഉപയോഗശൂന്യമായി കിടന്നാൽ വരുമാന നഷ്ടമുണ്ടാകുമെന്നതിനാൽ 5 വർഷത്തെ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ വ്യക്തിയ്ക്ക് മെറ്റൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനം നടത്തുന്നതിനായി നൽകിയെന്നും, 5 വർഷം കഴിഞ്ഞപ്പോൾ എഗ്രിമെന്റ് പുതുക്കി നൽകുന്നതിന് ടിയാൻ അപേക്ഷ നൽകിയെങ്കിലും ഓഡിറ്റ് പരാമർശം ഉള്ളതിനാൽ ആയത് നൽകേണ്ടതില്ലെന്ന് പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചെന്നും, വാടക കരാർ ദീർഘിപ്പിച്ച് നൽകുന്നതിന് കരാറുകാരൻ കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നും, അതനുസരിച്ച് ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകിയിരുന്ന വാടക കരാർ കാലാവധി 30-9-2019-ന് അവസാനിക്കുമെന്നും, ഹൈക്കോടതിയുടെ നിർദ്ദേശമനുസരിച്ച് ഒരു വർഷത്തേയ്ക്ക് കൂടി കരാർ പുതുക്കി നൽകാൻ ഭരണസമിതി തീരുമാനമെടുത്തുവെങ്കിലും കരാറുകാരൻ നിരസിച്ചതിനെത്തുടർന്ന് പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരം കരാറുകാരനെ ഒഴിവാക്കുവാൻ നോട്ടീസ് നൽകിയെങ്കിലും ടിയാൻ അതിനെതിരെ ഹൈക്കോടതിയിൽ നിന്നും സ്റ്റേ ഓർഡർ വാങ്ങിയെന്നും തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

66. കരാറുകാരനിൽ നിന്നും വാടക ലഭ്യമാകുന്നില്ലെന്നും, ബൈലോ പ്രകാരമല്ല വനിതാ വ്യവസായ കേന്ദ്രം വാടകയ്ക്ക് നൽകിയിരുന്നതെന്നും സമിതി നിരീക്ഷിക്കുകയും കോടതിയിൽ കേസ് നടത്തി പ്രസ്തുത വാടക ഈടാക്കണമെന്ന് നിർദ്ദേശിക്കുകയും തുടർന്ന് പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാർ തലത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമിതി മുമ്പാകെ ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

67. ഉറവൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

68. കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട വിഷയം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, പേപ്പർ, പാള എന്നിവ ഉപയോഗിച്ച് പ്ലേറ്റ് നിർമ്മിക്കുന്നതിനായി ആരംഭിച്ച ഇല്ലത്തുംപടി എസ്.സി. വനിതാ വ്യവസായ കേന്ദ്രവും, പള്ളിക്കൽ വ്യവസായ കേന്ദ്രവും നിലവിൽ പ്രവർത്തന രഹിതമാണെന്നും, 4 ലക്ഷത്തിലധികം രൂപ ചെലവിൽ വാങ്ങിയ മെഷീൻ വർക്കിംഗ് കണ്ടീഷനിൽ അല്ലെന്നും, ഇല്ലത്തുംപടി എസ്.സി. വനിതാ വ്യവസായ കേന്ദ്രത്തിൽ നിലവിൽ എസ്.സി. ഹരിത കർമ്മസേന പ്രവർത്തിക്കുന്നുണ്ടെന്നും ആയതിൽ 7 പേർ എസ്.സി. വിഭാഗത്തിൽപ്പെട്ടവരും, ബാക്കിയുള്ളവർ ജനറൽ വിഭാഗത്തിലുള്ളവരുമാണെന്നും, കൂടാതെ പള്ളിക്കൽ വ്യവസായ കേന്ദ്രത്തിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരികയാണെന്നും ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ സമിതിയെ അറിയിച്ചു.

69. ജനറൽ വിഭാഗത്തിലെയും, എസ്.സി. വിഭാഗത്തിലെയും ആളുകളെ ഉൾപ്പെടുത്തി എസ്.സി. ഹരിത കർമ്മസേന എന്ന പേരിൽ ഒരു കർമ്മസേന പ്രവർത്തിപ്പിക്കുവാൻ സാധിക്കുകയില്ലെന്ന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ അഭിപ്രായം മുഖവിലയ്ക്കെടുത്ത സമിതി ബ്ലോക്ക് പഞ്ചായത്ത് വിവിധ പഞ്ചായത്തുകളിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ആരംഭിച്ചതിനുശേഷം ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

70. 1998-99 സാമ്പത്തിക വർഷത്തിൽ വാച്ച് അസംബ്ലിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് വനിതാ വ്യവസായ കേന്ദ്രത്തിന് 3,40,500 രൂപയും ഫാൻ അസംബ്ലിംഗ്/വാച്ച് അസംബ്ലിംഗ് യൂണിറ്റിന്റെ കെട്ടിടത്തിനായി 4,50,000 രൂപയും അനുവദിച്ചു എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചതിന് 2016 വരെ ചെറിയ രീതിയിൽ വാച്ച് നിർമ്മാണയൂണിറ്റ് പ്രവർത്തിച്ചിരുന്നുവെന്നും നിലവിൽ സ്വയംതൊഴിൽ സംരംഭകർക്ക് വായ്പ നൽകുന്ന രീതിയിൽ ഒരു വനിതാസഹകരണ സംഘമാണ് അവിടെ

പ്രവർത്തിക്കുന്നതെന്നും പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ സാധൂകരണത്തിനായി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടെന്നും പൊന്മള ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. കോട്ടപ്പുറത്ത് പ്രവർത്തിച്ചിരുന്ന വനിത സഹകരണ സംഘത്തിന് 1999-2000 വർഷത്തിൽ വാച്ച് അസംബ്ലിംഗ് യൂണിറ്റിന് കെട്ടിടം പണിയുന്നതിനായും ചാപ്പനങ്ങാടിയിൽ പുതുതായി ഫാൻ അസംബ്ലിംഗ് യൂണിറ്റ് തുടങ്ങുന്നതിനുമായി 4,50,000 രൂപ അനുവദിച്ചെങ്കിലും പ്രസ്തുത ആവശ്യത്തിലേയ്ക്കായി ടി തുക ഉപയോഗിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു.

71. ആയതിനാൽ, സംഘം സെക്രട്ടറിയിൽ നിന്നും ടി തുകകൾ ഈടാക്കുവാൻ സാധിക്കുമോയെന്ന് പരിശോധിച്ച് സമിതിയെ അറിയിക്കുവാൻ സമിതി നിർദ്ദേശിച്ചു.

72. 2001-02, 2002-03 എന്നീ കാലയളവുകളിൽ വനിത പുളി സംസ്കരണ യൂണിറ്റ്, 2007-08, 2008-09 എന്നീ കാലയളവിൽ വനിതകൾക്ക് തയ്യൽ പരിശീലനം എന്നീ പദ്ധതികൾക്കായി വാങ്ങിയ മെഷീനുകൾ പ്രവർത്തനരഹിതമായതിനാൽ ലേലം ചെയ്ത് വിറ്റഴിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ആയതിന്മേൽ അടിയന്തിര നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് സമിതി നിർദ്ദേശിച്ചു.

73. പന്തല്ലൂർ വനിതാ വ്യവസായ കേന്ദ്രത്തിന്റെ നിലവിലെ സ്ഥിതി സമിതി ആരാഞ്ഞതിന് പ്രസ്തുത വ്യവസായ കേന്ദ്രം 3 വർഷം പ്രവർത്തിച്ചിട്ടുണ്ടായിരുന്നെന്നും, നിലവിൽ പ്രവർത്തന രഹിതമാണെന്നും, ഈ വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് എം.ഡി.എസ്. യൂണിറ്റുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് പ്രസ്തുത യൂണിറ്റ് നടപ്പിലാക്കിയതിനുശേഷം വിവരം അറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

74. സമൃദ്ധി വനിതാ വ്യവസായ സ്വയം തൊഴിൽ -ഉൽപ്പാദന വിപണന പരിശീലനകേന്ദ്രത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഇതര സ്ഥാപനങ്ങളിലെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട പരിശീലനം നൽകാനുദ്ദേശിച്ചുകൊണ്ടാണ് ആരംഭിച്ചതെന്നും എന്നാൽ തൊഴിലധിഷ്ഠിത പരിശീലനം പ്രോത്സാഹിപ്പിക്കേണ്ടതില്ലെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചതിനെതുടർന്ന് പ്രസ്തുത വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

75. വേങ്ങര ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പും, ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

76. എടരിക്കോട് ഗ്രാമപഞ്ചായത്തിലെ 2007-2008 കാലയളവിൽ 17,23,135 രൂപ ചെലവഴിച്ച് നിർമ്മിച്ച വനിതാ വ്യവസായ കേന്ദ്രത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് സമിതി ആരാഞ്ഞതിന് നിലവിൽ പ്രസ്തുത വ്യവസായ കേന്ദ്രത്തിൽ 2 പി.എച്ച്.സി.കൾ പ്രവർത്തിക്കുന്നുണ്ടെന്നും പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നമുറയ്ക്ക് പി.എച്ച്.സി.കൾ വനിതാ വ്യവസായ കേന്ദ്രത്തിൽ നിന്നും മാറ്റി പ്രവർത്തിപ്പിക്കുന്നതാണെന്നും എടരിക്കോട് ഗ്രാമപഞ്ചായത്ത് ഹെഡ് ക്ലാർക്ക് സമിതിയെ അറിയിച്ചു. വനിതകൾക്ക് ഉപയുക്തമാകുന്ന രീതിയിൽ വനിതാ വ്യവസായ കേന്ദ്രത്തെ പ്രവർത്തിപ്പിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

77. മമ്പാട് ഗ്രാമപഞ്ചായത്തിൽ 2006-07 കാലയളവിൽ 2,35,000 രൂപ ചെലവഴിച്ച് പാളപ്ലേറ്റ് നിർമ്മിക്കുന്നതിനായുള്ള യന്ത്രങ്ങൾ വാങ്ങി പ്രവർത്തനം ആരംഭിച്ച യൂണിറ്റിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ രണ്ട് വർഷത്തോളം യൂണിറ്റിന്റെ പ്രവർത്തനം നല്ല രീതിയിൽ നടന്നതായും എന്നാൽ അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും, വിപണി മാന്ദ്യവും കാരണം നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനം നിലച്ചതായും, പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിൽ സൂക്ഷിച്ചിരിക്കുന്ന പ്രസ്തുത യന്ത്രങ്ങൾ പഞ്ചായത്ത് ഭരണസമിതി ലേലം ചെയ്ത് ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ഉദ്യോഗസ്ഥൻ മമ്പാട് ഗ്രാമപഞ്ചായത്ത് സമിതിയെ അറിയിച്ചു. പ്രസ്തുത യന്ത്രങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിനുള്ള നടപടി സ്വീകരിച്ച് അറിയിക്കുവാനുള്ള സമിതി നിർദ്ദേശത്തെ തുടർന്ന് ആയത് അറിയിക്കാമെന്ന് ടിയാൻ സമിതിയെ അറിയിച്ചു. ടി മറുപടി സമിതി അംഗീകരിച്ചു.

78. നിലമ്പൂർ നഗരസഭയുമായി ബന്ധപ്പെട്ട ഗുണഭോക്താക്കളെ കണ്ടെത്താതെ ഉപകരണങ്ങൾ വാങ്ങി; സ്വയം തൊഴിൽ സംരംഭം പരാജയമായി എന്ന പരാമർശത്തിൽ ഉൾപ്പെട്ട യൂണിറ്റുകളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ' എസ്.സി. വനിതാ സ്വയംതൊഴിൽ യൂണിറ്റ് ചപ്പാത്തി, പത്തിരി നിർമ്മാണ മെഷീൻ' എന്ന പദ്ധതിയ്ക്കായി 7,75,000 രൂപയുടെ ഉപകരണങ്ങളും 'വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം - ലോൺട്രി'- എന്ന പദ്ധതിക്കായി 4,50,000 രൂപ ചെലവിൽ രണ്ട് വാഷിംഗ് മെഷീൻ, രണ്ട് ഇലക്ട്രിക് അയൺ എന്നിവയും വാങ്ങിയെങ്കിലും പദ്ധതി ആരംഭിക്കുവാൻ കഴിയാത്തതിനാൽ കാലപ്പഴക്കം കൊണ്ട് യന്ത്രഭാഗങ്ങൾ നശിച്ചതായും, പല യന്ത്രഭാഗങ്ങളും മോഷണം പോയതായും മനസ്സിലാക്കിയതിനെ തുടർന്ന് പോലീസിൽ പരാതിപ്പെട്ടതായും നിലമ്പൂർ നഗരസഭാ സെക്രട്ടറി, സമിതിയെ അറിയിച്ചു.

79. ഒരു പദ്ധതി ആരംഭിക്കുമ്പോൾ ചെയ്യേണ്ട പ്രാഥമികമായ കാര്യങ്ങൾ ചെയ്യാത്തതിനാലാണ് പദ്ധതി പരാജയപ്പെടാൻ ഇടയായതെന്നും പ്രസ്തുത പദ്ധതി പ്രകാരം വനിതാ ഫണ്ട് വിനിയോഗിക്കാൻ വേണ്ടി മാത്രം ചെയ്തതാണെന്നും കുറ്റപ്പെടുത്തിയ

സമിതി, പോലീസ് മോഷ്ടാക്കളെ കണ്ടുപിടിക്കാൻ കഴിയുമായിരുന്നിട്ടും ആയത് 3 വർഷമായിട്ടും ചെയ്യാതിരുന്നത് പോലീസിന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയായി വിലയിരുത്തുകയും, പ്രസ്തുത വിഷയം സംബന്ധിച്ച് ആഭ്യന്തരവകുപ്പിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

80. ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിക്കുന്ന സൂപ്പർ എം.ആർ.എഫ്. യൂണിറ്റ് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ കുരാച്ചുണ്ടിലുള്ള വ്യവസായ എസ്റ്റേറ്റിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗിനുവേണ്ടി ആരംഭിച്ച ഒരു യൂണിറ്റാണ് എം.ആർ.എഫ്. യൂണിറ്റ് എന്നും ആയത് പ്രവർത്തനമാരംഭിച്ചെങ്കിലും പ്രാദേശിക പ്രതിഷേധങ്ങൾ കാരണം പ്രവർത്തനം നിർത്തിവയ്ക്കേണ്ടി വന്നുവെന്നും ടി വിഷയത്തിൽ ജനപ്രതിനിധികളുമായി ചർച്ചകൾ നടത്തിയെങ്കിലും പ്രവർത്തനം ആരംഭിക്കാൻ സാധിച്ചില്ലായെന്നും ഇതേ തുടർന്ന് അതൊഴിച്ചുള്ള സ്ഥലം ചെറുകിട കച്ചവടക്കാർക്ക് ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിന് വ്യവസായ ഓഫീസറെ ചുമതലപ്പെടുത്തിയിരിക്കുകയാണെന്നും ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടി തദ്ദേശസ്വയംഭരണ വകുപ്പിന് റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും ജില്ലാകളക്ടറുടെ നേതൃത്വത്തിൽ വീണ്ടും ജനങ്ങളുമായി ഒരു ചർച്ച നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

81. പ്രസ്തുത മാലിന്യ സംസ്കരണ യൂണിറ്റ് സംബന്ധിച്ച് ജനങ്ങളുമായി ചർച്ചകൾ നടത്തി പ്രവർത്തനം ആരംഭിക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

82. ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ 2007-08-ൽ നിർമ്മിച്ച വനിതാ വ്യവസായ സംരംഭക പരിശീലന കേന്ദ്രം രണ്ട് നിലകളായി പുതുക്കി പണിത് നിർദ്ദിഷ്ട ആവശ്യത്തിനായി ഉപയോഗിച്ച് വരുന്നുണ്ടെന്ന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്തു.

83. കൂടരഞ്ഞി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചതിന് 6,84,103 രൂപ ചെലവഴിച്ച് നിർമ്മിച്ച കൂട്ടക്കര ഹരിജൻ വ്യവസായ കേന്ദ്രത്തിൽ സ്വയം സഹായ സംഘം രൂപീകരിച്ച് ഹോളോബ്രിക്സ് യൂണിറ്റ് ഉണ്ടാക്കാൻ തീരുമാനിക്കുകയും, കെട്ടിടത്തിന് 24,000 രൂപ നിരക്കിൽ വാർഷിക വാടക നിശ്ചയിച്ചിരുന്നുവെന്നും, ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റ് പ്രവർത്തന

രഹിതമായതിനെ തുടർന്ന് അവിടെ ചെരിപ്പ് നിർമ്മാണ യൂണിറ്റ് ആരംഭിച്ചെങ്കിലും അത് പ്രായോഗികമല്ലാത്തതിനാൽ ഉപേക്ഷിച്ചുവെന്നും, നിലവിൽ പട്ടികജാതി വകുപ്പിന്റെയും, വ്യവസായ വകുപ്പിന്റെയും ധനസഹായത്തോടുകൂടി പുതുതായി ഒരു റെഡിമെയ്ഡ് യൂണിറ്റ് തുടങ്ങാനുള്ള പ്രൊപ്പോസൽ പഞ്ചായത്ത് അംഗീകരിച്ചിട്ടുണ്ടെന്നും, അതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം വേഗത്തിലാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

84. പയ്യോളി നഗരസഭയിലെ വനിതാ വ്യവസായ എസ്റ്റേറ്റിൽ ഏതെങ്കിലും യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടോയെന്ന സമിതി ചോദ്യത്തിന് ബസ് സ്റ്റാന്റിൽ പ്രവർത്തിച്ചിരുന്ന ഫാഷൻ ഡിസൈനിംഗ് യൂണിറ്റ് വനിതാ വ്യവസായ കേന്ദ്രത്തിലേയ്ക്ക് മാറ്റാൻ തീരുമാനിച്ചിട്ടുണ്ടെന്നും, നിലവിൽ തറി നെയ്ത്ത് യൂണിറ്റും ഫുഡ് ന്യൂട്രീഷന്റെ യൂണിറ്റും പ്രവർത്തിക്കുന്നുണ്ടെന്നും 12 മുറികളുള്ള കെട്ടിടമാണ് ഇതെന്നും, വ്യവസായ കേന്ദ്രത്തിലെ വയറിംഗ് ജോലികൾ പൂർത്തീകരിക്കുകയും വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും പയ്യോളി മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു.

85. വനിതാ വ്യവസായ കേന്ദ്രത്തിൽ ഒഴിഞ്ഞുകിടക്കുന്ന മുറികളിൽ കൂടി യൂണിറ്റ് തുടങ്ങാനുള്ള നടപടികൾ വേഗത്തിലാക്കി സമിതിയെ അറിയിക്കുവാൻ സമിതി നിർദ്ദേശിച്ചു.

86. ഉണ്ണിക്കുളം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചതിന് വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായി 1998-99-ൽ 4,22,000 രൂപ ചെലവഴിച്ച് ഒരേക്കർ സ്ഥലം വാങ്ങിയതായും 1999-2000-ൽ 5 ലക്ഷം രൂപ വകയിരുത്തി പദ്ധതി രൂപീകരിച്ചതായും, 1999-ലെ പി.ഡബ്ല്യു.ഡി. നിരക്കിൽ 4,54,446 രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം ഗുണഭോക്തൃ കമ്മിറ്റി കൺവീനർ പ്രവൃത്തികൾ ഏറ്റെടുത്തെങ്കിലും പണി മുടങ്ങിപ്പോയെന്നും നിലവിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2,93,345 രൂപയുടെ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടെന്നും, വ്യവസായ എസ്റ്റേറ്റ് പദ്ധതി ഉപേക്ഷിച്ച നിലയിലാണെന്നും നിലവിൽ പ്രസ്തുത സ്ഥലം പഞ്ചായത്ത് കളി സ്ഥലമായി ഉപയോഗിച്ച് വരികയാണെന്നും, പഞ്ചായത്തിൽ കളിസ്ഥലമില്ലാത്തതിനാൽ പ്രസ്തുത സ്ഥലത്ത് ഒരു സ്റ്റേഡിയം നിർമ്മിക്കാനാണ് പഞ്ചായത്ത് തീരുമാനിച്ചിട്ടുള്ളതെന്നും ഉണ്ണിക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

87. പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച രണ്ട് ലക്ഷം രൂപയുടെ ഉത്തരവാദിത്വം ആർക്കാണെന്ന സമിതി ചോദ്യത്തിന് പ്രസ്തുത തുക കൺവീനറിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചതിനെ തുടർന്ന് സെക്രട്ടറിയുടെ മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

88. നൊച്ചാട് ഗ്രാമപഞ്ചായത്തിലെ വനിതാ ക്യാന്റീൻ പ്രവർത്തനക്ഷമമാണോ എന്ന സമിതി ചോദ്യത്തിന് ക്യാന്റീൻ നിലവിൽ പ്രവർത്തനരഹിതമാണെന്നും, കെട്ടിടം നവീകരിച്ച് കുടുംബശ്രീയുടെ കീഴിലുള്ള സ്നേഹ ഫുഡ് പ്രോഡക്ട്സിന്റെ പ്രവർത്തനത്തിനായി വാടകയ്ക്ക് നൽകിയിരിക്കുകയാണെന്നും സെക്രട്ടറി നൊച്ചാട് ഗ്രാമപഞ്ചായത്ത് സമിതിയെ ബോധിപ്പിച്ചു.

89. പ്രസ്തുത കെട്ടിടം പ്രവർത്തനക്ഷമമായതിനാൽ ഓഡിറ്റ് പരാമർശത്തിന്മേലുള്ള നടപടി അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

90. മുക്കം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചതിന് മുക്കത്തിനടുത്തുള്ള തോട്ടത്തിൽകടവ് എന്ന പ്രദേശത്താണ് വനിതാ വ്യവസായ വികസന കേന്ദ്രം സ്ഥാപിച്ചതെന്നും വനിതകൾക്ക് പരിശീലനം നൽകുന്നതിനുവേണ്ടി സ്ഥാപിച്ച കേന്ദ്രത്തിൽ പരിശീലനം നടക്കാത്തത് സംബന്ധിച്ചാണ് ഓഡിറ്റ് പരാമർശമെന്നും, എന്നാൽ ടി കേന്ദ്രം പഞ്ചായത്തിന്റെയും നഗരസഭയുടെയും ആഭിമുഖ്യത്തിൽ ദേശീയ നഗര ഉപജീവന മിഷന്റെ ഭാഗമായുള്ള നൈപുണ്യ പരിശീലന കേന്ദ്രമാക്കി മാറ്റുകയും അവിടെനിന്ന് എ.സി. മെക്കാനിക്കൽ കോഴ്സിനുള്ള ആദ്യ ബാച്ച് പരിശീലനം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ടെന്നും, അതിൽ 8 പേർക്ക് വിവിധ കമ്പനികളിൽ ജോലി ലഭിക്കുകയും ചെയ്തിട്ടുണ്ടെന്നും മുക്കം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ പരിശീലന പരിപാടി സംബന്ധിച്ച നിലവിലെ സ്ഥിതി ഓഡിറ്റ് വഴി റിപ്പോർട്ട് ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

**കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ**

91. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പും, ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**92. ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്തിലെ പരാമർശവിധേയമായ കെട്ടിടം നിലവിൽ പ്രവർത്തനക്ഷമമാണെന്ന് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയെങ്കിലും പ്രവർത്തനത്തിന് ആവശ്യമായ തുക വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തുക വകയിരുത്തിയിട്ടില്ലായിരുന്നു എന്നും സമിതി മനസ്സിലാക്കുന്നു. സമിതിയെ തെറ്റിദ്ധരിപ്പിക്കാൻ ഇത്തരത്തിൽ മറുപടി നൽകിയതിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി പഞ്ചായത്ത് നൽകുന്ന മറുപടി വെരിഫൈ ചെയ്യാതെയും റിമാർക്സ് രേഖപ്പെടുത്താതെയും സമിതിക്ക് സമർപ്പിക്കുന്നത് ആവർത്തിക്കരുതെന്ന് നിർദ്ദേശിക്കുന്നു. പ്രസ്തുത പരാമർശം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് സമിതി വകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്യുന്നു.**

93. മൂന്ന് ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച തൊഴിൽ പരിശീലന കേന്ദ്രത്തിനുള്ള പ്രസ്തുത കെട്ടിടം 20 വർഷത്തോളം നിഷ്ക്രിയമായി കിടന്ന കാരണം അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും സമിതി നിർദ്ദേശിക്കുന്നു.

94. തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷനിൽ 1998-99-ൽ ആരംഭിച്ച ഐ.ടി. പാർക്ക് കെട്ടിട നിർമ്മാണം 2011-12-ൽ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും നിലവിലും പ്രസ്തുത കെട്ടിടം നിഷ്ക്രിയമായി തുടരുകയാണെന്നും 56 ലക്ഷം രൂപയോളം ചെലവഴിച്ച് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടും അവ ഉപയോഗശൂന്യമായി കൂട്ടിയിട്ടിരിക്കുന്നതിന്റെ ഉത്തരവാദിത്തം ടെക്നിക്കൽ കമ്മിറ്റി ചെയർമാൻ അടക്കമുള്ള ഇംപ്ലിമെന്റിംഗ് ഏജൻസിക്കാണെന്ന് സമിതി വിലയിരുത്തുന്നു.

95. സർക്കാർ ഐ.ടി. പാർക്കുകൾക്കായി അടിസ്ഥാന സൗകര്യങ്ങളും വ്യക്തികൾക്ക് പദ്ധതി നടത്തിപ്പിനായി അവസരം നൽകുകയും ചെയ്യുമ്പോൾ സംരംഭക ഗ്രൂപ്പിന് മാത്രമേ അനുമതി നൽകുകയുള്ളൂ എന്ന കോർപ്പറേഷന്റെ നിലപാടിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. 2012-13, 2014-15 വർഷങ്ങളിൽ നടത്താൻ ലക്ഷ്യമിട്ടിരുന്ന പദ്ധതികൾ ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ പരാജയപ്പെട്ടതായി സമിതി മനസ്സിലാക്കുന്നു. 75%ത്തിലധികം ബാങ്ക്ലോൺ ഉള്ളതിനാൽ പദ്ധതിയുടെ നടത്തിപ്പിനായി സംരംഭക ഗ്രൂപ്പിന് മാത്രമേ അർഹതയുള്ളൂ എന്ന് നിബന്ധനയുള്ളതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഐ.ടി. പാർക്കുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കണമെന്നും അതോടൊപ്പം പ്രസ്തുത കെട്ടിടം കോർപ്പറേഷൻ വ്യക്തികൾക്കായി നൽകണമെന്നും അതിനായി സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ നിബന്ധനയിൽ മാറ്റം വരുത്തുന്നതിനായി തുടർനടപടി സ്വീകരിക്കണമെന്നുമുള്ള സമിതി നിർദ്ദേശത്തെ തുടർന്ന് പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കി ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിക്ക് നൽകിയ ഉറപ്പ് നടപ്പിലാക്കിയത് സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.

96. ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് എസ്.സി. ഫണ്ട് വകമാറ്റി ചെലവഴിച്ചത് സംബന്ധിച്ച് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കുന്നതിനും ഫണ്ട് വകമാറ്റി ചെലവഴിച്ചത് സംബന്ധിച്ച് സർക്കാർ അംഗീകാരം വാങ്ങി ആയതിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

97. മേലൂർ ഗ്രാമപഞ്ചായത്തിലെ കുവക്കാട്ടുകുന്നിൽ നിർമ്മിച്ച വനിതാ വ്യവസായ സംഭരണശാലയുടെ പണി അടിയന്തരമായി പൂർത്തിയാക്കുന്നതിനും പ്രസ്തുത കെട്ടിടം ഉപയോഗപ്രദമാക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു.

98. നെല്ലിക്കുന്ന് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ ആറ് മുറികളിൽ, ജില്ലാ പഞ്ചായത്തിന് വിട്ടു നൽകിയ രണ്ട് മുറികൾ തിരികെ ലഭ്യമാക്കി അറ്റകുറ്റപ്പണികൾ നടത്താമെന്ന വടക്കാഞ്ചേരി മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ ഉറപ്പിന്മേൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

99. കാളികാവ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിൽ ഈ വിഷയം സംബന്ധിച്ച ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

100. തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്തിൽ വനിതാ വ്യവസായ കേന്ദ്രം സ്വകാര്യ വ്യക്തിക്ക് വാടകയ്ക്ക് നൽകിയത് ബൈലോ പ്രകാരമല്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ കുടിശ്ശികയുള്ള വാടകതുക തിരികെ ഈടാക്കുന്നതിന് നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. അതോടൊപ്പം പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാർ തലത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുവാനും സമിതി നിർദ്ദേശിക്കുന്നു.

101. തുറവൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പും സംസ്ഥാന ഓഡിറ്റ് വകുപ്പും നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

102. ജനറൽ വിഭാഗത്തിലെയും എസ്.സി. വിഭാഗത്തിലെയും ആളുകളെ ഉൾപ്പെടുത്തി ഹരിത കർമ്മസേന എന്ന പേരിൽ ഒരു കർമ്മസേന രൂപീകരിക്കാൻ കഴിയില്ലെന്ന ഓഡിറ്റ് വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിലെ ഇല്ലത്തുംപടി വ്യവസായ കേന്ദ്രത്തിൽ പ്രസ്തുത വിഭാഗങ്ങളിലെ ആൾക്കാരെ അംഗങ്ങളാക്കി ഒരു കർമ്മസേന രൂപീകരിക്കാനിടയായത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

103. പൊൻമള ഗ്രാമപഞ്ചായത്തിൽ വനിതാ വ്യവസായ കേന്ദ്രത്തിന് വാച്ച് അസംബ്ലിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി അർഹതയില്ലാതെ 3,40,500 രൂപ അനുവദിച്ച എന്നുള്ള ഓഡിറ്റ് പരാമർശത്തിന്മേൽ കോട്ടപ്പുറത്ത് പ്രവർത്തിച്ചിരുന്ന വനിതാ സഹകരണ സംഘത്തിന് വാച്ച് അസംബ്ലിംഗ് യൂണിറ്റ് കെട്ടിടം പണിയുന്നതിനായും ചാപ്പനങ്ങാടിയിൽ ഫാൻ അസംബ്ലിംഗ് യൂണിറ്റ് പുതുതായി തുടങ്ങുന്നതിനുമായി അനുവദിച്ച തുക പ്രസ്തുത ആവശ്യത്തിലേയ്ക്ക് ഉപയോഗിച്ചിട്ടില്ലെന്ന പരാമർശത്തിന്മേലും ഓഡിറ്റ് തടസ്സപ്പെടുത്തിയ തുക സംഘം സെക്രട്ടറിയിൽനിന്നും ഈടാക്കുവാൻ സാധിക്കുമോയെന്ന് പരിശോധിച്ച് അറിയിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

104. 2001-02, 2002-03 കാലയളവിൽ വനിത പുളി സംസ്കരണ യൂണിറ്റ്, 2007-08, 2008-09 എന്നീ കാലയളവുകളിൽ വനിതകൾക്ക് തയ്യൽ പരിശീലനം എന്നീ പദ്ധതികൾ പ്രകാരം പൊന്മള ഗ്രാമപഞ്ചായത്തിൽ വാങ്ങിയ മെഷീനുകൾ ലേലം ചെയ്ത് വിറ്റഴിക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

105. പന്തല്ലൂർ വനിതാ വ്യവസായ കേന്ദ്രത്തിൽ എം.ഡി.എസ്. യൂണിറ്റുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്ന് മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിനെ തുടർന്ന്, പ്രസ്തുത യൂണിറ്റുകൾ നടപ്പിലാക്കിയ ശേഷം ആയത് സമിതിയെ അറിയിക്കണമെന്ന് നിർദ്ദേശിക്കുന്നു.

106. സമൃദ്ധി വനിതാ വ്യവസായ സ്വയംതൊഴിൽ ഉൽപാദന വിപണന പരിശീലന കേന്ദ്രം ബ്ലോക്ക് പഞ്ചായത്തിന്റെ ഇതര സ്ഥാപനങ്ങളിലെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് പരിശീലനം നൽകാനുദ്ദേശിച്ചുകൊണ്ട് ആരംഭിച്ചതാണെങ്കിലും ഇവിടെ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതെന്ന് ഓഡിറ്റ് വകുപ്പിന്റെ മറുപടിയിൽ നിന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത കേന്ദ്രത്തിൽ ആറുമാസത്തെ തയ്യൽ പരിശീലനകോഴ്സുകൾ നടത്തിയിരുന്നുവെങ്കിലും പല മെഷീനുകളും പ്രവർത്തനരഹിതമായതിനാൽ പ്രസ്തുത യന്ത്രങ്ങൾ ലേലം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ഇതിന്മേൽ സ്വീകരിച്ച തുടർനടപടി റിപ്പോർട്ടും തൊഴിലധിഷ്ഠിത പരിശീലനം പ്രോത്സാഹിപ്പിക്കേണ്ടതില്ലെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിവരങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ടും ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

107. വേങ്ങര ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

108. എടരിക്കോട് ഗ്രാമപഞ്ചായത്തിലെ വനിതാ വ്യവസായ കേന്ദ്രം വനിതകൾക്ക് ഉപയുക്തമാകുന്ന രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

109. മമ്പാട് ഗ്രാമപഞ്ചായത്തിൽ അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും വിപണി മാന്ദ്യവും കാരണം പാളപ്ലേറ്റ് നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനം നിലച്ചതിനാൽ ഇതിനായി വാങ്ങിയ ഉപകരണങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ആയത് സമിതിയെ അറിയിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

110. നിലമ്പൂർ നഗരസഭയിലെ പരാമർശവിധേയമായ പദ്ധതിയുമായി ബന്ധപ്പെട്ട് മോഷണം പോയ യന്ത്രഭാഗങ്ങൾ സംബന്ധിച്ച് 3 വർഷമായിട്ടും കുറ്റവാളികളെ കണ്ടെത്താത്തത് പോലീസിന്റെ ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയായി വിലിയിരുത്തിയ സമിതി ആഭ്യന്തര വകുപ്പിൽനിന്നും പ്രസ്തുത വിഷയം സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ നിർദ്ദേശിക്കുന്നു.

111. ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ മാലിന്യ സംസ്കരണ യൂണിറ്റിന്റെ പ്രവർത്തനം പ്രാദേശിക പ്രതിഷേധങ്ങൾ കാരണം നിലച്ച സാഹചര്യത്തിൽ ജനങ്ങളുമായി ചർച്ച നടത്തി പ്രവർത്തനം ആരംഭിക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് അടിയന്തര നടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. അതോടൊപ്പം പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

112. വനിതാ വ്യവസായ സംരംഭക പരിശീലന കേന്ദ്രം രണ്ട് നിലകളിൽ പുതുക്കി പണിത് നിർദ്ദിഷ്ട ആവശ്യത്തിനായി ഉപയോഗിക്കുന്നുണ്ടെന്ന ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

113. കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ കൂട്ടക്കര ഹരിജൻ വ്യവസായ കേന്ദ്രത്തിൽ തുടങ്ങുവാനുദ്ദേശിക്കുന്ന റെഡിമെയ്ഡ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

114. പയ്യോളി നഗരസഭയിലെ വനിതാ വ്യവസായ കേന്ദ്രത്തിലെ ഒഴിഞ്ഞുകിടക്കുന്ന മുറികളിൽ കൂടി വ്യവസായ യൂണിറ്റ് തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ച് സമിതിയെ അറിയിക്കുവാൻ നിർദ്ദേശിക്കുന്നു.

115. ഉണ്ണിക്കുളം ഗ്രാമപഞ്ചായത്തിലെ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതി മുടങ്ങിപ്പോയതിനാൽ പദ്ധതിക്കായി ചെലവഴിച്ച തുക കൺവീനറിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത നടപടി പൂർത്തിയാക്കി സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുവാൻ നിർദ്ദേശിക്കുന്നു.

116. നൊച്ചാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

**117. മുക്കം ഗ്രാമപഞ്ചായത്തിലെ തോട്ടത്തിൽകടവ് തൊഴിൽ പരിശീലന കേന്ദ്രത്തിലെ തൊഴിൽ പരിശീലന പരിപാടി സംബന്ധിച്ച നിലവിലെ സ്ഥിതി സംസ്ഥാന ഓഡിറ്റ് വകുപ്പ് മുഖാന്തരം ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

**118. തദ്ദേശസ്വയംഭരണ വകുപ്പും സംസ്ഥാന ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അടഞ്ഞുകിടക്കുന്ന കെട്ടിടങ്ങൾ**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആർജ്ജിച്ചിട്ടുള്ള ആസ്തികളിൽ വലിയൊരു ശതമാനം കെട്ടിടങ്ങളാണ്. അതുകൊണ്ട് തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിഷ്ക്രിയാസ്തികളിൽ വലിയൊരളവു വരെ കെട്ടിടങ്ങളിൽ ഉൾപ്പെടുന്നു. വ്യക്തമായ ആസൂത്രണമില്ലാതെ പദ്ധതികൾ നടപ്പാക്കുന്നതാണ് കെട്ടിടങ്ങൾ നിഷ്ക്രിയമായി കിടക്കുന്നതിനുള്ള പ്രധാന കാരണം. പരിശോധന നടത്തിയ 217 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 8.21 കോടി രൂപയുടെ നിഷ്ക്രിയാസ്തികളാണ് കെട്ടിടങ്ങളുടെ രൂപത്തിലുള്ളത്. നിർമ്മാണം പൂർത്തിയായി വർഷങ്ങൾ കഴിഞ്ഞിട്ടും ഉദ്ഘാടനം നടക്കാത്തവയും ഉദ്ഘാടനം കഴിഞ്ഞിട്ടും പ്രവർത്തനം തുടങ്ങാത്തവയും, നിർമ്മാണം പാതിവഴിയിൽ നിലച്ചവയും നിഷ്ക്രിയാസ്തികളായി മാറിയ കെട്ടിടങ്ങളിൽ ഉൾപ്പെടുന്നു. ഉദാഹരണങ്ങൾ:

- തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭ പ്രൈവറ്റ് ബസ്റ്റന്റ് മാമത്തേക്ക് മാറ്റി സ്ഥാപിക്കുവാൻ 2004-05-ൽ 9,54,584 രൂപ മുടക്കി കെട്ടിടം പണി കഴിപ്പിച്ചു. എന്നാൽ വസ്തുവിന്റെ ഉടമസ്ഥതയെപ്പറ്റി ആറ്റിങ്ങൽ മുനിസിപ്പൽ കോടതിയിൽ കേസ് നിലവിലുള്ളതിനാൽ ബസ്സ്റ്റാന്റ് മാറ്റി സ്ഥാപിക്കുന്ന പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. സ്ഥലത്തിന്റെ പൂർണ്ണമായ ഉടമസ്ഥത, കൈവശരേഖ എന്നിവ പരിശോധിക്കാതെ പദ്ധതി നടപ്പാക്കിയതിനാലാണ് ഇത്തരമൊരു സാഹചര്യമുണ്ടായത്. പത്തുവർഷത്തിലേറെയായി കെട്ടിടം അടഞ്ഞു കിടക്കുന്നു.

- കൊല്ലം ജില്ലയിലെ കിഴക്കേക്കല്ലട ഗ്രാമപഞ്ചായത്ത് ചിറ്റുമല കമ്മ്യൂണിറ്റി ഹാളിന് സമീപമുള്ള പഴയ കൃഷി ഭവൻ കെട്ടിടം 2012-13 ൽ പുനരുദ്ധരിച്ചു. 3,22,654 രൂപ ഈ പ്രവൃത്തിയ്ക്ക് ചെലവായി. എന്നാൽ കൃഷിഭവന്റെ പ്രവർത്തനം ഇവിടേയ്ക്ക് മാറ്റാത്തതിനാൽ കെട്ടിടം നിഷ്ക്രിയമായി നിലകൊള്ളുന്നു.

മൺട്രോ തുരുത്ത് ഗ്രാപഞ്ചായത്ത് 2011-12-ൽ സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടംതുരുത്ത് വെസ്റ്റ് വാർഡിൽ 73-ാം നമ്പർ അംഗൻവാടി കെട്ടിടം പണികഴിപ്പിച്ചു. എന്നാൽ കെട്ടിടം ഇതേ വരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. അതേസമയം, ഇതേ നമ്പർ അംഗൻവാടി നിലവിൽ സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു.

**18 വർഷം മുമ്പ് പണി കഴിപ്പിച്ച കെട്ടിടം ഇതുവരെ പ്രവർത്തനം ആരംഭിച്ചില്ല**

കൊല്ലം ജില്ലയിലെ പവിത്രേശ്വരം ഗ്രാമപഞ്ചായത്തിലെ ശ്രീനാരായണപുരം പ്രാഥമികാരോഗ്യകേന്ദ്രത്തിനുള്ള കെട്ടിടം 1997-ൽ എം.പി. ഫണ്ടുപയോഗിച്ച് നിർമ്മിച്ചതാണ്. എന്നാൽ നാളിതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ലാത്ത കെട്ടിടത്തിന്റെ കതകുകളും, ജനാലകളും തകർന്ന നിലയിലാണ്. ചോർന്നൊലിക്കുന്ന അവസ്ഥയിലുള്ള ഒരു കെട്ടിടത്തിലാണ് പ്രാഥമികാരോഗ്യ കേന്ദ്രം ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. പണികഴിപ്പിച്ച കെട്ടിടവും, വസ്തുവും ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലും ഉൾപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ പൊരീക്കൽ പബ്ലിക് മാർക്കറ്റിൽ ജില്ലാ പഞ്ചായത്ത് ഫണ്ടുപയോഗിച്ച് പബ്ലിക് കംഫർട്ട് സ്റ്റേഷൻ, ഷോപ്പിംഗ് കോംപ്ലക്സ്, മാർക്കറ്റ് സ്റ്റാളുകൾ, ഓഫീസ് മുറികൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ പ്രവർത്തനം ആരംഭിക്കാത്ത ഈ കെട്ടിട സമുച്ചയവും നാശോന്മുഖമാണ്.

- മലപ്പുറം ജില്ലയിലെ ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് 2005-06-ൽ 2,23,457 രൂപ ചെലവിട്ട് നിർമ്മിച്ച പഞ്ചായത്ത് ലൈബ്രറി സാംസ്കാരികനിലയം ഇതുവരെ പ്രവർത്തനം തുടങ്ങിയിട്ടില്ല.

**പൂക്കോട്ടൂർ യുദ്ധസ്മാരകം ഉദ്ഘാടനം കഴിഞ്ഞപ്പോൾ പഞ്ചായത്തോഫീസായി**

മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് എം.പി. ഫണ്ടിൽ നിന്നും 15 ലക്ഷം രൂപ ചെലവഴിച്ച് പൂക്കോട്ടൂർ യുദ്ധസ്മാരകം നിർമ്മിച്ച് പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന് കൈമാറി. ഇരുനില കെട്ടിടത്തിന്റെ താഴത്തെ നിലയിൽ ചരിത്ര മ്യൂസിയം, ലൈബ്രറി എന്നിവയും മുകളിലത്തെ നിലയിൽ ഓഡിറ്റോറിയവുമാണ് വിഭാവനം ചെയ്തിരുന്നത്. 31-12-2003-ൽ 1.30 ലക്ഷം രൂപയുടേയും, 2011-12-ൽ 40,858 രൂപയുടേയും പുസ്തകങ്ങളും 31-3-2004-ൽ ഒരു ലക്ഷം രൂപയുടെ ഫർണ്ണിച്ചറും കെട്ടിടത്തിനായി വാങ്ങിയിട്ടുണ്ട്. 2004-ലാണ് യുദ്ധസ്മാരകം ഉദ്ഘാടനം ചെയ്തത്. നിലവിൽ ചരിത്ര മ്യൂസിയം യാഥാർത്ഥ്യമാവാത്ത നിലയിലാണ്. കെട്ടിടത്തിൽ ശിശുവികസന സേവന പദ്ധതി ഓഫീസും കുടുംബശ്രീ ഓഫീസും പ്രവർത്തിച്ചുവരുന്നു. ലൈബ്രറി ഹാളിൽ പഞ്ചായത്തോഫീസ് പ്രവർത്തിക്കുന്നു. ലൈബ്രറിയ്ക്ക് വാങ്ങിയ പുസ്തകങ്ങൾ ആർക്കും പ്രയോജനമില്ലാത്ത നിലയിലുമാണ്. ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ അവിസ്മരണീയ ഏടായ പൂക്കോട്ടൂർ യുദ്ധം സ്മാരകമില്ലാതെ തീർത്തും അവഗണിക്കപ്പെട്ടിരിക്കുകയാണ്.

• കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് 2011-12-ൽ 9,50,000 രൂപ ചെലവിട്ട് നിർമ്മിച്ച സാമൂഹ്യവികസന കേന്ദ്രം പ്രവർത്തനമൊന്നും ഇല്ലാത്ത നിലയിലാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.1.6]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

119. തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭ പ്രൈവറ്റ് ബസ്റ്റാൻഡ് മാമത്തേയ്ക്ക് മാറ്റി സ്ഥാപിക്കാൻ 2004-05-ൽ 9,54,584 രൂപ മുടക്കി കെട്ടിടം പണികഴിപ്പിച്ച ശേഷം വസ്തുവിന്റെ ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് ഉണ്ടായത് സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചതിന് 2004-05 വർഷത്തിലാണ് കെട്ടിടം പണി ആരംഭിച്ചതെന്നും, മാമം ഗ്രൗണ്ട് 9 ഏക്കർ 12 സെന്റ് സ്ഥലം കുത്തകപ്പാട്ടം വഴി നഗരസഭയ്ക്ക് ലഭിച്ചതാണെന്നും, അതിൽ നിന്നും 1977-ലും 1979- ലുമായി 5 ഏക്കർ സ്ഥലം നഗരസഭയുടെ അനുമതിയോടുകൂടി സർക്കാർ ഏറ്റെടുത്ത് കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിന്റെ പേരിൽ രജിസ്റ്റർ ചെയ്യുകയും ബാക്കിയുള്ള 4 ഏക്കർ 12 സെന്റ് സ്ഥലത്തിന് 2004 വരെ നഗരസഭ കുത്തകപ്പാട്ടം ഒടുക്കി വരുന്നതാണെന്നും, കെട്ടിടം നിർമ്മാണം ആരംഭിച്ചതിനുശേഷം 2006-ൽ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് രാജകുടുംബാംഗമായ ശ്രീമതി ലളിതാംബഭായി മുതൽപ്പേർ നഗരസഭയ്ക്കെതിരെ ബഹു. മുൻസിഫ് കോടതിയിൽ കേസ് ഫയൽ ചെയ്യുകയും 11-9-2015-ൽ വിധിയാകുകയും ടി സ്ഥലത്ത് കാലിച്ചന്ത നടത്തുന്നതൊഴികെ മറ്റ് കാര്യങ്ങൾ ചെയ്യുന്നതിൽ നിന്നും നഗരസഭയെ വിലക്കി ഉത്തരവാകുകയും ചെയ്തതായും, പ്രസ്തുത വിധിക്കെതിരെ നഗരസഭ അപ്പീൽ കൊടുത്തിട്ടുള്ളതായും 2010-11 വരെയുള്ള അപ്പീലുകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളതിനാൽ കേസിന്റെ അടിയന്തര സ്വഭാവം പരിഗണിച്ച് അഡ്വാൻസ് പെറ്റിഷൻ മൂവ് ചെയ്യാൻ വക്കീലിന് നിർദ്ദേശം നൽകിയിട്ടുള്ളതായും ആറ്റിങ്ങൽ നഗരസഭ സെക്രട്ടറി സമിതിയെ അറിയിച്ചു.

120. കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിന് നൽകിയിട്ടുള്ള സ്ഥലം കേസിൽ ഉൾപ്പെട്ടിട്ടുള്ളതാണോ എന്നും, എത്ര വർഷത്തേയ്ക്കാണ് കുത്തകപ്പാട്ടം ലഭിച്ചിരുന്നതെന്നും രാജഭരണം ഇല്ലാതാകുമ്പോൾ ടി ഭൂമി സർക്കാർ ഭൂമിയായി മാറുകയില്ലേ എന്നും സമിതി ആരാഞ്ഞതിന് കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിന് നല്കിയ സ്ഥലം കേസിൽ ഉൾപ്പെട്ടിട്ടില്ലെന്നും, രാജഭരണം മുതലുള്ള കുത്തകപ്പാട്ടമാണെന്നും ഇത് സംബന്ധിച്ച വ്യവസ്ഥാ രേഖകൾ ആരുടേയും കൈവശം ഇല്ലെന്നും, കേസിന്റെ ആവശ്യത്തിലേക്കായി ആർക്കൈവ്സിൽ നിന്നും ഈ വസ്തു സംബന്ധിച്ച് കൗൺസിൽ മിനിട്ട്സിൽ ഉള്ള

വിവരങ്ങൾ പരിശോധിച്ചപ്പോഴാണ് ഇക്കാര്യം മനസ്സിലാക്കിയതെന്നും, 5 ഏക്കർ ഭൂമി നഗരസഭ കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിന് നൽകിയപ്പോൾ ഇതിനെതിരെ 1980-ൽ രാജകുടുംബാംഗങ്ങൾ സർക്കാരിന് പരാതി നല്കിയിരുന്നെന്നും, രാജഭരണം അവസാനിച്ചപ്പോൾ പ്രസ്തുത ഭൂമി സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ളതാണെന്ന് സർക്കാർ മറുപടി നൽകിയിട്ടുള്ളതായും, 1969-ലെ നിയമപ്രകാരം വ്യവസ്ഥ ചെയ്തത് ഒഴികെയുള്ള ഭൂമിയാണ് രാജകുടുംബത്തിന് അവകാശപ്പെട്ടതെന്നും, കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് സർക്കാരിൽ അപേക്ഷ നൽകി ഭൂമി അവരുടെ പേരിലേയ്ക്ക് മാറ്റുകയായിരുന്നെന്നും, എന്നാൽ നഗരസഭ ആയത് സ്വന്തം പേരിലാക്കാതെ കുത്തകപ്പാട്ടം വ്യവസ്ഥയിൽ തുടർന്ന് വരുകയാണുണ്ടായതെന്നും ആയതിനാൽ വില്ലേജ് ഓഫീസിൽ ടി വിഷയം സംബന്ധിച്ച രേഖകൾ ഉണ്ടാകില്ലെന്നും, 2016-ൽ അഡ്വ. രാജഗോപാൽ മുഖാന്തരം ബഹു. ആറ്റിങ്ങൽ സബ്. കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ടെന്നും പ്രസ്തുത കേസ് സംബന്ധിച്ച് അഡ്വാൻസ് പെറ്റീഷൻ മൂവ് ചെയ്യണമെന്നാണ് അഡ്വക്കേറ്റ് അറിയിച്ചതെന്നും സെക്രട്ടറി ആറ്റിങ്ങൽ നഗരസഭ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

121. ആറ്റിങ്ങൽ നഗരസഭയിലെ പ്രസ്തുത ഭൂമി സംബന്ധിച്ച കേസ് കൈകാര്യം ചെയ്യുന്നതിനും, ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ നിയമവകുപ്പ് സെക്രട്ടറിയുമായി കൂടിയാലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും, പ്രത്യേക കമ്മിറ്റി രൂപീകരിക്കണമെന്നും, നഗരസഭ കൈക്കൊള്ളുന്ന നിലപാടുകളും കേസിന്റെ പുരോഗതിയും യഥാസമയം നിയമസഭാ സമിതിയെ അറിയിക്കണമെന്നും അഭിപ്രായപ്പെട്ട സമിതി, രജിസ്റ്റർ ചെയ്ത പ്രമാണം പ്രസ്തുത വ്യക്തികളുടെ കൈവശമുള്ളപ്പോൾ അവിടെ ഇത്രത്തോളം തുക ചെലവഴിച്ച് കെട്ടിടം നിർമ്മിച്ചതെന്തിനാണെന്ന് ആരാഞ്ഞതിന് 2004-05 കാലയളവിൽ കെട്ടിടത്തിന്റെ പണി ആരംഭിച്ചതിന് ശേഷമാണ് കേസ് തുടങ്ങിയതെന്നും 9 ഏക്കർ 12 സെന്റ് സ്ഥലത്തിൽ ഉൾപ്പെട്ട 5 ഏക്കർ സ്ഥലം കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിനായി നൽകിയപ്പോഴും പ്രശ്നമൊന്നും ഇല്ലായിരുന്നുവെന്നും ബാക്കിയുള്ള 4 ഏക്കർ 12 സെന്റ് സ്ഥലത്ത് ബസ്സ്റ്റാന്റിന്റെ പ്രവർത്തനം ആരംഭിച്ചപ്പോഴാണ് കേസ്സ് തുടങ്ങിയതെന്നും സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

122. 1956-ലെ സ്റ്റേറ്റ് റീ-ഓർഗനൈസേഷൻ ആക്ട് നിലവിൽ വന്നതിനു ശേഷവും ഇത്തരം കരാറുകൾ നിലനിൽക്കണമായിരുന്നെങ്കിൽ കുത്തകപ്പാട്ടം സംബന്ധിച്ച ഒരു സ്റ്റാൻഡ് സ്റ്റിൽ കരാർ ഉണ്ടാക്കണമായിരുന്നുവെന്നും ഇല്ലെങ്കിൽ ഓട്ടോമറ്റിക്കലി ഭൂമി ഗവൺമെന്റിലേയ്ക്ക് വന്നു ചേരുമെന്ന അവസ്ഥ സംജാതമാകുമെന്നും ഇക്കാര്യം പരിശോധിക്കണമെന്നും അഭിപ്രായം പ്രകടിപ്പിച്ച സമിതി, നിലവിൽ പ്രസ്തുത കെട്ടിടം രാജകുടുംബാംഗങ്ങളുടെ കൈവശമാണോയെന്നും, കെട്ടിടത്തിന്റെ നിലവിലെ സ്ഥിതിയെന്തെന്നും ആരാഞ്ഞതിന് ഉടമസ്ഥാവകാശം രാജകുടുംബാംഗങ്ങളിൽ

നിലനിർത്തിക്കൊണ്ടാണ് കാലിച്ചന്ത നടത്തുന്നതിനുള്ള അവകാശം നഗരസഭയ്ക്ക് നൽകിയിട്ടുള്ളതെന്നും, നിലവിൽ വില്ലേജ് ഓഫീസിൽ കുത്തകപ്പാട്ടം സ്വീകരിക്കുന്നില്ലെന്നും കേസിന്റെ വിധിക്കനുസൃതമായി പാട്ടം സ്വീകരിക്കാമെന്ന നിലപാടാണ് വില്ലേജ് ഓഫീസ് കൈക്കൊണ്ടിരിക്കുന്നതെന്നും നിലവിൽ ടി കെട്ടിടത്തിന്റെ പിൻഭാഗത്തെ ഹാൾ ഡ്രൈവിംഗ് ടെസ്റ്റ് നടക്കുമ്പോൾ R.T.O. വെരിഫിക്കേഷൻ ഓഫീസ് ആയി ഉപയോഗിക്കുന്നുണ്ടെന്നും, സെക്രട്ടറി, ആറ്റിങ്ങൽ നഗരസഭ സമിതിയെ ബോധിപ്പിച്ചതിനെ തുടർന്ന് കേസിന്റെ സ്ഥിതി മനസ്സിലാക്കി എത്രയും വേഗം റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി നിർദേശിച്ചു.

123. കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിലെ ചിറ്റുമല കമ്മ്യൂണിറ്റി ഹാളിന് സമീപമുള്ള പഴയ കൃഷിഭവൻ കെട്ടിടം പുനരുദ്ധരിച്ചതുമായി ബന്ധപ്പെട്ട് സമിതി ചോദ്യമുന്നയിച്ചതിന്, 10-1-2018-ന് ഓഡിറ്റ് വകുപ്പ് നടത്തിയ പ്രാദേശിക പരിശോധനയ്ക്ക് ശേഷം ഉടൻ തന്നെ കെട്ടിടത്തിൽ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ടെന്നും, ഇന്റർനെറ്റ് കണക്ഷൻ ലഭിച്ചിട്ടില്ലാത്തതിനാൽ കമ്പ്യൂട്ടറുകൾ പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റിയിട്ടില്ലെന്നും, ബാക്കിയുള്ള പ്രവർത്തനങ്ങളെല്ലാം പുതുതായി നിർമ്മിച്ച കെട്ടിടത്തിലേയ്ക്ക് മാറ്റിയിട്ടുണ്ടെന്നും, കെട്ടിടം നിലവിൽ പ്രവർത്തനക്ഷമമാണെന്നും സെക്രട്ടറി, കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് സമിതിയെ ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

124. മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്തിലെ 79-ാം നമ്പർ അങ്കണവാടി കെട്ടിടത്തിൽ നിലവിൽ അങ്കണവാടി പ്രവർത്തനക്ഷമമാണെന്നതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

125. പവിത്രേശ്വരം ഗ്രാമപഞ്ചായത്തിലെ ശ്രീനാരായണപുരം പ്രാഥമികാരോഗ്യ കേന്ദ്രം പുതിയ കെട്ടിടത്തിൽ പ്രവർത്തനക്ഷമമാണോ എന്നും, പ്രസ്തുത കെട്ടിടം ഉപയോഗപ്രദമാക്കുന്നതിന് കാലതാമസമുണ്ടാകാൻ കാരണമെന്തെന്നുമുള്ള സമിതിയുടെ ചോദ്യത്തിന്, കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ടെന്നും, 1997-ൽ എം.പി. ഫണ്ട് ഉപയോഗിച്ച് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചെങ്കിലും വൈദ്യുതി കണക്ഷൻ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ പഞ്ചായത്ത് വിഹിതം ഉപയോഗിച്ചാണ് പൂർത്തീകരിച്ചതെന്നും ആയതിനാലാണ് കെട്ടിടം ഉപയോഗപ്രദമാക്കുന്നതിന് കാലതാമസം നേരിട്ടതെന്നും പഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിക്കുകയുണ്ടായി. പഞ്ചായത്തിന്റെ അനാസ്ഥ മൂലമാണ് കെട്ടിടം പ്രവർത്തന സജ്ജമാക്കാൻ 18 വർഷം കാലതാമസമുണ്ടായത് എന്ന് സമിതി നിരീക്ഷിച്ചതോടൊപ്പം കെട്ടിടം നിലവിൽ പ്രവർത്തനസജ്ജമാണെന്ന മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

126. പൊരീക്കൽ പബ്ലിക് മാർക്കറ്റിൽ നിർമ്മിച്ച കെട്ടിടസമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് രണ്ട് വർഷമായി പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിവരുന്ന കെട്ടിടത്തിൽ മാവേലി സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിന് പഞ്ചായത്ത് സപ്ലൈകോയ്ക്ക് അനുമതി നൽകുകയും പ്രസ്തുത ഇനത്തിൽ പഞ്ചായത്തിന് വാടക ലഭിക്കുകയും ചെയ്തു വരുന്നതായി പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

127. ചേലേമ്പ്ര ഗ്രാമപഞ്ചായത്തിലെ പഞ്ചായത്ത് കെട്ടിടത്തിന്റെ മുകൾ നിലയിലെ ലൈബ്രറി പ്രവർത്തിപ്പിക്കാത്തതിന് കാരണം സമിതി ആരാഞ്ഞതിന് ലൈബ്രേറിയൻ തസ്തിക സൃഷ്ടിക്കുന്നതിന് 17-7-2018-ൽ സർക്കാരിന് പ്രൊപ്പോസൽ നൽകിയിരുന്നതായും പ്രസ്തുത തസ്തിക അനുവദിച്ചുകിട്ടാത്തതിനാലാണ് വായനശാല പ്രവർത്തിപ്പിക്കാത്തതെന്നും ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

128. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്നതിനായി പഞ്ചായത്ത് അപേക്ഷ സമർപ്പിക്കണമെന്നും, പഞ്ചായത്ത് ഭരണസമിതിയുമായി ആലോചിച്ച് ഉദ്യോഗസ്ഥരിൽ ഒരാൾക്കോ, അല്ലെങ്കിൽ താൽപ്പര്യമുള്ള പഞ്ചായത്ത് മെമ്പർക്കോ താത്കാലിക ചുമതല നൽകി വായനശാല തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിച്ച് പ്രസ്തുത വിവരം അറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

129. മലപ്പുറം ബ്ലോക്ക് പഞ്ചായത്തിലെ പൂക്കോട്ടൂർ യുദ്ധസ്മാരകം ഉദ്ഘാടനം കഴിഞ്ഞപ്പോൾ പഞ്ചായത്ത് ഓഫീസായി എന്ന പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് എം.പി.ഫണ്ടിൽ നിന്നും 15 ലക്ഷം രൂപ ചെലവഴിച്ച് ബ്ലോക്ക് പഞ്ചായത്ത് യുദ്ധ സ്മാരകത്തിനായി നിർമ്മിച്ച കെട്ടിടം പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന് കൈമാറിയതായും, 4.30 ലക്ഷം രൂപ ഇലക്ട്രിസിറ്റി വിംഗിൽ ഡെപ്പോസിറ്റ് ചെയ്ത് വർക്ക് പൂർത്തീകരിച്ച് മ്യൂസിയം നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും, എന്നാൽ പൂക്കോട്ടൂർ യുദ്ധസ്മാരകം ഉദ്ഘാടനം ചെയ്തതിനുശേഷം പഞ്ചായത്ത് ഓഫീസുമായി ഉപയോഗിച്ചു വരുകയാണെന്നും മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

130. പഞ്ചായത്ത് ഭരണസമിതിയുമായി കൂടിയാലോചിച്ച് 2 മാസത്തിനുള്ളിൽ പൂക്കോട്ടൂർ യുദ്ധ സ്മാരകത്തിലെ ലൈബ്രറിയും ചരിത്ര മ്യൂസിയവും പ്രവർത്തനം ആരംഭിച്ച് റിപ്പോർട്ട് ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

131. ഉള്ളൂർ ലക്ഷം വീട് സാമൂഹിക വികസന കേന്ദ്രം ഉള്ള്യേരി ഗ്രാമപഞ്ചായത്തിലെ 14-ാം വാർഡിന്റെ ഗ്രാമവികസന കേന്ദ്രമായി പ്രവർത്തിച്ചു വരികയാണെന്നും

14-ാം വാർഡിലെ ഗ്രാമസഭാ യോഗങ്ങളും പട്ടികജാതി കുടുംബങ്ങളിലെ വികസന യോഗങ്ങളും എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയുമായി ബന്ധപ്പെട്ട യോഗങ്ങളും ഇവിടെ നടത്തുന്നുണ്ടെന്നും 14-ാം വാർഡിന്റെ ഗ്രാമവികസന കേന്ദ്രമായി പഞ്ചായത്ത് തന്നെയാണ് പ്രസ്തുത കേന്ദ്രത്തിന്റെ പ്രവർത്തനം നടത്തുന്നതെന്നും ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ബി.ഡി.ഒ. സമിതിയെ ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**132. ആറ്റിങ്ങൽ നഗരസഭയ്ക്ക് രാജകുടുംബത്തിൽനിന്നും കുത്തകപാട്ടംവഴി ലഭിച്ച 9 ഏക്കർ 12 സെന്റ് സ്ഥലത്തിൽ നിന്നും 1977-ലും 1979-ലും ആയി 5 ഏക്കർ സ്ഥലം നഗരസഭയുടെ അനുമതിയോടെ സർക്കാർ ഏറ്റെടുത്ത് കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിന് രജിസ്റ്റർ ചെയ്തിട്ടുള്ളതായും ബാക്കിയുള്ള 4 ഏക്കർ 12 സെന്റ് സ്ഥലത്തിന് 2004 വരെ നഗരസഭ കുത്തകപ്പാട്ടം ഒടുക്കിയിട്ടുള്ളതാണെന്നും കേസ് നിലനിൽക്കുന്നതിനാൽ വില്ലേജ് ഓഫീസ് നിലവിൽ കുത്തകപ്പാട്ടം സ്വീകരിക്കുന്നില്ലെന്നും, നിലവിൽ പ്രസ്തുത സ്ഥലത്ത് കാലിചന്ത നടത്തുന്നതിനുള്ള ഉത്തരവ് മാത്രമാണ് ഉള്ളതെന്നും ഉള്ള നഗരസഭാ സെക്രട്ടറിയുടെ മറുപടിയിൽനിന്നും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ ആറ്റിങ്ങൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് മാറ്റി സ്ഥാപിക്കുക എന്ന പദ്ധതി ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി ആറ്റിങ്ങൽ നഗരസഭയിൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് മാമത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിനായി കെട്ടിടം പണിത സ്ഥലവുമായി ബന്ധപ്പെട്ട കേസ് കൈകാര്യം ചെയ്യുന്നതിന് നിയമവകുപ്പ് സെക്രട്ടറിയുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. ടി വിഷയത്തിൽ നഗരസഭയുടെ നിലപാടുകളും കേസിന്റെ പുരോഗതിയും യഥാസമയം അറിയിക്കുന്നതിനും പ്രസ്തുത കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു.**

**133. പുനരുദ്ധരിച്ച കൃഷി ഭവൻ കെട്ടിടം പ്രവർത്തനക്ഷമമാണെന്ന് കിഴക്കെകല്ലട ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

**134. മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്തിലെ അങ്കണവാടി കെട്ടിടം പ്രവർത്തനക്ഷമമാണെന്ന സർക്കാർ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**135. പവിത്രേശ്വരം ഗ്രാമപഞ്ചായത്തിലെ ശ്രീനാരായണപുരം പ്രാഥമികാരോഗ്യ കേന്ദ്രം പുതിയ കെട്ടിടത്തിൽ പ്രവർത്തനക്ഷമമാക്കുവാൻ 18 വർഷം കാലതാമസമുണ്ടായത് പഞ്ചായത്തിന്റെ അനാസ്ഥയാണെന്ന് സമിതി വിലയിരുത്തുന്നു. നിലവിൽ കെട്ടിടം പ്രവർത്തന സജ്ജമാണെന്ന മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

**136. പൊരീക്കൽ പബ്ലിക് മാർക്കറ്റിൽ നിർമ്മിച്ച കെട്ടിട സമുച്ചയത്തിൽ മാവേലി സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിനായി സപ്ലൈകോയ്ക്ക് അനുമതി നൽകിയ സാഹചര്യത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

**137. ചേലേമ്പ്ര ഗ്രാമപഞ്ചായത്തിൽ ലൈബ്രറി പ്രവർത്തിപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കണമെന്നും പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ച് ഉദ്യോഗസ്ഥരിൽ ഒരാൾക്കോ അല്ലെങ്കിൽ താല്പര്യമുള്ള പഞ്ചായത്ത് മെമ്പറിനോ ലൈബ്രേറിയന്റെ താത്കാലിക ചുമതല ഏൽപ്പിച്ച് പ്രസ്തുത വായനശാല തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് അറിയിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**138. പൂക്കോട്ടൂർ യുദ്ധസ്മാരകത്തിലെ ലൈബ്രറിയും ചരിത്ര മ്യൂസിയവും രണ്ട് മാസത്തിനുള്ളിൽ പ്രവർത്തനം ആരംഭിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**139. സാമൂഹ്യ വികസന കേന്ദ്രം പ്രവർത്തനക്ഷമമാണെന്ന ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ബി.ഡി.ഒ. അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പ്രവർത്തനമില്ലാത്ത കുടിവെള്ള പദ്ധതികൾ**

തദ്ദേശഭരണ സ്ഥാപനങ്ങളിലെ കുടിവെള്ള/ജലവിതരണ പദ്ധതികളിൽ പലതും നിഷ്ക്രിയാസ്തികളായി മാറുന്നു. വ്യക്തമായ ആസൂത്രണവും, കൃത്യമായ നടത്തിപ്പ് സംവിധാനങ്ങളും ഇല്ലാത്തതിനാലാണ് ഭൂരിപക്ഷം കുടിവെള്ള പദ്ധതികളും പ്രവർത്തന രഹിതമായി മാറുന്നത്. ഗുണഭോക്താക്കളുടെ പങ്കാളിത്തക്കുറവും, താല്പര്യമില്ലായ്മയും മൂലം പ്രവർത്തനരഹിതമാകുന്ന കുടിവെള്ള പദ്ധതികളുമുണ്ട്. മുൻ പദ്ധതികളിൽ നിന്നും പാഠങ്ങൾ ഉൾക്കൊള്ളാതെ വീണ്ടും അതേതരം പദ്ധതികളുമായി മുന്നോട്ടുപോകുന്നത്

കുടിവെള്ള പദ്ധതികളുടെ പരാജയസാധ്യതകൾ വർദ്ധിപ്പിക്കുന്നു. വിവിധ കാരണങ്ങളാൽ നിഷ്ക്രിയാസ്തികളായി മാറിയിട്ടുള്ള കുടിവെള്ള/ജലവിതരണ പദ്ധതികൾക്ക് ഉദാഹരണങ്ങൾ ഇനി പറയുന്നു;

- തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഗ്രാമപഞ്ചായത്ത് 2002-03 പദ്ധതിയിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ അല്ലനിയോട് മിച്ചഭൂമി വാട്ടർ സപ്ലൈ സ്കീം നിഷ്ക്രിയാവസ്ഥയിലാണ്. ആകെ 3,61,710 രൂപയാണ് പദ്ധതിയ്ക്കായി ചെലവിട്ടത്.

- കൊല്ലം ജില്ലയിലെ പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് 2008-09-ൽ 20 ലക്ഷം രൂപ ചെലവിട്ട കുളക്കട-പവിത്രേശ്വരം കുടിവെള്ള പദ്ധതി ഇതുവരെ കമ്മീഷൻ ചെയ്ത് ഉപയുക്തമാക്കിയിട്ടില്ല.

**ഒഴൂർ ഗ്രാമപഞ്ചായത്തിലെ 4 കുടിവെള്ള പദ്ധതികൾ നിഷ്ക്രിയം, 22.11 ലക്ഷം പാഴ്ച്ചെലവ്**

മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമപഞ്ചായത്ത് 2006-07 മുതൽ 2012-13 വരെ പണം ചെലവഴിച്ച നാല് കുടിവെള്ള പദ്ധതികൾ പ്രവർത്തനക്ഷമമല്ല. ഇതിലൂടെ 22,11,371 രൂപയുടെ ആസ്തികളാണ് നിഷ്ക്രിയാവസ്ഥയിലുള്ളത്.

2006-07 മുതൽ 2012-13 വരെ 9,14,697 രൂപ ചെലവിട്ട നിർമ്മിച്ച മണലിപ്പുഴ മിനി-വാട്ടർ സപ്ലൈ സ്കീം പ്രവർത്തിക്കാത്ത അവസ്ഥയിലാണ്.

2005-06 മുതൽ 2012-13 വരെ 4,99,637 രൂപ ചെലവഴിച്ചിട്ടും ചുരങ്ങര മിനിവാട്ടർ സപ്ലൈ സ്കീം പ്രവർത്തനക്ഷമമായില്ല. പദ്ധതിയ്ക്കുള്ള പമ്പ് ഹൗസ് സ്ഥാപിച്ചിട്ടില്ല. 2010-11-ൽ 5 ലക്ഷം രൂപ ചെലവഴിച്ച അയ്യായപ്പാടത്ത് ജലസേചന കിണർ പമ്പ് ഹൗസ് സ്ഥാപിക്കാത്തതിനാൽ പ്രവർത്തനക്ഷമമല്ല. 2008-09, 2010-11 വർഷങ്ങളിലായി പണികഴിപ്പിച്ച കക്കോടിക്കാവ് കുടിവെള്ള പദ്ധതിയും പ്രവർത്തിക്കുന്നില്ല. 2,97,037 രൂപ പദ്ധതിക്ക് ചെലവഴിച്ചു.

- മലപ്പുറം ജില്ലയിലെ പൊന്മള ഗ്രാമപഞ്ചായത്ത് 1997-98, 1999-2000 വർഷങ്ങളിലായി 5.56 ലക്ഷം രൂപ ചെലവഴിച്ച തേൻപറമ്പ് ശുദ്ധജലവിതരണ പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ച നിലയിലാണ്.

മമ്പാട് ഗ്രാമപഞ്ചായത്തിലെ രണ്ടു കുടിവെള്ള പദ്ധതികൾ പ്രവർത്തന രഹിതങ്ങളാണ്. 9,96,258 രൂപ ചെലവഴിച്ച് 2008-09-ൽ പൂർത്തിയാക്കിയ പൊങ്ങല്ലൂർ-ഷാപ്പിൻകുന്ന് കുടിവെള്ള പദ്ധതി പ്രവർത്തനമില്ലാത്ത നിലയിലാണ്. 2008-09-ൽ 1 ലക്ഷം രൂപ ചെലവിട്ട കാട്ടുമുണ്ട-മാരമംഗലം കുടിവെള്ള പദ്ധതി പ്രവർത്തനം തുടങ്ങിയിട്ടില്ല.

• കോഴിക്കോട് ജില്ലയിലെ പയ്യോളി ഗ്രാമപഞ്ചായത്ത് 2007-08-ൽ 6,92,292 രൂപ ചെലവഴിച്ച കോട്ടപ്പുറം കുടിവെള്ള പദ്ധതി പ്രവർത്തിക്കുന്നില്ല. 2004-05-ൽ 6.30 ലക്ഷം ചെലവിട്ട പയ്യോളി തീരദേശ ശുദ്ധജല പദ്ധതിയും പ്രവർത്തനക്ഷമമല്ല. 2010-11-ൽ 2 ലക്ഷം രൂപ ചെലവിട്ട് നിർമ്മിച്ച ഇരിങ്ങൽ-മൂരാട് കുടിവെള്ള പദ്ധതി പൊട്ടിപ്പൊളിഞ്ഞ് ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. 2003-04-ൽ 4.25 ലക്ഷം രൂപ ചെലവിട്ട് നിർമ്മിച്ച പെരിങ്ങാട് കുടിവെള്ള പദ്ധതിയും നിലവിൽ ഉപയോഗപ്രദമല്ലാത്ത അവസ്ഥയിലാണ്.

കാക്കൂർ ഗ്രാമപഞ്ചായത്തിലെ മൂക്കാലംപാറ കാക്കുന്നം ചാലിൽ കുടിവെള്ള പദ്ധതി, അടുക്കൻമല കുടിവെള്ള പദ്ധതി എന്നിവ പ്രവർത്തിക്കുന്നില്ല. 2007-ൽ നിർമ്മാണം പൂർത്തിയായ മൂക്കാലംപാറ പദ്ധതിയുടെ ചെലവ് 4.98 ലക്ഷവും 2008-ൽ നിർമ്മിച്ച അടുക്കൻമല പദ്ധതിയുടേത് 2.97 ലക്ഷം രൂപയുമായിരുന്നു. കൊടുവള്ളി ഗ്രാമപഞ്ചായത്തിൽ 5 ലക്ഷം രൂപ ചെലവിട്ട കടേക്കുന്ന് മേഡേൺ ബസാർ കുടിവെള്ള പദ്ധതി പ്രവർത്തനമില്ലാത്ത നിലയിലാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.1.7]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

140. തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഗ്രാമപഞ്ചായത്തിൽ 2002-2003 കാലയളവിലെ പദ്ധതിയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ അല്ലനിയോട് മിച്ച ഭൂമി വാട്ടർ സപ്ലൈ സ്കീമിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി ആരാഞ്ഞതിന് പ്രസ്തുത പദ്ധതി സംബന്ധിച്ച് നേരിട്ട് പരിശോധന നടത്തിയതായും, നല്ല രീതിയിൽ പ്രവർത്തിക്കുന്ന പ്രസ്തുത പദ്ധതി പ്രകാരം 20 പട്ടികജാതി കുടുംബങ്ങൾക്കും, 10 ജനറൽ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കും കുടിവെള്ളം ലഭ്യമാകുന്നുണ്ടെന്നും ആര്യനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചതിനെ തുടർന്ന് സെക്രട്ടറിയുടെ പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

141. പവിത്രേശ്വരം ഗ്രാമപഞ്ചായത്തിൽ 2008-09 നിലവിൽ വന്ന കുളക്കട-പവിത്രേശ്വരം കുടിവെള്ള പദ്ധതി പ്രയോജന പ്രദമായി നടപ്പിലാക്കി വരുന്നതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

### ഒഴൂർ ഗ്രാമപഞ്ചായത്ത്

142. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് മണലിപ്പുഴ മിനി-വാട്ടർ സപ്ലൈ സ്കീം ജലനിധി പ്രോജക്ടാണ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നതെന്നും, മൂന്ന് പഞ്ചായത്തുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള പ്രസ്തുത പദ്ധതിയ്ക്ക് വേങ്ങരയ്ക്കടുത്തുള്ള ഒരു പുഴയിൽ നിന്നുമാണ് ജലം കൊണ്ടുവരുന്നതെന്നും, പദ്ധതി നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നും ഒഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ആയത് സമിതി അംഗീകരിച്ചു.

### പൊന്മള ഗ്രാമപഞ്ചായത്ത്

### തേൻപറമ്പ് ശുദ്ധജല വിതരണ പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ചു

143. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

### മമ്പാട് ഗ്രാമപഞ്ചായത്ത്

144. 2015-ൽ പ്രവർത്തനമാരംഭിച്ച മാമ്പാട് പൊങ്ങല്ലൂർ ഷാപ്പിൻ കുന്ന് കുടിവെള്ള പദ്ധതി പ്രകാരം 50-ഓളം ഗുണഭോക്താക്കൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതായുള്ള മമ്പാട് പഞ്ചായത്ത് ഉദ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

### പയ്യോളി നഗരസഭ

145. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചതിന് ഇരിങ്ങൽ മൂടാട് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് വെള്ളം നിലവിൽ ഉപയോഗിക്കാൻ പറ്റാത്തതിനാൽ ശ്രീ. കെ. ദാസൻ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 35 ലക്ഷം രൂപ ചെലവഴിച്ച് പുതിയ കുടിവെള്ള സ്രോതസ്സ് കണ്ടെത്തി പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചുവരികയാണെന്ന് പയ്യോളി നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചതിനെ തുടർന്ന് പ്രസ്തുത മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

### കാക്കൂർ ഗ്രാമപഞ്ചായത്ത്

146. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് മുക്കാലംപാറ കുടിവെള്ള പദ്ധതിയുടെ ഉപഭോക്തൃ സമിതി വൈദ്യുതി ചാർജ്ജ് അടയ്ക്കാത്തതിനാൽ പദ്ധതി പ്രവർത്തനരഹിതമായെന്നും, വെള്ളം പമ്പ് ചെയ്യാത്തതുമൂലം പൈപ്പുലൈനുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെന്നും അറ്റകുറ്റപ്പണികൾക്കായി പദ്ധതി തയ്യാറാക്കിയെങ്കിലും കുടിവെള്ള പദ്ധതിയ്ക്കായി നിർമ്മിച്ച കുളത്തിലെ ജലം ഉപയോഗയോഗ്യമല്ലെന്ന ടെസ്റ്റ് റിപ്പോർട്ടിനെ തുടർന്ന് അറ്റകുറ്റപ്പണികൾ നടത്താൻ സാധിച്ചില്ലെന്നും, അടുക്കൻമല പദ്ധതിയിൽ കിണറിലെ വെള്ളം ഏപ്രിൽ മാസം ആകുമ്പോൾ വറ്റിപ്പോകുന്നതിനാൽ ഏപ്രിൽ-മേയ് മാസങ്ങളിൽ കടുത്ത വരൾച്ച നേരിടുന്ന സാഹചര്യമാണുള്ളതെന്ന് ഗുണഭോക്താക്കൾ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയ

സ്ഥലം കണ്ടെത്തി കിണർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും കാക്കൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് സെക്രട്ടറിയുടെ മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

**കൊടുവള്ളി ഗ്രാമപഞ്ചായത്ത്**

147. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് കൊടുവള്ളി ഗ്രാമപഞ്ചായത്ത് തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**148. ആര്യനാട് ഗ്രാമപഞ്ചായത്തിലെ അല്ലനിയോട് മിച്ച ഭൂമി വാട്ടർ സപ്ലൈ സ്കീം പ്രകാരം പട്ടികജാതി കുടുംബങ്ങൾ ഉൾപ്പെടെയുള്ള മുപ്പതോളം കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നുണ്ടെന്ന ആര്യനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

**149. പവിത്രേശ്വരം ഗ്രാമപഞ്ചായത്തിലെ കുളക്കട-പവിത്രേശ്വരം കുടിവെള്ള പദ്ധതി പ്രയോജനപ്രദമായി നടപ്പിലാക്കി വരുന്നതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

**150. ഒഴൂർ ഗ്രാമപഞ്ചായത്തിലെ മണലിപ്പുഴ മിനിവാട്ടർ സപ്ലൈ സ്കീം നിലവിൽ പ്രവർത്തനക്ഷമമാണെന്ന് ഒഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിനെ തുടർന്ന് പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

**151. പൊൻമള ഗ്രാമപഞ്ചായത്തിലെ തേൻപറമ്പ് ശുദ്ധജല വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

**152. മമ്പാട് ഗ്രാമപഞ്ചായത്തിലെ പൊങ്ങല്ലൂർ ഷാപ്പിൻകുന്ന് കുടിവെള്ള പദ്ധതി പ്രകാരം അമ്പതോളം ഗുണഭോക്താക്കൾക്ക് കുടിവെള്ളം ലഭ്യമാകുന്നുവെന്ന ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**153. എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും 35 ലക്ഷം രൂപ ചെലവഴിച്ച് ഇരിങ്ങൽ മൂടാട് കുടിവെള്ള പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടെന്ന പയ്യോളി നഗരസഭാ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**154. കാക്കൂർ പഞ്ചായത്തിലെ മുക്കാലംപാറ കുടിവെള്ള പദ്ധതിയ്ക്കായി നിർമ്മിച്ച കുളത്തിലെ ജലം ഉപയോഗയോഗ്യമല്ലെന്നും അട്ടക്കൻമല പദ്ധതിയ്ക്കായി പുതിയ സ്ഥലം കണ്ടെത്തി കിണർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും കാക്കൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശവിധേയമായ പദ്ധതികൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന നിർദ്ദേശത്തോടെ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**155. കൊടുവള്ളി ഗ്രാമപഞ്ചായത്ത് തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**വിവിധ പദ്ധതികൾക്കായി വാങ്ങിയ വസ്തുവകകൾ കാടുപിടിച്ചു കിടക്കുന്നു പദ്ധതികൾ കടലാസിലൊതുങ്ങി, കോടികളുടെ ആസ്തി നിഷ്ക്രിയം**

വിവിധ പദ്ധതികളുടെ നടത്തിപ്പിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾ ഒട്ടേറെ ഭൂമി ആസ്തിയായി ആർജ്ജിച്ചിട്ടുണ്ട്. എന്നാൽ തുടർപ്രവർത്തനങ്ങൾ ഒന്നുംതന്നെ നടത്താത്തതിനാൽ കോടിക്കണക്കിന് രൂപ വിലയുള്ള ഭൂമി വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിഷ്ക്രിയാസ്തിയായി നിലകൊള്ളുകയാണ്. പരിശോധന നടത്തിയ തദ്ദേശഭരണ സ്ഥാപനങ്ങളിൽ മാത്രം 4.77 കോടി രൂപയുടെ ഭൂമിയാണ് നിഷ്ക്രിയാസ്തിയായിട്ടുള്ളത്. ഉദാഹരണങ്ങൾ ഇനിപ്പറയുന്നു:

* കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിൽ 2008-09-ൽ പുതിയ കുടിവെള്ള വിതരണ ശൃംഖല ആരംഭിക്കുവാനായി 7.20 ഏക്കർ സ്ഥലം ഏറ്റെടുക്കുവാൻ 1,21,33,000 രൂപ ഭൂമി വിലയായി ജില്ലാ കളക്ടറുടെ പേർക്ക് ഡെപ്പോസിറ്റ് ചെയ്തു. ഇതുവരെ ഭൂമി ഏറ്റെടുക്കുകയോ, പദ്ധതി ആരംഭിക്കുകയോ ചെയ്തിട്ടില്ല.

**വ്യവസായകേന്ദ്രം തുടങ്ങാൻ വാങ്ങിയത് കുന്നിൻപ്രദേശം; 26 ലക്ഷം രൂപയുടെ പാഴ്ച്ചെലവ്**

കോഴിക്കോട് ജില്ലയിലെ തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കാനുള്ള കേന്ദ്രം ആരംഭിക്കുവാൻ ആയഞ്ചേരി ഗ്രാമപഞ്ചായത്തിൽ 2008-09-ൽ 4 ഏക്കർ സ്ഥലം വാങ്ങി. 9,46,500 രൂപയാണ് ഇതിനായി ചെലവഴിച്ചത്. തുടർന്ന് 2010-11 ൽ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രോജക്ട് രൂപീകരിക്കുകയും സ്ഥലം നിരപ്പാക്കൽ, റോഡ് നിർമ്മാണം, ചുറ്റുമതിൽ എന്നീ പ്രവൃത്തികൾ കരാറുകാരായ

ഊരാളുങ്കൽ ലേബർ സൊസൈറ്റിയെ ഏൽപ്പിക്കുകയും ചെയ്തു. നിരപ്പാക്കൽ പ്രവൃത്തികൾ ഭാഗികമായി പൂർത്തിയാക്കി. പ്രവൃത്തി സൈറ്റിലേക്ക് റോഡ് സൗകര്യം ഇല്ലാത്തതിനാൽ നിർമ്മാണ വസ്തുക്കൾ സൈറ്റിലെത്തിക്കാൻ പ്രയാസമുണ്ടെന്നും, പ്രവൃത്തി തുടങ്ങാൻ നിർവ്വാഹമില്ലെന്നും 6-4-2011-ലെ കത്തിലൂടെ സൊസൈറ്റി അറിയിച്ചു. അടിസ്ഥാന സൗകര്യ വികസനത്തിനായി 16,54,102 രൂപയാണ് ചെലവഴിച്ചത്. നാലുവശങ്ങളും താഴ്ന്നതും, മധ്യഭാഗം ഉയർന്നുനിൽക്കുന്നതുമായ കുന്നിൻപ്രദേശമാണ് വ്യവസായകേന്ദ്രം തുടങ്ങുവാനായി വാങ്ങിയതെന്ന് 25-11-2014-ലെ സ്ഥലപരിശോധനയിൽ വ്യക്തമായി. വ്യവസായ കേന്ദ്രം തുടങ്ങുവാനായി വാങ്ങിയ സ്ഥലത്ത്, റോഡുവഴി എത്തിച്ചേരാൻ കഴിയുന്ന ഭാഗം അനിയന്ത്രിതമായ മണ്ണുമാറ്റൽമൂലം പ്രവേശനം തന്നെ അസാധ്യമായ നിലയിലാണ്.

വ്യവസായകേന്ദ്രത്തിന് ആവശ്യമായ റോഡുസൗകര്യം ലഭ്യമാണോ എന്നുപോലും ഉറപ്പുവരുത്താതെയാണ് സ്ഥലം വാങ്ങിയത്. ലക്ഷക്കണക്കിന് രൂപ ചെലവിട്ട് വാങ്ങിയ ഭൂമിയിൽ ലെവലിംഗ് ജോലികൾപോലും പൂർത്തിയാക്കാനാവാതെ പദ്ധതി പൂർണ്ണമായും ഉപേക്ഷിച്ച നിലയാണിപ്പോൾ.

* മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്ത് വൃദ്ധ-വികലാംഗ ക്ഷേമകേന്ദ്രം സ്ഥാപിക്കുവാനായി 2002-03-ൽ 4,76,100 രൂപ ചെലവഴിച്ച് ഭൂമി വാങ്ങി. 2003-04 ൽ 5,08,248 രൂപ മുടക്കി ചുറ്റുമതിലും നിർമ്മിച്ചു. എന്നാൽ കെട്ടിട നിർമ്മാണം ഇതുവരെ നടന്നിട്ടില്ല. നിലവിൽ സ്ഥലം കാടുമൂടിക്കിടക്കുന്നു. കുറുവ ഗ്രാമപഞ്ചായത്ത് 1998-99 മുതൽ 2010-11 വരെ വ്യവസായ പ്ലോട്ട് എന്ന നിലയ്ക്ക് 22,98,366 രൂപ ഭൂമി വാങ്ങൽ, റോഡ് നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം എന്നിവയ്ക്കായി ചെലവഴിച്ചു. എന്നാൽ യാതൊരു തുടർപ്രവർത്തനങ്ങളുമില്ലാതെ നിലവിൽ ഭൂമി കാടുപിടിച്ചു കിടക്കുകയാണ്.

* കോഴിക്കോട് ജില്ലാപഞ്ചായത്ത് എസ്.സി. വിഭാഗം വിദ്യാർത്ഥികൾക്ക് മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുവാൻ 2009-10-ൽ 1,81,87,085 രൂപ ചെലവഴിച്ച് വടകര താലൂക്കിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിൽ 10 ഏക്കർ ഭൂമി വാങ്ങി. 2010-11-ൽ 9,12,000 രൂപ ചെലവഴിച്ച് സ്ഥലത്തിന് കമ്പിവേലിയും കെട്ടി. ആകെ 1,90,99,085 രൂപ യാണ് ജില്ലാ പഞ്ചായത്ത് ചെലവഴിച്ചത്. മേൽ സ്കൂളിന് സമീപ ഗ്രാമപഞ്ചായത്തായ ചക്കിട്ടപ്പാറയിൽ 9 ഏക്കർ ഭൂമി നേരത്തെ റവന്യൂ വകുപ്പ് പട്ടികജാതി വികസന വകുപ്പിന് കൈമാറിയ വിവരം ജില്ലാ ഓഫീസർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിരുന്നു വെങ്കിലും (24-7-2009-ലെ 6785/09 നമ്പർ കത്ത്) ആയത് പരിഗണിക്കാതെയാണ് പുതിയ സ്ഥലം ജില്ലാപഞ്ചായത്ത് വാങ്ങിയത്. നിലവിൽ ഈ ഭൂമി തരിശായി കിടക്കുകയാണ്. കോഴിക്കോട് ജില്ലാപഞ്ചായത്ത് ശ്രദ്ധാഭവനം നിർമ്മിക്കുവാനായി 2007-08-ൽ 34,51,000 രൂപ ചെലവഴിച്ചു വാങ്ങിയ ഭൂമിയും തരിശായി കിടക്കുന്നു.

കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര ഗ്രാമപഞ്ചായത്ത് 2006-07-ൽ 28,05,530 രൂപ ചെലവഴിച്ച് കളിസ്ഥലം നിർമ്മിക്കുവാനുള്ള ഭൂമി വാങ്ങി. എന്നാലിതുവരെ കളിസ്ഥലം നിർമ്മിച്ചിട്ടില്ല. സ്ഥലം കാടുപിടിച്ച് കിടക്കുന്നു. മുക്കം ഗ്രാമപഞ്ചായത്ത് 2006-ൽ 3,54,700 രൂപ ചെലവഴിച്ച് മണാശ്ശേരി പൊതുശ്മശാനത്തിന് സ്ഥലം വാങ്ങി. എന്നാൽ മറ്റു പ്രവൃത്തികൾ ഒന്നും നടക്കാതെ സ്ഥലം കാടുപിടിച്ച് കിടക്കുകയാണ്.

മുക്കം ഗ്രാമപഞ്ചായത്ത് തോട്ടത്തിൻകടവിൽ ചെറുകിട വ്യവസായകേന്ദ്രം സ്ഥാപിക്കുവാനായി 2008-09-ൽ സ്ഥലം വാങ്ങി. എന്നാൽ 6,72,033 രൂപ ചെലവിട്ട് വാങ്ങിയ സ്ഥലത്ത് വ്യവസായകേന്ദ്രം സ്ഥാപിക്കുവാനുള്ള തുടർ പ്രവർത്തനങ്ങൾ ഒന്നും നടത്തിയിട്ടില്ല. 2010-ൽ 25,38,698 രൂപ ചെലവിട്ട് തോട്ടത്തിൻകടവ് മാതൃകാകോളനിക്ക് സ്ഥലം വാങ്ങിയെങ്കിലും തുടർപ്രവർത്തനങ്ങൾ ഒന്നും തന്നെ നടന്നിട്ടില്ല. സ്ഥലം നിഷ്ക്രിയ ആസ്തിയായി അവശേഷിക്കുന്നു.

* വയനാട് ജില്ലാപഞ്ചായത്ത് 1998-99-ൽ 15,52,312 രൂപ ചെലവഴിച്ച് കണിയാമ്പറ്റയിൽ മിനിവ്യവസായ പാർക്കിന് വാങ്ങിയ സ്ഥലം കാടുപിടിച്ച് കിടക്കുകയാണ്. ഇവിടെ കയ്യേറ്റങ്ങളും നടന്നിട്ടുണ്ട്. ജില്ലാപഞ്ചായത്ത് 1998-99 ൽ എടവക ഗ്രാമപഞ്ചായത്തിൽ 4,40,000 രൂപ ചെലവഴിച്ച് മിനിവ്യവസായ പാർക്കിന് വാങ്ങിയ സ്ഥലവും കാടുപിടിച്ച് കിടക്കുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 4.1.8]

ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

**കൊല്ലം കോർപ്പറേഷൻ**

156. കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിൽ കുടിവെള്ള ശൃംഖല ആരംഭിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുത്ത് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് കിഫ്ബിയിൽ വകയിരുത്തിയ തുകയുടെ അടിസ്ഥാനത്തിൽ വാട്ടർസപ്ലൈ സ്കീമിന്റെ സോയിൽ ഇൻവെസ്റ്റിഗേഷൻ ആരംഭിച്ചിട്ടുണ്ടെന്നും, പ്രസ്തുത സ്ഥലത്തിന്റെ കാര്യത്തിൽ ഹൈക്കോടതി കേസും വെറ്റ്ലാന്റിന്റെ പ്രശ്നങ്ങളുമുണ്ടായിരുന്നത് പരിഹരിച്ച് കഴിഞ്ഞുവെന്നും, കൂടാതെ അവാർഡ് തുക പാസ്സാക്കിയെങ്കിലും പുതിയ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം റീ-അസസ്സ്മെന്റ് നടത്തേണ്ടിവന്നുവെന്നും നിലവിൽ പ്രശ്നങ്ങളൊന്നുമില്ലെന്നും സെക്രട്ടറി, കൊല്ലം കോർപ്പറേഷൻ സമിതിയെ ബോധിപ്പിച്ചു.

157. സ്ഥലം ഏറ്റെടുക്കാത്തതുകൊണ്ട് പുതിയ നിയമപ്രകാരം സ്ഥലമുടമകൾക്ക് നഷ്ടപരിഹാരം നൽകേണ്ടി വരുമെന്ന് അഭിപ്രായപ്പെട്ട സമിതി പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കുമോ എന്ന് ചോദ്യമുന്നയിച്ചതിന് പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

158. എടവണ്ണ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച സമിതി ചോദ്യത്തിന് വൃദ്ധ-വികലാംഗ ക്ഷേമകേന്ദ്രം സ്ഥാപിക്കുന്നതിനായി വാങ്ങിയ 3 ഏക്കർ സ്ഥലത്ത് വികലാംഗക്ഷേമത്തിനായുള്ള പദ്ധതികളൊന്നും നടപ്പിലാക്കിയില്ലെന്നും, 2 ഏക്കർ സ്ഥലം ഹാച്ചറി നിർമ്മിക്കുന്നതിലേയ്ക്കായി സർക്കാരിന് നൽകിയിട്ടുണ്ടെന്നും, കൂടാതെ വനിതാ തൊഴിൽ പരിശീലന കേന്ദ്രം അവിടെ പ്രവർത്തിക്കുന്നുണ്ടെന്നും, നിലവിൽ ഒരു പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നും എടവണ്ണ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥൻ അറിയിച്ചു. തുടർന്ന് പ്രസ്തുത മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

159. കുറുവ ഗ്രാമപഞ്ചായത്തിൽ വ്യവസായ യൂണിറ്റ് ആരംഭിക്കുന്നതിന് പഞ്ചായത്ത് വാങ്ങിയ ഭൂമി ലീസിന് നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന കുറുവ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥന്റെ മറുപടി സമിതി അംഗീകരിച്ചു.

160. തോടന്നൂർ ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച മറുപടി നൽകാത്തതിന് കാരണം സമിതി ആരാഞ്ഞതിന് വ്യവസായ കേന്ദ്രം ആരംഭിക്കുന്നതിന് സ്ഥലം വാങ്ങിയത് സംബന്ധിച്ചുള്ള റിപ്പോർട്ട് ലഭിച്ചിട്ടില്ലായെന്ന് ജെ.ഡി.സി. ഗ്രാമവികസന കമ്മീഷണറേറ്റ് മറുപടി നൽകിയതിനെ തുടർന്ന് പ്രസ്തുത ഓഡിറ്റ് പരാമർശം സമിതിയുടെ അടുത്ത തെളിവെടുപ്പ് യോഗത്തിൽ പരിഗണിക്കുവാൻ തീരുമാനിച്ചു.

161. റവന്യൂ വകുപ്പിന്റെ സ്ഥലമുള്ളപ്പോൾ സ്കൂളിനായി മറ്റൊരു സ്ഥലം വാങ്ങി എന്നുള്ള ഓഡിറ്റ് പരാമർശം സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് റവന്യൂ വകുപ്പ് ലഭ്യമാക്കാമെന്ന് അറിയിച്ച സ്ഥലം സംബന്ധിച്ച് ഒരു കേസ് നിലവിലുള്ളതിനാൽ ആയത് ലഭ്യമാക്കിയില്ലെന്നും അതിനാലാണ് സ്കൂളിനായി 10 ഏക്കർ സ്ഥലം പഞ്ചായത്ത് വാങ്ങിയതെന്നും നിലവിൽ പ്രസ്തുത സ്ഥലത്ത് സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരികയാണെന്നും കോഴിക്കോട് ജില്ലാപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

162. കാക്കൂർ ശ്രദ്ധാഭവനം നിർമ്മിക്കുന്നതിനായി വാങ്ങിയ ഭൂമി ഉപയോഗിക്കാതെ ഇട്ടിരിക്കുന്നതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ചും, ടി കെട്ടിടത്തിന്റെ

നിർമ്മാണം ഏത് ഘട്ടത്തിലാണ് എന്നത് സംബന്ധിച്ചും സമിതി ചോദ്യമുന്നയിച്ചതിന് മാനസികരോഗം ഭേദമായവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി കെട്ടിടം നിർമ്മിക്കുന്നതിനായാണ് പ്രസ്തുത സ്ഥലം വാങ്ങിയതെന്നും, സ്ഥലത്ത് ചുറ്റുമതിൽ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും ഇതിലേക്കായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും, സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ തുടർ പ്രവർത്തനങ്ങൾ നടത്തി വരികയാണെന്നും, നിലവിലെ സാമ്പത്തിക വർഷത്തിൽത്തന്നെ കെട്ടിട നിർമ്മാണത്തിനായി ഒരു കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ടെന്ന് കോഴിക്കോട് ജില്ലാപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് പ്രസ്തുത മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

163. രാമനാട്ടുകര ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് 2006-07 കാലയളവിൽ കളിസ്ഥലം നിർമ്മിക്കുന്നതിനായിട്ടാണ് പഞ്ചായത്ത് 2 ഏക്കറോളം വരുന്ന ഭൂമി വാങ്ങിയതെന്നും നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നശേഷം ടി സ്ഥലം ഉപയോഗിക്കാൻ സാധിക്കാതെ വന്നുവെന്നും സെക്രട്ടറി അറിയിച്ചു. തുടർന്ന് തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥലമായതിനാൽ 2 ഏക്കറോളം വരുന്ന ഭൂമി മണ്ണിട്ട് നികത്തുന്നതിന് അനുവാദം ലഭിക്കുമെന്ന് തോന്നുന്നില്ലെന്നും, പ്രസ്തുത സ്ഥലം നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്നതിനാൽ സ്ഥലം പഞ്ചായത്ത് ഫലപ്രദമായി വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് മാത്രമേ സമിതിക്ക് അഭിപ്രായപ്പെടാൻ സാധിക്കുകയുള്ളൂവെന്നും അറിയിച്ച സമിതി സെക്രട്ടറിയുടെ മറുപടി അംഗീകരിക്കുന്നതായും അറിയിച്ചു.

164. മുക്കം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന സമിതി ചോദ്യത്തിന് പഞ്ചായത്തിൽ ഒരു പൊതുശ്മശാനം നിർമ്മിക്കുന്നതിനായി 2006-07 കാലയളവിലാണ് പ്രസ്തുത 40 സെന്റ് ഭൂമി വാങ്ങിയതെന്നും, ടി ഭൂമിയുടെ സമീപത്തായി ഒരു അമ്പലം സ്ഥിതിചെയ്യുന്നുണ്ടെന്നും, ആയതിനാൽ പ്രാദേശികമായി എതിർപ്പുയർന്നതിനാൽ ശ്മശാന നിർമ്മാണം ആരംഭിക്കാൻ സാധിച്ചില്ലെന്നും, തുടർന്ന് ടി സ്ഥലം ലൈഫ് ഭവന പദ്ധതിയിലുൾപ്പെടുത്തി നഗരസഭയുടെ ഗുണഭോക്തൃ ലിസ്റ്റിലെ 48 കുടുംബങ്ങളുടെ പാർപ്പിടാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താമെന്ന് പഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുത്തിട്ടുണ്ടെന്നും മുക്കം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

165. വ്യവസായ ആവശ്യങ്ങൾക്കായി വാങ്ങിയ ഭൂമിയും ഉപയോഗിക്കാതെ കിടക്കുന്നത് സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞപ്പോൾ പ്രസ്തുത സ്ഥലത്തും പ്രാദേശികമായ എതിർപ്പ് ഉയർന്നതിനാലാണ് പദ്ധതി പ്രവർത്തനം ഉപേക്ഷിക്കേണ്ടിവന്നതെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു. വ്യവസായ കേന്ദ്രം സ്ഥാപിക്കാനുള്ള തുടർപ്രവർത്തനങ്ങൾ

സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ സമിതി നിർദ്ദേശിച്ചു. മാതൃകാ കോളനി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് എന്താണ് തടസ്സമെന്ന് സമിതി ചോദിച്ചപ്പോൾ എസ്.സി. വിഭാഗക്കാരുടെ ഭവന പദ്ധതിയുടെ ഭാഗമായി പച്ചക്കാട് വാങ്ങിയ ഭൂമിയാണിതെന്നും ടി സ്ഥലവും ഈ വിഭാഗക്കാരുടെ പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിനായി ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുകയാണെന്നും സെക്രട്ടറി മറുപടി നൽകി. തുടർന്ന് സെക്രട്ടറിയുടെ മറുപടി സമിതി അംഗീകരിച്ചു.

166. 1998-99 കാലയളവിൽ 15,52,312 രൂപ ചെലവഴിച്ച കണിയാമ്പറ്റയിലും, 4,40,000 രൂപ ചെലവഴിച്ച് എടവക ഗ്രാമപഞ്ചായത്തിലും മിനി വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിലേയ്ക്കായി വാങ്ങിയ സ്ഥലം കാടുപിടിച്ചുകിടക്കുകയാണെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചതിന് കണിയാമ്പറ്റയിലുള്ള 2.435 ഏക്കർ സ്ഥലത്ത് പട്ടികവർഗ്ഗ വനിതാ കരകൗശല ഉല്പാദന വിപണന കേന്ദ്രത്തിനുള്ള കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണെന്നും ഈ മാസംതന്നെ പ്രവൃത്തി പൂർത്തീകരിച്ച് പ്രസ്തുത സ്ഥാപനം പ്രവർത്തനം ആരംഭിക്കുന്നതാണെന്നും, നിലവിൽ അഗ്രികൾച്ചറൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിന്റെയും, കാർഷികയന്ത്രോപകരണങ്ങൾ ഉപയോഗിക്കുന്നതിന് പരിശീലനം നൽകുന്ന കസ്റ്റം ഹിയറിംഗ് സെന്ററിന്റെയും നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ടെന്നും കെട്ടിടത്തിന് പുറകുവശത്ത് കുറച്ച് ഭാഗത്തുള്ള കാട് വൃത്തിയാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും, മൂന്ന് വശങ്ങളും അളന്ന് തിട്ടപ്പെടുത്തി കമ്പിവേലി കെട്ടിയിട്ടുണ്ടെന്നും, നാട്ടുകാരുടെ പ്രതിഷേധം കാരണം 100 മീറ്ററിന് താഴെയുള്ള കുറച്ച് സ്ഥലം അളന്ന് തിട്ടപ്പെടുത്താൻ സാധിച്ചിട്ടില്ലെന്നും പ്രസ്തുത സ്ഥലം കയ്യേറ്റം ചെയ്തിരിക്കുകയാണെന്നും, കയ്യേറ്റം ഒഴിപ്പിച്ച് അതിര് തിരിക്കുന്നതിലേയ്ക്കായി സർവ്വേയർ വന്നെങ്കിലും ബോധ്യപ്പെടാത്തതിനാൽ അളവ് നടത്താതെ പോവുകയാണുണ്ടായതെന്നും, നിലവിൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നും വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

167. സർക്കാർ ഭൂമിആർക്കും വിട്ടുകൊടുക്കാൻ പാടില്ലെന്നും അത് കർശനമായി പാലിക്കണമെന്നും നിർദ്ദേശിച്ച സമിതി പ്രസ്തുത സ്ഥലം വാങ്ങിയപ്പോൾത്തന്നെ കുടുംബശ്രീക്കാർക്ക് പച്ചക്കറികൃഷിക്കായി കൊടുത്തിരുന്നെങ്കിൽ ഇത്തരത്തിലൊരു പ്രശ്നം ഉണ്ടാകുമായിരുന്നില്ലെന്ന് അഭിപ്രായപ്പെട്ടു. ആയതിന് നിലവിൽ പ്രസ്തുത സ്ഥലത്തിന്റെ ചെറിയൊരു ഭാഗം ഒഴികെ ബാക്കിയുള്ളവയ്ക്ക് വ്യക്തത വരുത്തിയിട്ടുണ്ടെന്നും, അവിടെ വേറെയും ചില സ്ഥാപനങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും, അതിര് സംബന്ധിച്ച പ്രശ്നം ഉടനടി പരിഹരിക്കുന്നതാണെന്നും സെക്രട്ടറി തുടർന്നറിയിച്ചു.

168. എടവക ഗ്രാമപഞ്ചായത്തിലെ വാളേരി എന്ന സ്ഥലത്ത് കുടംബശ്രീയ്ക്ക് വേണ്ടി ഒരു യൂണിറ്റ് സ്ഥാപിച്ചിരുന്നുവെങ്കിലും നിലവിൽ അത് പ്രവർത്തനരഹിതമാണെന്നും, കെട്ടിടത്തിന്റെ

ബാക്കി ഭാഗത്ത് പ്ലാസ്റ്റിക് ഷ്രേഡിംഗ് യൂണിറ്റ് ആരംഭിച്ചിട്ടുണ്ടെന്നും, ബത്തേരി കളക്ഷൻ ഫെസിലിറ്റി സെന്ററിനായി പുതിയൊരു കെട്ടിടം നിർമ്മിച്ച് പ്രവർത്തനം ആരംഭിക്കാൻ പോവുകയാണെന്നും, അവിടത്തെ ഹരിത കർമ്മസേന വളരെ നല്ല പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ടെന്നും HADA പദ്ധതിക്കാലത്ത് 1.10 ഏക്കർ സ്ഥലം ഗ്രാമപഞ്ചായത്തിന് സെന്റേർഡ് റൈസ് മിൽ സ്ഥാപിക്കുന്നതിനുവേണ്ടി അനുവദിച്ചിട്ടുണ്ടായിരുന്നു എന്നും ഹാഡയും പഞ്ചായത്തുമായിട്ടായിരുന്നു സാമ്പത്തിക ഇടപാടെന്നും പദ്ധതി ആരംഭിക്കാത്തതിനെ തുടർന്ന് 2018 മാർച്ച് മാസത്തിൽ പ്രസ്തുത ഫണ്ട് തിരിച്ചടയ്ക്കുകയാണുണ്ടായതെന്നും, പ്രസ്തുത സ്ഥലം പദ്ധതി ഉപേക്ഷിക്കപ്പെട്ട് നിലവിൽ വിജനമായിക്കിടക്കുകയാണെന്നും, ജില്ലാ പഞ്ചായത്തിന്റെ പ്ലാനിൽ ഉൾപ്പെടുത്തി അവിടെ തുടർപദ്ധതികൾ ചെയ്യേണ്ടിവരുമെന്നും, നിലവിൽ അവിടെ കയ്യേറ്റമൊന്നും ഇല്ലെന്നും വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചതിനെത്തുടർന്ന് 2.435 ഏക്കർ സ്ഥലം സംരക്ഷിക്കുമോയെന്നും, ബാക്കി സ്ഥലത്ത് പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനായി തുടർ പദ്ധതികൾ എന്തെങ്കിലും തയ്യാറാക്കിയിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന് അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള പദ്ധതികൾ സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പ് യോഗം നടക്കുന്നുണ്ടെന്നും , ആസ്പിരേഷൻ ഡിസ്ട്രിക്ട് പ്രോജക്ടിൽ വയനാട് ജില്ലയെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അതിന്റെ ഭാഗമായി സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ Skill India പ്രോജക്ടിനുവേണ്ടി ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി ഓയിൽ കോർപ്പറേഷൻ സ്ഥലം ആവശ്യപ്പെട്ടിട്ടുണ്ടെന്നും, പ്രസ്തുത പ്രോജക്ടിനുവേണ്ടി സ്പോട്ട് ഐഡന്റിഫൈ ചെയ്തുകൊടുക്കുകയാണെങ്കിൽ training, skilling തുടങ്ങിയ രീതിയിലുള്ള ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കാനുള്ള സൗകര്യം നൽകാമെന്നാണ് അറിയിച്ചിട്ടുള്ളതെന്നും, ഗവൺമെന്റ് സ്ഥലമുണ്ടെങ്കിൽ മാത്രമേ അത് സാധ്യമാകൂവെന്നും അതിന് വേണ്ടി സ്ഥലം ആവശ്യപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത പദ്ധതിയ്ക്ക് ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡുമായിട്ടുള്ള പ്രൊപ്പോസൽ ആയിട്ടില്ലെന്നും, ചർച്ച നടക്കുന്നതേയുള്ളൂവെന്നും വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**169. കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിൽ കുടിവെള്ള ശൃംഖല ആരംഭിക്കുന്നതിനുള്ള പദ്ധതിയുമായി ബന്ധപ്പെട്ട സ്ഥലത്തിന്റെ കാര്യത്തിൽ നിലനിന്നിരുന്ന ഹൈക്കോടതി കേസും വെറ്റ് ലാന്റിന്റെ പ്രശ്നവും പരിഹരിച്ചുകഴിഞ്ഞതായി സെക്രട്ടറി ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന നിർദ്ദേശത്തോടെ പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

**170. തോടന്നൂർ ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശത്തിന്മേൽ സർക്കാർ മറുപടി നാളിതുവരെയും ലഭ്യമാക്കാതിരുന്നത് വകുപ്പിന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ അനാസ്ഥയാണെന്ന് സമിതി വിലയിരുത്തുന്നു.**

171. സമാഹൃത ഓഡിറ്റ് റിപ്പോർട്ട് സഭയിൽ സമർപ്പിച്ച് 3 മാസത്തിനകം സർക്കാർ മറുപടി ലഭ്യമാക്കണമെന്നിരിക്കെ പ്രസ്തുത പരാമർശം സമിതിയുടെ പരിഗണനയിൽ വന്നിട്ടും ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ മറുപടി ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. പരാമർശ വിഷയവുമായി ബന്ധപ്പെട്ട സർക്കാർ മറുപടി ലഭ്യമാക്കാത്തതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും പരാമർശം സംബന്ധിച്ച ന്യൂനതാ പരിഹാര നടപടി പത്രിക, പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് എന്നിവ അടിയന്തരമായി സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

172. എടവണ്ണ ഗ്രാമപഞ്ചായത്തിൽ വൃദ്ധ-വികലാംഗ ക്ഷേമകേന്ദ്രം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

173. കുറുവ ഗ്രാമപഞ്ചായത്തിൽ വ്യവസായ യൂണിറ്റ് ആരംഭിക്കുന്നതിനായി വാങ്ങിയ ഭൂമി ലീസിന് നൽകാനുള്ള നടപടികൾ ആരംഭിച്ചുവെന്ന കുറുവ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

174. ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിൽ കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂൾ നിർമ്മിക്കുന്നതിനായി വാങ്ങാൻ നിശ്ചയിച്ചിരുന്ന റവന്യൂ വകുപ്പിന്റെ സ്ഥലവുമായി ബന്ധപ്പെട്ട് കേസ് നിലനിൽക്കുന്നതിനാലാണ് പ്രസ്തുത ഭൂമി വാങ്ങാതിരുന്നതെന്നും പകരം മരുതോങ്കര ഗ്രാമപഞ്ചായത്തിൽ സ്കൂളിനായി വാങ്ങിയ 10 ഏക്കർ സ്ഥലത്ത് സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണെന്നുമുള്ള ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ സ്കൂൾ കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന നിർദ്ദേശത്തോടെ പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

175. കോഴിക്കോട് ജില്ലാപഞ്ചായത്ത് കാക്കൂർ ശ്രദ്ധാഭവനം നിർമ്മിക്കുവാനായി വാങ്ങിയ ഭൂമിയിൽ ചുറ്റുമതിൽ നിർമ്മാണം പൂർത്തിയായെന്നും കെട്ടിട നിർമ്മാണത്തിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടെന്നുമുള്ള ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പദ്ധതി പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന നിർദ്ദേശത്തോടെ പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

176. രാമനാട്ടുകര ഗ്രാമപഞ്ചായത്തിലെ തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽ വരുന്ന 2 ഏക്കർ ഭൂമി ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന നിർദ്ദേശത്തോടെ പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

177. മുക്കം ഗ്രാമപഞ്ചായത്തിലെ പൊതുശ്മശാനം നിർമ്മിക്കുന്നതിനായി വാങ്ങിയ ഭൂമി ലൈഫ് ഭവന പദ്ധതിയിലുൾപ്പെടുത്തി 48 കുടുംബങ്ങളുടെ പാർപ്പിടാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ടെന്ന മുക്കം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

178. മുക്കം ഗ്രാമപഞ്ചായത്തിലെ തോട്ടത്തിൻ കടവിൽ ചെറുകിട വ്യവസായ കേന്ദ്രം സ്ഥാപിക്കുന്നതിനായി വാങ്ങിയ സ്ഥലത്ത് വ്യവസായകേന്ദ്രം സ്ഥാപിക്കുന്നതിനായി കൈക്കൊണ്ട തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന ഓഡിറ്റ് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

179. മുക്കം ഗ്രാമപഞ്ചായത്തിലെ തോട്ടത്തിൻകടവിൽ മാതൃകാ കോളനി സ്ഥാപിക്കുന്നതിനായി വാങ്ങിയ ഭൂമി എസ്.സി. വിഭാഗക്കാരുടെ തന്നെ പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിനായി ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുകയാണെന്ന മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

180. വയനാട് ജില്ലാപഞ്ചായത്ത് കണിയാമ്പറ്റയിൽ മിനി വ്യവാസായ പാർക്ക് സ്ഥാപിക്കുന്നതിനായി വാങ്ങിയ സ്ഥലത്തെ കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ച് സ്ഥലം സംരക്ഷിക്കണമെന്നും സർക്കാർ ഭൂമി ആർക്കും വിട്ടുകൊടുക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

181. എടവക ഗ്രാമപഞ്ചായത്തിലെ സ്ഥലം നിലവിൽ വിജനമായി കിടക്കുകയാണെന്നും ടി സ്ഥലത്ത് പുതിയ പദ്ധതികൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയാണെന്നും വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**ഉപയോഗമില്ലാതെ കിടക്കുന്ന മത്സ്യമാർക്കറ്റുകളും ചന്തകളും**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കോടിക്കണക്കിന് രൂപ ചെലവിട്ടു നിർമ്മിച്ചിട്ടുള്ള മത്സ്യമാർക്കറ്റുകൾ, ചന്തകൾ, ഫിഷ് പ്രോസസിംഗ് സെന്ററുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ എന്നിവയിൽ പലതും നിഷ്ക്രിയാസ്തികളായി മാറിയിട്ടുണ്ട്. ശരിയായ ആസൂത്രണത്തിന്റെയും ദീർഘവീക്ഷണത്തിന്റെയും അഭാവമാണ് ഇത്തരം പദ്ധതികളുടെ പരാജയത്തിനുള്ള മുഖ്യ കാരണം.

കോഴിക്കോട് ജില്ലയിലെ വടകര നഗരസഭയിൽ 2011-12-ൽ 29,82,224 രൂപ വിനിയോഗിച്ച് നാരായണ നഗരം മത്സ്യ മാർക്കറ്റ് പണികഴിപ്പിച്ചു. ഇത് നിലവിൽ പ്രവർത്തിക്കുന്നില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 4.1.9]

182. നാരായണ നഗരം മത്സ്യമാർക്കറ്റ് 29 ലക്ഷം രൂപ ചെലവാക്കിയാണ് നിർമ്മിച്ചതെന്നും അതിൽ 7.5 ലക്ഷം രൂപ ഫിഷറീസ് വകുപ്പിന്റെ പണമായിരുന്നുവെന്നും പൊതുജനങ്ങളുടെ പ്രക്ഷോഭം ഉണ്ടായതുകാരണം മത്സ്യമാർക്കറ്റ് തുറക്കാൻ സാധിച്ചില്ലായെന്നും നിലവിൽ പ്രസ്തുത കെട്ടിടം നഗരസഭയുടെ എം.ആർ.എഫ് ആയി പ്രവർത്തിച്ചു വരുകയാണെന്നും ഫിഷറീസ് വകുപ്പിന്റെ ഫണ്ട് ഉൾപ്പെട്ട നിർമ്മാണമായതുകൊണ്ട് കെട്ടിടത്തിന്റെ ഉപയോഗക്രമം വകമാറ്റി ഉപയോഗിക്കുന്നതിന് വേണ്ടിയുള്ള സാധൂകരണത്തിനായി കൗൺസിൽ തീരുമാനമെടുത്ത് സർക്കാരിലേക്ക് കൊടുത്തിട്ടുണ്ടെന്നും വടകര മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

183. പ്രസ്തുത പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**184. വടകര മുനിസിപ്പാലിറ്റിയിൽ 29 ലക്ഷം രൂപ ചെലവിട്ട് മത്സ്യമാർക്കറ്റിനായി പണിതീർത്ത കെട്ടിടം മലിനീകരണ പ്രശ്നം മൂലമുള്ള പൊതുജനപ്രക്ഷോഭം മൂലം നിലവിൽ എം.ആർ.എഫ്. ആയി പ്രവർത്തിക്കുകയാണെന്നും ഫിഷറീസ് വകുപ്പിന്റെ 7.5 ലക്ഷം രൂപ കെട്ടിട നിർമ്മാണത്തിനായി ഉപയോഗിച്ചിരിക്കുന്നതിനാൽ കെട്ടിടത്തിന്റെ ഉപയോഗത്തിലുള്ള മാറ്റത്തിന്റെ സാധൂകരണത്തിനായുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണെന്നും സമിതി**

**മനസ്സിലാക്കുന്നു. ആയതിനാൽ ഇത് സംബന്ധിച്ച സാധൂകരണം തേടി സമിതിയ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശത്തോടെ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അശരണർ പെരുകുന്നു, പകൽവീടുകൾ അടഞ്ഞുകിടക്കുന്നു**

സമൂഹത്തിൽ എണ്ണം കൂടിവരുന്ന വൃദ്ധജനതയുടെ ക്ഷേമം ലക്ഷ്യമിടുന്ന സംരംഭങ്ങളാണ് പകൽവീടുകളും, വൃദ്ധസദനങ്ങളും. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വലിയൊരു ശതമാനം പകൽവീടുകളും പ്രവർത്തനമേതുമില്ലാതെ അടഞ്ഞുകിടക്കുന്നതായാണ് ഓഡിറ്റ് കണ്ടെത്തിയിട്ടുള്ളത്. ഇത്തരം സ്ഥാപനങ്ങളുടെ തുടർനടത്തിപ്പിനായി ക്രിയാത്മകമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പരാജയപ്പെടുന്നു. ഓഡിറ്റ് പരിശോധന നടത്തിയ 217 തദ്ദേശഭരണ സ്ഥാപനങ്ങളിലായി 2.66 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച പകൽവീടുകളും വൃദ്ധസദനങ്ങളും സാന്ത്വനകേന്ദ്രങ്ങളുമാണ് നിഷ്ക്രിയാവസ്ഥയിലുള്ളത്. ആവർത്തനച്ചെലവ് വരുന്ന സംരംഭങ്ങൾ എന്ന നിലയിൽ, പകൽവീടുകളുടെ തുടർനടത്തിപ്പ് ഏറ്റെടുക്കുവാൻ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിമുഖത കാട്ടുന്നു.

പകൽവീടുകളും വൃദ്ധസദനങ്ങളും പ്രവർത്തനമില്ലാതെ നിഷ്ക്രിയമായതിന് ഉദാഹരണങ്ങൾ ഇനിപ്പറയുന്നു:

* തിരുവനന്തപുരം ജില്ലയിലെ വക്കം ഗ്രാമപഞ്ചായത്ത് 2003-04-ൽ 12,23,795 രൂപ വിനിയോഗിച്ച് നിർമ്മിച്ച വൃദ്ധസദനം പ്രവർത്തനമില്ലാത്ത നിലയിലാണ്. കെട്ടിടം നാളിതുവരെ വൈദ്യുതീകരിച്ചിട്ടില്ല. കുടിവെള്ള സൗകര്യവും പാചകപ്പുരയും ഇല്ല.

* കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്ത് 2003-04-ൽ 3,36,439 രൂപ ചെലവഴിച്ച നിർമ്മിച്ച പകൽവീട്, 2004-05-ൽ 1,19,740 രൂപ വിനിയോഗിച്ച നിർമ്മിച്ച വൃദ്ധസദനം എന്നിവ ബഡ്സ് സ്കൂളുകളാക്കി മാറ്റിയിരിക്കുന്നു.

**വൃദ്ധസദനത്തിന് വാങ്ങിയത് റിവോൾവിംഗ് ചെയറുകൾ**

കൊല്ലം ജില്ലയിലെ കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് 2009-10 ൽ 1,37,474 രൂപ ചെലവിട്ട് പകൽവീട് നിർമ്മിച്ചു. 2010 ഏപ്രിലിൽ ഉദ്ഘാടനം കഴിഞ്ഞെങ്കിലും കെട്ടിടം പൂട്ടിക്കിടക്കുകയാണ്. 2010-11-ൽ പകൽവീട്ടിൽ ഭൗതികസാഹചര്യം ഒരുക്കുവാനായി 1,79,416 രൂപ ചെലവിട്ട് ഫർണിച്ചർ വാങ്ങി. എക്സിക്യൂട്ടീവ് ടേബിളും, റിവോൾവിംഗ് ചെയറുകളുമാണ് പകൽവീടിനായി വാങ്ങിയിട്ടുള്ളത്. എന്നാൽ ഫർണിച്ചർ ഇതുവരെ പകൽവീടിന് കൈമാറിയിട്ടില്ല. വൃദ്ധർക്ക് വിശ്രമത്തിന് അനുയോജ്യമല്ലാത്ത ഫർണിച്ചറുകൾ വാങ്ങിയത് എന്തിനെന്നും വ്യക്തമല്ല.

* മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്ത് 2,59,074 രൂപ ചെലവഴിച്ച് നിർമ്മിച്ച വൃദ്ധവിശ്രമകേന്ദ്രം ഉപയോഗമില്ലാതെ അടഞ്ഞുകിടക്കുകയാണ്. വഴിക്കടവ് ഗ്രാമപഞ്ചായത്ത് 2012-13-ൽ 5,59,054 രൂപ ചെലവഴിച്ച് നിർമ്മിച്ച വൃദ്ധജനങ്ങൾക്കുള്ള വിശ്രമകേന്ദ്രവും പ്രവർത്തനരഹിതമാണ്.

* കോഴിക്കോട് ജില്ലയിലെ കാക്കൂർ ഗ്രാമപഞ്ചായത്തിലുള്ള വൃദ്ധസദനം പ്രവർത്തനരഹിതമാണ്. 2009-ൽ 4,77,739 രൂപ ചെലവിട്ടാണ് ഈ കെട്ടിടം നിർമ്മിച്ചത്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 4.1.10]

ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

185. വക്കം ഗ്രാമപഞ്ചായത്തിൽ 2003-04 കാലയളവിലെ പദ്ധതിയിലുൾപ്പെടുത്തി നിർമ്മിച്ച വൃദ്ധസദനത്തിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും സമിതി ആരാഞ്ഞതിന്, ഡിമെൻഷ്യ സെന്റർ തുടങ്ങുന്നതിനായി സാമൂഹികനീതി വകുപ്പിന് നൽകിയ പ്രസ്തുത കെട്ടിടത്തിൽ ഇത് സംബന്ധിച്ച പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ലെന്നും പ്രസ്തുത വിവരം അറിയിച്ച് സാമൂഹ്യ നീതി വകുപ്പ് ഗവൺമെന്റിന് കത്തയച്ചിട്ടുണ്ടെന്നും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളിന്റെ പ്രവർത്തനത്തിനായി കെട്ടിടം വിട്ടുനൽകണമെന്ന് സാമൂഹ്യ നീതി വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് ബഡ്സ് റീ-ഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കാമെന്നാണ് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെന്നും സെക്രട്ടറി, വക്കം ഗ്രാമപഞ്ചായത്ത് സമിതിയെ ബോധിപ്പിച്ചു. വൃദ്ധസദനം വേണ്ടെന്ന് തീരുമാനിച്ചോ എന്നും, കെട്ടിടം ബഡ്സ് സ്കൂൾ ആക്കിമാറ്റാൻ കഴിയുന്നത് എന്നാണ് എന്നും സമിതി ചോദ്യമുന്നയിച്ചതിന് വൃദ്ധസദനത്തിന്റെ നടത്തിപ്പിനുള്ള റെക്കറിംഗ് ചാർജ് വഹിക്കാൻ കഴിയാത്തതിനാൽ സാമൂഹ്യ നീതി വകുപ്പിലേയ്ക്ക് കൈമാറാൻ തീരുമാനിച്ചിരുന്നെന്നും ഡിമെൻഷ്യ സെന്റർ ആരംഭിക്കുവാൻ കഴിയില്ലെന്ന് അറിയിച്ച് കഴിഞ്ഞ മാസമാണ് സാമൂഹ്യ നീതി വകുപ്പിൽനിന്നും മറുപടി ലഭിച്ചതെന്നും തുടർനടപടി സംബന്ധിച്ച് 2018 സെപ്റ്റംബർ 10-ാം തീയതിയിലെ ഭരണസമിതി യോഗത്തിൽ തീരുമാനമെടുക്കുമെന്നും സെക്രട്ടറി സമിതിയെ ബോധിപ്പിച്ചതിനെതുടർന്ന് പ്രസ്തുത അജണ്ടയിൽ ഇക്കാര്യം ഉൾപ്പെടുത്തി ബഡ്സ് സ്കൂൾ പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാൻ സമിതി നിർദേശിച്ചു.

186. പന്മന ഗ്രാമപഞ്ചായത്തിൽ ഗുണഭോക്താക്കളില്ലാത്ത സാഹചര്യത്തിലാണ് വൃദ്ധസദനം ബഡ്സ് റീ-ഹാബിലിറ്റേഷൻ സെന്ററാക്കി മാറ്റിയതെന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത്**

**വൃദ്ധസദനത്തിന് വാങ്ങിയത് റിവോൾവിംഗ് ചെയറുകൾ**

187. കിഴക്കേക്കല്ലട ഗ്രാമപഞ്ചായത്തിലെ പകൽ വീട് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, 2018 ജനുവരി 1 മുതൽ പ്രവർത്തിക്കുന്നുണ്ടെന്ന കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയുടെ മറുപടിയെ തുടർന്ന് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

188. തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്തിൽ വൃദ്ധജനങ്ങൾക്കായുള്ള വിശ്രമകേന്ദ്രം (പകൽ വീട്) നിർമ്മിച്ച് ഇലക്ട്രിക് കണക്ഷനും കുടിവെള്ള കണക്ഷനും ലഭ്യമാക്കുന്നതിലേയ്ക്കായി ബന്ധപ്പെട്ട വകുപ്പുകൾക്ക് അപേക്ഷ നൽകിയിട്ടുണ്ടെന്നും പ്രസ്തുത സൗകര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് വിശ്രമകേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണെന്നുമുള്ള തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി സമിതി അംഗീകരിച്ചു.

189. വഴിക്കടവ് വിശ്രമകേന്ദ്രത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന് വയോജനങ്ങൾക്ക് എത്തിപ്പെടാൻ സാധ്യമല്ലാത്ത കയറ്റത്തിലാണ് വിശ്രമകേന്ദ്രം നിർമ്മിച്ചതെന്നും നിലവിൽ ആയത് വനിതാ ശാക്തീകരണത്തിന്റെ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയാണെന്നും വഴിക്കടവ് ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. പ്രസ്തുത വിശ്രമകേന്ദ്രത്തിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

190. കാക്കൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും നൽകിയ മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**191. വക്കം ഗ്രാമപഞ്ചായത്തിൽ വൃദ്ധസദനത്തിനായി നിർമ്മിച്ച കെട്ടിടത്തിൽ വൃദ്ധസദനം നടത്താൻ സാധിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത കെട്ടിടം നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ബഡ്സ് സ്കൂളിന്റെ പ്രവർത്തനത്തിനായി വിട്ടുകൊടുക്കുവാൻ നടപടി സ്വീകരിക്കുമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ബഡ്സ് സ്കൂൾ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

**192. പന്മന ഗ്രാമപഞ്ചായത്തിലെ വൃദ്ധസദനം ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററാക്കി മാറ്റിയത് ഗുണഭോക്താക്കളില്ലാത്തതിനാലാണെന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുന്നു.**

**193. കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിലെ പകൽ വീട് നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്ന കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

**194. വൈദ്യുതി കണക്ഷനും ഇലക്ട്രിക് കണക്ഷനും ലഭ്യമാകുന്നമുറയ്ക്ക് വൃദ്ധജനങ്ങൾക്കായുള്ള വിശ്രമകേന്ദ്രം പ്രവർത്തനം ആരംഭിക്കുമെന്ന തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**195. വഴിക്കടവ് ഗ്രാമപഞ്ചായത്ത് നിർമ്മിച്ച വിശ്രമകേന്ദ്രത്തിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

**196. കാക്കൂർ ഗ്രാമപഞ്ചായത്തിലെ പഴിമല വൃദ്ധസദനം സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പിന്റെ നിരീക്ഷണം വിലയിരുത്തിയ സമിതി ആവശ്യം ഉറപ്പ് വരുത്താതെയും തിട്ടപ്പെടുത്താതെയും ശരിയായ പഠനം നടത്താതെയും പദ്ധതി രൂപീകരിക്കുന്നതിനാലാണ് നിർദ്ദിഷ്ട പദ്ധതി ലക്ഷ്യം കൈവരിക്കാതെ പോയതെന്ന് മനസ്സിലാക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതുഫണ്ട് വിനിയോഗിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്ന നിർദ്ദേശത്തോടെ കാക്കൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഭവനപദ്ധതികൾ നടപ്പായില്ല-3.37 കോടി രൂപയുടെ ആസ്തികൾ നിഷ്ക്രിയം**

കോടിക്കണക്കിന് രൂപ ചെലവിട്ടിട്ടും ലക്ഷ്യം കൈവരിക്കാത്ത ഭവനപദ്ധതികൾ പലതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുണ്ട്. ശാസ്ത്രീയമായും ദീർഘവീക്ഷണത്തോടെയുള്ളതുമായ പ്രവർത്തനങ്ങളിലൂടെ മാത്രമേ ഇത്തരം പദ്ധതികൾ വിജയിപ്പിക്കാനാകൂ. ഇപ്രകാരമുള്ള പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഭവനനിർമ്മാണ, അനുബന്ധ പദ്ധതികൾ നിഷ്ക്രിയാസ്തികളായി തുടരുന്നതിന്റെ ഉദാഹരണങ്ങൾ ഇനിപ്പറയുന്നു:

മലപ്പുറം ജില്ലയിലെ പൊന്നാനി നഗരസഭ 2009-10, 2010-11 വർഷങ്ങളിലായി 2.79 കോടി രൂപ ചെലവഴിച്ച പദ്ധതിയായ നെയ്ത്തല്ലൂർമോഡൽ വില്ലേജും ഫിഷർമെൻ കോളനി ഭവനപദ്ധതിയും 7-2-2009-ലെ ഒറിജിനൽ കരാർ പ്രകാരം 6-8-2010-നകം നിർമ്മാണം പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ പദ്ധതി നിലവിൽ മുടങ്ങിക്കിടക്കുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 4.1.11]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

**പൊന്നാനി നഗരസഭ**

197. ഭവന പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കാത്തത് സംബന്ധിച്ച് പ്രസ്തുത യോഗത്തിൽ സമിതി ചോദ്യമുന്നയിച്ചതിന് IHSDP (Integrated Housing and Slum Development Programme) ഭവന പദ്ധതിയിൽപ്പെട്ടതും 2.79 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ചതും 26.68 $m^2$ വീതം വിസ്തീർണ്ണമുള്ളതുമായ 120 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചെങ്കിലും നിലവിൽ ആയത് ഗുണഭോക്താക്കൾക്ക് നൽകാൻ സാധിക്കാത്ത അവസ്ഥയിലാണെന്നും വീടുകളുടെ വിസ്തീർണ്ണം കുറവായതിനാൽ ആയത് മനുഷ്യവാസയോഗ്യമല്ലെന്ന പരാതികൾ ഉണ്ടായതിനെ തുടർന്ന് നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കാതെ ഉപേക്ഷിച്ചതായും പ്രസ്തുത ഭവനനിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിലും വിജിലൻസ് കോടതിയിലും കേസ് നിലനിൽക്കുന്നുണ്ടെന്നും പൊന്നാനി നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

198. പ്രസ്തുത വീടുകളുടെ കൺസ്ട്രക്ഷൻ ഏത് കമ്പനിയെ ആണ് ഏൽപ്പിച്ചതെന്നും, മാനദണ്ഡങ്ങൾക്കനുസൃതമായാണോ പ്രസ്തുത കമ്പനി വീടുകളുടെ നിർമ്മാണ ചുമതല നിർവ്വഹിച്ചതെന്നും സമിതി ആരാഞ്ഞതിന് ആലുവ കേന്ദ്രമായി പ്രവർത്തിക്കുന്ന പുതിയേടത്ത് എഞ്ചിനീയറിംഗ് കൺസ്ട്രക്ഷൻ എന്ന കമ്പനിയാണ് വീടുകൾ നിർമ്മിച്ചതെന്നും പ്രോജക്ടുകൾ പ്രകാരമുള്ള വിസ്തീർണ്ണത്തിലാണ് വീടുകൾ നിർമ്മിച്ചിട്ടുള്ളതെന്നും പൊന്നാനി നഗരസഭാ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

199. പ്രസ്തുത വിഷയം ഗൗരവമായ ഒന്നാണെന്നും, പ്രത്യേകിച്ച് മത്സ്യത്തൊഴിലാളികൾ, പട്ടികജാതി/പട്ടികവർഗ്ഗക്കാർ എന്നിവർക്ക് വീട് അനുവദിച്ച് നൽകുമ്പോഴുണ്ടാകുന്ന അവസ്ഥയാണിതെന്നും വിലയിരുത്തിയ സമിതി ഹൈക്കോടതിയിലെയും വിജിലൻസ് കോടതിയിലെയും കേസ്സിന്റെ വിധി സംബന്ധിച്ച വിവരങ്ങൾ സമിതിയ്ക്ക് നൽകുവാനും പ്രസ്തുത ഗുണഭോക്താക്കൾക്ക് വീട് ഉറപ്പാക്കാനുള്ള നടപടി സ്വീകരിക്കുവാനും നിർദ്ദേശിച്ചു.

200. പ്രസ്തുത വീടുകൾ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയതിനെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ ആയതിലേയ്ക്കായി പ്രൊപ്പോസൽ നൽകിയിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് കോടതിയുടെ പരിഗണനയിലുള്ള വിഷയമാകയാൽ തുടർനടപടികൾ സ്വീകരിക്കാൻ കോടതിയുടെ അനുമതി വാങ്ങണമോയെന്ന് മുനിസിപ്പാലിറ്റി വക്കീലുമായി ആലോചിക്കണമെന്ന് അഭിപ്രായപ്പെട്ട സമിതി പ്രസ്തുത

പദ്ധതിയുമായി ബന്ധപ്പെട്ട ടെക്നിക്കൽ സാങ്ഷൻ നൽകിയതിലും ഇംപ്ലിമെന്റ് ചെയ്തതിലും പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വിലയിരുത്തുകയും ഗുണഭോക്താക്കൾക്ക് പകരം സംവിധാനം ഒരുക്കുന്നതോടൊപ്പം ഭവനനിർമ്മാണ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വീഴ്ചവരുത്തിയതിന്, ഉത്തരവാദികളായ ഉദ്യോഗസ്ഥരെ കണ്ടെത്തണമെന്നും പ്രസ്തുത വിഷയത്തിൽ സെക്രട്ടറി പ്രത്യേക ശ്രദ്ധ ചെലുത്തി സമഗ്രമായ അന്വേഷണ റിപ്പോർട്ട് സമിതി മുമ്പാകെ ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**201. പൊന്നാനി നഗരസഭ 2009-10, 2010-11 വർഷങ്ങളിലായി 2.79 കോടി രൂപ ചെലവഴിച്ച് നടപ്പിലാക്കിയ നെയ്തല്ലൂർ മോഡൽ വില്ലേജും ഫിഷർമെൻ കോളനി ഭവന പദ്ധതിയും പ്രകാരം 26.68 $M^2$ വിസ്തീർണ്ണമുള്ള 120 വീടുകൾ നിർമ്മിച്ചെങ്കിലും വീടുകളുടെ വിസ്തീർണ്ണം കുറവായതിനാൽ ആയത് വാസയോഗ്യമല്ലാത്തതാണെന്ന പരാതിയെ തുടർന്ന് കരാർ പ്രകാരം 6-8-2010-ൽ പൂർത്തീകരിക്കേണ്ടിയിരുന്ന പദ്ധതി യഥാസമയം പൂർത്തീകരിക്കാതിരിക്കുകയും തുടർന്ന് പദ്ധതി ലക്ഷ്യം കൈവരിക്കാൻ കഴിയാതെ വന്നതായും പദ്ധതിതുക പാഴ്ചെലവായി തീർന്നതായും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ടെക്നിക്കൽ സാങ്ഷൻ നൽകിയതിലും ഇംപ്ലിമെന്റ് ചെയ്തതിലും ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഭവനനിർമ്മാണ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും ഇത് സംബന്ധിച്ച് സമഗ്രമായ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു.**

**202. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിലെയും വിജിലൻസ് കോടതിയിലെയും കേസിന്റെ വിധി സംബന്ധിച്ച വിവരം സമിതിക്ക് ലഭ്യമാക്കുന്നതിനും പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് വീട് ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും ആയത് സംബന്ധിച്ച് സ്വീകരിച്ച നടപടി റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അറവുശാലകൾ നിഷ്ക്രിയ ആസ്തിയായി മാറുന്നു**

പുതിയ അറവുശാലകൾ സ്ഥാപിക്കുവാനും നിലവിലുള്ളവ നവീകരിക്കാനുമായി വൻതുകകളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവിടുന്നത്. എന്നാൽ പല കാരണങ്ങളാൽ അറവുശാലകൾ പ്രവർത്തിപ്പിക്കാൻ കഴിയാതെ വരുന്നതിനാൽ ഈ

മേഖലയിൽ നടത്തിയിട്ടുള്ള കോടിക്കണക്കിന് രൂപയുടെ നിർമ്മാണങ്ങൾ നിഷ്ക്രിയമായി മാറുകയാണ്. പരിശോധന നടത്തിയ സ്ഥാപനങ്ങളിൽ അറവുശാല സ്ഥാപിക്കൽ, നവീകരണം, യന്ത്രവൽക്കരണം എന്നിവയ്ക്കായി ചെലവഴിച്ചിട്ടുള്ളതിൽ 2.63 കോടി രൂപയുടെ ആസ്തികൾ നിഷ്ക്രിയമായതായി കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ഇനിപ്പറയുന്നു:

- തിരുവനന്തപുരം ജില്ലയിലെ വക്കം ഗ്രാമപഞ്ചായത്ത് 2007-08-ൽ 4,03,007 രൂപ ചെലവഴിച്ചാണ് അറവുശാല സ്ഥാപിച്ചത്. 2011-12-ൽ 2,18,941 രൂപ മുടക്കി കെട്ടിടത്തിന്റെ നവീകരണവും നടത്തി. നിലയ്ക്കാമുക്ക് പൊതുചന്തയുടെ സ്ഥലത്താണ് അറവുശാല സ്ഥാപിച്ചത്. എന്നാൽ ഇതു നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

- മലപ്പുറം ജില്ലയിലെ കരുളായി ഗ്രാമപഞ്ചായത്ത് 14,59,720 രൂപ വിനിയോഗിച്ച് നിർമ്മിച്ച അറവുശാല പ്രവർത്തിക്കാത്ത നിലയിലാണ്.

- കോഴിക്കോട് ജില്ലയിലെ നാദാപുരം ഗ്രാമപഞ്ചായത്ത് 2010-11-ൽ 20,24,528 രൂപ ചെലവിൽ, പാലഞ്ചോല മലയിലെ മാലിന്യസംസ്കരണ കേന്ദ്രത്തിനടുത്ത് അറവുശാല സ്ഥാപിച്ചു. നിലവിൽ അറവുശാല കെട്ടിടത്തിൽ മാലിന്യം കൂട്ടിയിട്ടിരിക്കുകയാണ്. പ്രദേശവാസികളുടെ എതിർപ്പിനെ തുടർന്നാണ് പദ്ധതി പ്രവർത്തിപ്പിക്കാനാവാത്തത് എന്നാണ് ഗ്രാമപഞ്ചായത്ത് ഭരണസമിതി അറിയിച്ചിട്ടുള്ളത്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 4.1.12]

ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

203. 2007-08-ൽ 4,03,007 രൂപ ചെലവഴിച്ച് സ്ഥാപിച്ച അറവുശാലയുടെ നിലവിലെ സ്ഥിതിയെന്താണെന്ന് സമിതി ആരാഞ്ഞതിന് ആയത് നിലവിൽ പ്ലാസ്റ്റിക് നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായുള്ള മെറ്റീരിയൽ റീറ്റെൻഷൻ ഫെസിലിറ്റി (എം.ആർ.എഫ്.) കേന്ദ്രമായി പ്രവത്തിച്ചുകൊണ്ടിരിക്കുകയാണെന്ന് വക്കം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. പ്രസ്തുത സ്ഥലം അറവുശാലയായി ഉപയോഗിക്കാത്തത് എന്തുകൊണ്ടാണെന്നും മെറ്റീരിയൽ റീറ്റെൻഷൻ ഫെസിലിറ്റി കേന്ദ്രത്തിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം കിട്ടിയിട്ടുണ്ടോ എന്നുമുള്ള സമിതിയുടെ ചോദ്യത്തിന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ നടത്തിയ പരിശോധനയിൽ ആധുനിക രീതിയിൽ അറവുശാല പ്രവർത്തിപ്പിക്കുന്നതിനുള്ള ഉപകരണങ്ങൾ ഘടിപ്പിക്കുന്നതിനുള്ള സ്ഥലസൗകര്യം അവിടെ ഇല്ലെന്നാണ് കണ്ടെത്തിയതെന്നും മെറ്റീരിയൽ റീറ്റെൻഷൻ ഫെസിലിറ്റി കേന്ദ്രത്തിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടെന്നും, എം.ആർ.എഫ്. നല്ല

രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും വക്കം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. തുടർന്ന് അറവുശാല നിലവിൽ മെറ്റീരിയൽ റീറ്റെൻഷൻ ഫെസിലിറ്റി കേന്ദ്രമായി പ്രവർത്തിക്കുന്നുവെന്ന സെക്രട്ടറിയുടെ മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

204. കരുളായി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

205. നാദാപുരം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പ്രദേശവാസികളുടെ എതിർപ്പുമൂലമാണ് അറവുശാലയുടെ പ്രവർത്തനം നിർത്തിവച്ചതെന്നും കെട്ടിടം നിഷ്ക്രിയ ആസ്തിയാകാതിരിക്കാനായി ഖരമാലിന്യ സംസ്കരണ യൂണിറ്റാക്കി പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തെങ്കിലും വീണ്ടും പ്രദേശവാസികളുടെ എതിർപ്പിനെ തുടർന്ന് മാതൃകാപരമായി പ്രവർത്തിച്ചുകൊണ്ടിരുന്ന ഈ യൂണിറ്റും നിർത്തലാക്കേണ്ടി വന്നുവെന്നും നേരിട്ടുള്ള പരിശോധനയിൽ മലിനീകരണ പ്രശ്നങ്ങളൊന്നുമില്ലെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞതെന്നും നിലവിൽ നിറവ് പദ്ധതിയുമായി സഹകരിച്ച് മാലിന്യം നീക്കം ചെയ്യുന്നുണ്ടെങ്കിലും ടി കെട്ടിടം നിലവിൽ ഉപയോഗിക്കാൻ സാധിക്കാത്ത നിലയിലാണെന്നും ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് സമിതിയെ അറിയിച്ചു. തുടർന്ന് പ്രസ്തുത മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**206. ആധുനിക അറവുശാല പ്രവർത്തിപ്പിക്കുന്നതിനായുള്ള ഉപകരണങ്ങൾ ഘടിപ്പിക്കുന്നതിനുള്ള സൗകര്യമില്ലാത്തതിനാലാണ് വക്കം ഗ്രാമപഞ്ചായത്തിലെ പരാമർശവിധേയമായ അറവുശാല കെട്ടിടം പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം പ്ലാസ്റ്റിക് നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായുള്ള മെറ്റീരിയൽ റീറ്റെൻഷൻ ഫെസിലിറ്റി കേന്ദ്രമാക്കി മാറ്റിയതെന്നും ആയതിന് ജില്ലാ ആസൂത്രണ സമിതി അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും മെറ്റീരിയൽ റീറ്റെൻഷൻ ഫെസിലിറ്റി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും വക്കം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**207. തദ്ദേശസ്വയംഭരണ വകുപ്പും സംസ്ഥാന ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കരുളായി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**208. നാദാപുരം ഗ്രാമപഞ്ചായത്തിൽ അറവുശാലയ്ക്കായി നിർമ്മിച്ച കെട്ടിടവും ഖരമാലിന്യ സംസ്കരണ യൂണിറ്റും പ്രദേശവാസികളുടെ എതിർപ്പുമൂലം ഉപയോഗിക്കാൻ**

**സാധിക്കാത്ത നിലയിലാണെന്ന് സമിതി മനസ്സിലാക്കുന്നു. ടി വിഷയം സംബന്ധിച്ച് പൊതുജനങ്ങളെ നേരിട്ടുകണ്ട് വസ്തുതകൾ ബോധ്യപ്പെടുത്തി മാലിന്യ സംസ്കരണപ്ലാന്റും അറവുശാലയും പ്രവർത്തനസജ്ജമാക്കുന്നതാണെന്നും ഇതിനുള്ള പ്രവർത്തനങ്ങൾ താഴെ തട്ടിൽ നിന്നും ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ടെന്നുമുള്ള സർക്കാർ മറുപടി അംഗീകരിക്കുന്നതോടൊപ്പം പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കാർഷികോപകരണങ്ങൾ ഉപയോഗശൂന്യം തുരുമ്പെടുക്കുന്നത് കോടികളുടെ ആസ്തികൾ**

വിവിധ കാർഷിക പദ്ധതികളിൽപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങിയിട്ടുള്ള പല കാർഷികോപകരണങ്ങളും ശരിയായ വിധത്തിൽ ഉപയോഗിക്കാതെ നശിക്കുന്ന അവസ്ഥയുണ്ട്. കാർഷിക ഉപകരണങ്ങളുടെ ശരിയായ പ്രവർത്തനമോ മേൽനോട്ടമോ ഉറപ്പുവരുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല. വിവിധ പ്രദേശങ്ങൾക്ക് അനുയോജ്യമല്ലാത്ത കാർഷികോപകരണങ്ങൾ വാങ്ങിയതിനാൽ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയുമുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങിയ കാർഷിക ഉപകരണങ്ങൾ ഉപയോഗമില്ലാതെ നിഷ്ക്രിയമായതിന് ഉദാഹരണങ്ങൾ ഇനിപ്പറയുന്നു:

- കൊല്ലം ജില്ലയിലെ ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് 2008-09-ൽ 3,75,000 രൂപ ചെലവിട്ടുവാങ്ങിയ മൂന്ന് മെതിയന്ത്രങ്ങൾ ഉപയോഗിക്കാതെ ജീർണ്ണാവസ്ഥയിലാണ്. മുഖത്തല ബ്ലോക്ക് പഞ്ചായത്ത് 4,00,000 രൂപ ചെലവിൽ വാങ്ങിയ മൂന്ന് നടീൽ യന്ത്രങ്ങൾ ആർക്കാണ് കൈമാറിയത് എന്നുള്ള യാതൊരുവിവരവും ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമല്ല.

- മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്ത് 2000-01, 2002-03 വർഷങ്ങളിലായി 13,98,923 രൂപ ചെലവഴിച്ച് വാങ്ങിയ കൊയ്ത്ത് മെതിയന്ത്രം സ്വകാര്യവ്യക്തിയുടെ പുരയിടത്തിൽ 5 വർഷത്തിലേറെയായി ഉപയോഗിക്കാതെ കിടക്കുകയാണ്. വട്ടകുളം ഗ്രാമപഞ്ചായത്ത് 2010-11-ൽ 2,01,243 രൂപ ചെലവഴിച്ച് വാങ്ങിയ പവർടില്ലർ, റീപ്പർ എന്നിവ സ്വകാര്യ വ്യക്തിയുടെ പുരയിടത്തിൽ ഉപേക്ഷിക്കപ്പെട്ട നിലയിലാണ്.

- കോഴിക്കോട് ജില്ലയിലെ തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2009-10-ൽ വാങ്ങിയ 6 കൊയ്ത്ത് യന്ത്രങ്ങൾ ഉപയോഗശൂന്യമായ അവസ്ഥയിലാണ് 4,07,370 രൂപ ചെലവഴിച്ചാണ് ഇവ വാങ്ങിയത്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 4.1.13]

ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

209. ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിൽ 2008-09 കാലയളവിൽ 3,75,000 രൂപ ചെലവിട്ട് വാങ്ങിയ മൂന്ന് മെതിയന്ത്രങ്ങളുടെ നിലവിലെ അവസ്ഥയെന്താണെന്ന് സമിതി ആരാഞ്ഞതിന്, അഞ്ച് വർഷത്തോളം ഉപയോഗിച്ച പ്രസ്തുത യന്ത്രങ്ങൾ നെൽകൃഷി കുറഞ്ഞതിനെ തുടർന്ന് ഉപയോഗശൂന്യമായിരിക്കുകയാണെന്നും ആയതിനാൽ അവ കണ്ടംചെയ്യാൻ തീരുമാനിച്ചിരിക്കുകയാണെന്നും ബി.ഡി.ഒ. അറിയിച്ചതിനെത്തുടർന്ന് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

210. മുഖത്തല ബ്ലോക്ക് പഞ്ചായത്തിൽ 4,00,000 രൂപ ചെലവിൽ വാങ്ങിയ 3 നടീൽ യന്ത്രങ്ങൾ ആർക്കാണ് കൈമാറിയതെന്നും നിലവിൽ അവ പ്രവർത്തിക്കുന്നുണ്ടോയെന്നും, നടീൽ യന്ത്രങ്ങൾ നൽകിയതിന്റെ രേഖ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന് 3 നടീൽ യന്ത്രങ്ങൾ വാങ്ങിയതിൽ, ഓരോന്നും തൃക്കോവിൽവട്ടം ചെറിയേല പാടശേഖര സമിതി, മയ്യനാട്-ഉമയനെല്ലൂർ പാടശേഖര സമിതി, മാമ്പുഴ പാടശേഖര സമിതി എന്നിവയ്ക്കാണ് നൽകിയിട്ടുള്ളതെന്നും അതിൽ ആദ്യത്തെ രണ്ട് പാടശേഖര സമിതികളും പ്രസ്തുത യന്ത്രം കൈപ്പറ്റിയതിന്റെ രേഖകൾ ഇംപ്ലിമെന്റിംഗ് ഓഫീസർ മുഖേന ഹാജരാക്കിയിട്ടുണ്ടെന്നും നിലവിൽ പ്രസ്തുത യന്ത്രങ്ങൾ പ്രവർത്തനക്ഷമമല്ലെന്നും ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (ഇൻ-ചാർജ്), മുഖത്തല ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചു. എന്നാൽ ഉമയനെല്ലൂർ പാടശേഖര സമിതി 2005-ൽ നടീൽ യന്ത്രം കൈപ്പറ്റിയിട്ടുണ്ടെന്നുമുള്ള കത്ത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറ്റസ്റ്റ് ചെയ്ത് 11-12-2017-ൽ കമ്മീഷണറേറ്റിൽ നൽകിയിട്ടുണ്ടെന്ന് കമ്മീഷണർ ഗ്രാമവികസന കമ്മീഷണറേറ്റ് സമിതിയെ അറിയിച്ചു.

211. നടീൽ യന്ത്രങ്ങൾ നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയാൽ ആയത് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകാമെന്ന് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് അഭിപ്രായപ്പെട്ടതിനെത്തുടർന്ന് സമിതി പ്രസ്തുത നിർദ്ദേശം ശരിവച്ചു.

212. വട്ടക്കുളം എസ്.സി. സഹകരണ സംഘത്തിന് കാർഷിക സാമഗ്രികൾ വാങ്ങുകയും ടി യന്ത്രങ്ങൾ ഉപയോഗിച്ചതിനുശേഷം സംഘത്തിലെ അംഗങ്ങളായ കർഷകരുടെ വീടുകളിലാണ് സൂക്ഷിക്കുന്നതെന്നും തകരാറിലായ യന്ത്രങ്ങൾ റിപ്പയർ ചെയ്യുന്നതിന് തുക കൂടുതലായതിനാൽ ആയത് കാണിച്ച് സംഘം പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ PWD-മെക്കാനിക്കൽ

എഞ്ചിനീയറിംഗ് വിഭാഗത്തിൽനിന്നും വാല്യുവേഷൻ നടത്തി കാർഷിക ഉപകരണങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നും വട്ടക്കുളം ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥൻ സമിതിയെ ബോധ്യപ്പെടുത്തിയതിനെ തുടർന്ന് തേഞ്ഞിപ്പാലം, വട്ടക്കുളം ഗ്രാമപഞ്ചായത്തുകളിലെ ഉപകരണങ്ങൾ ലേലം നടത്തി പഞ്ചായത്തിലേയ്ക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് സമിതിയെ അറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

213. 2009-10 വർഷങ്ങളിൽ തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ വാങ്ങിയ ആറ് കൊയ്ത്ത് യന്ത്രങ്ങൾ രണ്ട് വർഷത്തിനുശേഷം ഉപയോഗിക്കാത്തത് സംബന്ധിച്ചാണ് പ്രസ്തുത ഓഡിറ്റ് പരാമർശമെന്നും ആദ്യം കൊയ്ത്ത് യന്ത്രങ്ങളാണ് പാടശേഖര സമിതികൾ ഉപയോഗിച്ചുകൊണ്ടിരുന്നത് എന്നും രണ്ട് വർഷം കഴിഞ്ഞപ്പോൾ കൊയ്ത്ത് മെതിയന്ത്രങ്ങൾ സാർവ്വത്രികമാവുകയും കുറഞ്ഞ വാടകയ്ക്ക് കർഷകർക്ക് ലഭ്യമാവുകയും ചെയ്തു എന്നും ആദ്യം നൽകിയ കൊയ്ത്ത് യന്ത്രങ്ങൾ ഉപയോഗിക്കാത്തത് സംബന്ധിച്ച് പാടശേഖര സമിതിയോട് ആരാഞ്ഞതിന് ആയത് കർഷകർക്ക് ലാഭകരമല്ലായെന്ന വിശദീകരണമാണ് ലഭിച്ചിരിക്കുന്നതെന്നും ടി യന്ത്രങ്ങൾ ഉപയോഗിക്കാൻ കഴിയുമോ എന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പൊതുമരാമത്ത് മെക്കാനിക്കൽ എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും പ്രസ്തുത റിപ്പോർട്ട് അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർക്ക് സമർപ്പിക്കുന്ന മുറയ്ക്ക് യന്ത്രങ്ങൾ ഉപയോഗയോഗ്യമാണോ അതോ ലേലം ചെയ്ത് വിൽക്കണോ എന്ന് തീരുമാനിക്കുന്നതാണെന്നും തോടന്നൂർ ബ്ലാക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**214. ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിൽ 2008-09 കാലയളവിൽ വാങ്ങിയ മൂന്ന് മെതിയന്ത്രങ്ങൾ അഞ്ച് വർഷത്തോളം ഉപയോഗിച്ചെന്നും നെൽക്കൃഷി കുറഞ്ഞതിനെ ത്തുടർന്ന് ഉപയോഗശൂന്യമായ യന്ത്രങ്ങൾ കണ്ടംചെയ്യാൻ തീരുമാനിച്ചിരിക്കുകയാണെന്നും ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ അറിയിച്ചതിനെതുടർന്ന് പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

**215. മുഖത്തല ബ്ലോക്ക് പഞ്ചായത്ത് 4,00,000 രൂപ ചെലവഴിച്ച് വാങ്ങിയ 3 നടീൽ യന്ത്രങ്ങൾ പാടശേഖര സമിതികൾക്ക് നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കി ആയത് പരിശോധിച്ചത് സംബന്ധിച്ചുള്ള റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**216. തേഞ്ഞിപ്പാലം, വട്ടക്കുളം എന്നീ ഗ്രാമപഞ്ചായത്തുകൾ വാങ്ങിയതും നിലവിൽ പ്രവർത്തനക്ഷമമല്ലാത്തതുമായ പരാമർശവിധേയമായ കാർഷിക യന്ത്രങ്ങൾ ലേലം നടത്തി പഞ്ചായത്തിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് സമിതിയെ അറിയിക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

**217. 2009-10 കാലയളവിൽ വാങ്ങിയ കൊയ്ത്ത് യന്ത്രങ്ങൾ ഉപയോഗിക്കുന്നത് കർഷകർക്ക് ലാഭകരമല്ലെന്നും ടി യന്ത്രങ്ങൾ ഉപയോഗിക്കാൻ സാധിക്കുമോ എന്നതിനെക്കുറിച്ച് പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർക്ക് നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവ ഉപയോഗ പ്രദമാണോ അതോ ലേലം ചെയ്ത് വിൽക്കേണ്ടിവരുമോയെന്ന് തീരുമാനിക്കുമെന്ന് തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഇ-ടോയ്‌ലെറ്റുകളും ശൗചാലയങ്ങളും പ്രയോജനപ്പെടുന്നില്ല.**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥാപിച്ചിട്ടുള്ള ഇ-ടോയ്‌ലറ്റുകൾ, ശൗചാലയങ്ങൾ എന്നിവയിൽ പലതും പൊതുജനങ്ങൾക്ക് പ്രയോജനപ്പെടാതെ നിഷ്ക്രിയാസ്തികളായി നിലകൊള്ളുന്നുണ്ട്. ഇവയുടെ തുടർനടത്തിപ്പ് തദ്ദേശസ്ഥപനങ്ങൾ ആസൂത്രണം ചെയ്യാത്തതാണ് ഈ അവസ്ഥയ്ക്ക് പ്രധാന കാരണം. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിഷ്ക്രിയാസ്തികളായി മാറിയിട്ടുള്ള ഇ-ടോയ്‌ലെറ്റുകൾക്ക് ഉദാഹരണങ്ങൾ ഇനിപ്പറയുന്നു:

കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ 2012-13-ൽ സ്ഥാപിച്ച 4 ഇ-ടോയ്‌ലെറ്റുകൾ പ്രവർത്തനക്ഷമമല്ല. 14,38,547 രൂപ ചെലവഴിച്ചാണ് ഇവ സ്ഥാപിച്ചത്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 4.1.14]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

218. കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിൽ നിലവിൽ ഇ-ടോയ്‌ലെറ്റുകൾ എല്ലായിടത്തും പ്രവർത്തനക്ഷമമാണോ എന്ന സമിതിയുടെ ചോദ്യത്തിന് M/s. കെൽട്രോൺ, കൊല്ലം കോർപ്പറേഷനിൽ സ്ഥാപിച്ച 4 ടോയ്‌ലെറ്റുകളും പ്രവർത്തനരഹിതമാണെന്നും, ടോയ്‌ലെറ്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് 15,38,547 രൂപ കെൽട്രോൺ കൈപ്പറ്റിയിട്ടുണ്ടെന്നും ഇ-ടോയ്‌ലെറ്റുകൾ റിപ്പയർ ചെയ്യണമെന്നാവശ്യപ്പെട്ട് പല

പ്രാവശ്യം കത്ത് നൽകുകയും ചർച്ച നടത്തുകയും ചെയ്തെങ്കിലും അവർ സഹകരിക്കാത്തതിനെ തുടർന്ന് പ്രസ്തുത തുക പലിശ സഹിതം തിരിച്ചുനൽകുകയോ മെഷീൻ റിപ്പയർ ചെയ്തുതരികയോ ചെയ്യണമെന്നാവശ്യപ്പെട്ട് 3-1-2018-ൽ ലീഗൽ നോട്ടീസ് നൽകിയിട്ടുണ്ടെന്നും പ്രസ്തുത യന്ത്രങ്ങൾ സ്ഥാപിച്ചുകഴിഞ്ഞാൽ മെയിന്റനൻസ് ഒന്നും ചെയ്യാറില്ലെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

219. പൊതുമേഖലാ സ്ഥാപനമാണെന്നുള്ള പരിഗണനയിൽ കെൽട്രോണിനെ ഏൽപ്പിച്ചതിന്റെ ഫലമാണ് നിലവിലെ സ്ഥിതിക്ക് കാരണമെന്നും യാതൊരു ഉത്തരവാദിത്വവുമില്ലാതെ അവർ വർക്ക് ഏജൻസികൾക്ക് കൊടുക്കുകയാണ് ചെയ്യുന്നതെന്നും അഭിപ്രായപ്പെട്ട സമിതി കെൽട്രോൺ മുഖേന ഇ-ടോയ്‌ലെറ്റുകൾ സ്ഥാപിക്കുന്ന രീതി പ്രവർത്തനക്ഷമമാണോ അല്ലയോ എന്നുള്ളത് സംബന്ധിച്ച് അന്വേഷണം നടത്തണമെന്നും ശിപാർശ ചെയ്തു.

### നിഗമനങ്ങൾ/ശിപാർശകൾ

**220. കൊല്ലം കോർപ്പറേഷനിൽ ഇ-ടോയ്‌ലെറ്റുകൾ സ്ഥാപിക്കുന്നതിന് പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിനെ ഏൽപ്പിച്ചെങ്കിലും കെൽട്രോൺ യാതൊരു ഉത്തരവാദിത്വവുമില്ലാതെയാണ് മറ്റു ഏജൻസികളെ വർക്ക് ഏൽപ്പിക്കുന്നതെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ കെൽട്രോൺ മുഖേന ഇ-ടോയ്‌ലെറ്റുകൾ സ്ഥാപിക്കുന്ന രീതി പുനഃപരിശോധിക്കണമെന്നും കെൽട്രോൺ സ്ഥാപിച്ചിട്ടുള്ള ഇ-ടോയ്‌ലെറ്റുകൾ പ്രവർത്തനക്ഷമമാണോ എന്നത് സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**നിഷ്ക്രിയാസ്തികൾ ശ്മശാനം മുതൽ ആംബുലൻസ് വരെ**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലക്ഷ്യങ്ങൾ നേടാനാവാതെ നിഷ്ക്രിയാസ്തികളായി മാറിയിട്ടുള്ള മറ്റുപല സംരംഭങ്ങളും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓഫീസ് സംവിധാനങ്ങൾ, വാഹനങ്ങൾ, സ്റ്റേഡിയങ്ങൾ/പാർക്കുകൾ, ശ്മശാനങ്ങൾ, ജലസേചന സംവിധാനങ്ങൾ എന്നിവയൊക്കെ ഇതിൽപ്പെടും. ഉദാഹരണങ്ങൾ ഇനിപ്പറയുന്നു:

- തിരുവനന്തപുരം ജില്ലയിലെ ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്ത് 2010-11-ൽ 6 ലക്ഷം രൂപ മുടക്കി ഫാമിലിവെൽഫെയർ സെന്റർ നിർമ്മിച്ചു. നിലവിൽ സെന്റർ യാതൊരു പ്രവർത്തനവുമില്ലാതെ അടച്ചിട്ട നിലയിലാണ്. ഇതിനും പുറമേ 2012-13-ൽ 1,39,375 രൂപ മുടക്കി കെട്ടിടം ടൈൽപാകുകയും കിണർ വൃത്തിയാക്കുകയും ചെയ്തു. ഏഴര ലക്ഷത്തോളം രൂപ ചെലവഴിച്ച ഫാമിലിവെൽഫെയർ സെന്റർ നിഷ്ക്രിയാസ്തിയായി മാറിയിരിക്കുകയാണ്.

• കൊല്ലം ജില്ലയിലെ കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് 2008-09-ൽ ആരംഭിച്ച മിനിസ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി 2009-10 വരെ 4,80,482 രൂപ ചെലവഴിച്ചു. എന്നാൽ ഒരു ഭാഗത്തെ മണ്ണിടിക്കൽ മാത്രമേ ഇതുവരെ പൂർത്തിയായുള്ളൂ. നിലവിൽ സ്റ്റേഡിയം നിർമ്മിക്കാനുദ്ദേശിച്ച സ്ഥലം കാടുപിടിച്ചുകിടക്കുന്നു.

കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് നെടുമൺകാവ് സി.എച്ച്.സി.ക്കുവേണ്ടി 2011-12-ൽ 5,11,682 രൂപ ചെലവിട്ട് ആംബുലൻസ് വാങ്ങി. ഇതുവരെ, 5000 കിലോമീറ്ററിൽ താഴെ മാത്രമാണ് ആംബുലൻസ് ഓടിയിട്ടുള്ളത്. നിലവിൽ ഇൻഷ്വറൻസ് പരിരക്ഷയോ, മൈലേജ് സർട്ടിഫിക്കറ്റോ ഇല്ലാത്ത ആംബുലൻസ് നാശോന്മുഖമാണ്.

**ഒരിക്കൽപോലും ഉപയോഗിക്കാത്ത ആംബുലൻസ് തുരുമ്പെടുത്ത് നശിച്ചു**

കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് തൃക്കടവൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിനായി 1999-2000-ൽ 5,50,596 രൂപ ചെലവിട്ട് ആംബുലൻസ് വാങ്ങി, എന്നാൽ ആംബുലൻസ് ഏറ്റെടുക്കുവാൻ മെഡിക്കൽ ഓഫീസർ തയ്യാറായില്ല. നാളിതുവരെ ആംബുലൻസ് ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. നിലവിൽ ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിലെ ഷെഡ്ഡിൽ തുരുമ്പെടുത്ത് നശിച്ച അവസ്ഥയിലാണ് ആംബുലൻസ്.

• മലപ്പുറം ജില്ലയിലെ വേങ്ങര ബ്ലോക്ക് പഞ്ചായത്ത് 2010-11-ൽ 11,67,730 രൂപ ചെലവിട്ട കൊളപ്പുറം-കുറ്റിക്കൊളക്കാട് തോട് വി.സി.ബി. പ്രവർത്തനക്ഷമമായിട്ടില്ല.

**24.79 ലക്ഷം ചെലവഴിച്ച ഫാം പദ്ധതികൾ മുടങ്ങിക്കിടക്കുന്നു**

മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്ത് 24,79,394 രൂപ ചെലവിട്ട രണ്ട് ഫാം പദ്ധതികൾ തുടർപ്രവർത്തനങ്ങൾ ഒന്നുമില്ലാതെ നിഷ്ക്രിയാവസ്ഥയിലാണ്. ആട് ഫാം തുടങ്ങാനുള്ള പദ്ധതി ആവിഷ്കരിച്ചത് 2002-03-ലാണ്. എന്നാൽ 15,06,425 രൂപ ഈ പദ്ധതിക്ക് ചെലവിട്ടിട്ടും ഭൂമി വാങ്ങിയതല്ലാതെ മറ്റ് പ്രവർത്തനങ്ങൾ ഒന്നും നടന്നിട്ടില്ല. 2003-04-ൽ രൂപംനൽകിയ അഗ്രികൾച്ചറൽ ഫാം പദ്ധതി പ്രകാരം 9,72,969 രൂപ ചെലവഴിച്ച് ഭൂമി വാങ്ങി. എന്നാൽ തുടർപ്രവർത്തനങ്ങൾ ഒന്നുമുണ്ടായിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 4.1.15]

ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

221. 2010-11 കാലയളവിൽ 6 ലക്ഷം രൂപ മുടക്കി നിർമ്മിച്ച ഫാമിലി വെൽഫെയർ സെന്ററിന്റെ നിലവിലെ സ്ഥിതിയെന്താണെന്നും നിലവിലെ പ്രവർത്തനത്തിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടോ എന്നുമുള്ള സമിതിയുടെ ചോദ്യത്തിന് ഫാമിലി വെൽഫെയർ സെന്റർ കെട്ടിടത്തിൽ സിദ്ധ ആശുപത്രി പ്രവർത്തിച്ചു വരുന്നുണ്ടെന്നും ഗ്രാമപഞ്ചായത്തിന്റെ തീരുമാനമായതിനാൽ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയിട്ടില്ലെന്നും ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. പ്രസ്തുത കെട്ടിടത്തിൽ സിദ്ധ ആശുപത്രി പ്രവർത്തിച്ചു വരുന്നതായുള്ള സെക്രട്ടറിയുടെ മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

222. 4,80,482 രൂപ ഉപയോഗിച്ച് 50 സെന്റ് സ്ഥലത്ത് സ്റ്റേഡിയം നിർമ്മിക്കാൻ സാധിക്കുമോ എന്നും നിർമ്മാണപ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് നിർമ്മാണപ്രവൃത്തിക്ക് പ്രസ്തുത തുക മതിയാകില്ലെന്നും ചരിഞ്ഞ പ്രദേശമായതിനാൽ സൈഡ് വാൾ കെട്ടി മുകളിൽനിന്നും മണ്ണിടിച്ച് നികത്തി നിരപ്പാക്കിയാൽ മാത്രമേ സ്റ്റേഡിയം നിർമ്മിക്കാൻ സാധിക്കുകയുള്ളൂവെന്നും ആയതിലേയ്ക്കായി 70% മണ്ണ് മാത്രമേ മാറ്റിയിട്ടുള്ളൂവെന്നും ഫണ്ട് ലഭ്യമായാൽ മാത്രമേ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂവെന്നും കിഴക്കേ കല്ലട ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. സ്റ്റേഡിയം നിർമ്മാണം പൂർത്തീകരിക്കുന്നതിനായി പഞ്ചായത്തിന്റെ പദ്ധതിയിൽ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

223. കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിലെ നെടുമൺകാവ് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഉപയോഗത്തിലിരുന്ന ആംബുലൻസ് കൊട്ടാരക്കര താലൂക്ക് ആശുപത്രിയ്ക്ക് കൈമാറിയിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

224. ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിലെ തൃക്കടവൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിനായി 1999-2000-ൽ 5,50,596 രൂപ ചെലവിട്ട് വാങ്ങിയ ആംബുലൻസ് നിലവിൽ ഉപയോഗ്യശൂന്യമായി തുരുമ്പെടുത്ത് നശിക്കുന്നതുമായി ബന്ധപ്പെട്ട് സമിതി ചോദ്യമുന്നയിച്ചതിന് 1999-2000 സാമ്പത്തിക വർഷത്തിൽ ജനകീയാസൂത്രണ പദ്ധതിയിൽ തുക വകയിരുത്തിയാണ് അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്ത് ആംബുലൻസ് വാങ്ങിയതെന്നും 2010-ൽ ഡീലിമിറ്റേഷന്റെ ഭാഗമായി പ്രസ്തുത ബ്ലോക്ക് പഞ്ചായത്ത് നിർത്തലാക്കിയെന്നും ആയതിനാൽ ടി ആംബുലൻസ് വാങ്ങിയത് ചിറ്റുമല ബ്ലോക്ക് പഞ്ചായത്താണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പറയുന്നത് വാസ്തവവിരുദ്ധമാണെന്നും തൃക്കടവൂർ സാമൂഹികാരോഗ്യ കേന്ദ്രം ആംബുലൻസ് ഏറ്റെടുക്കാൻ

തയ്യാറാകാതിരുന്നപ്പോൾ റൂറൽ ട്രെയിനിംഗ് സെന്റർ എന്ന ചാരിറ്റബിൾ സൊസൈറ്റി ഉൾപ്പെടെയുള്ള വിവിധ ഏജൻസികൾ മുഖേന ഏകദേശം 10 വർഷക്കാലം ആംബുലൻസ് സർവ്വീസ് നടത്തിയതായും, ആകെ 54,794 കിലോമീറ്റർ ഓടിയ പ്രസ്തുത ആംബുലൻസിന്റെ വരവ് ഇനത്തിൽ 2,02,175 രൂപ ലഭിച്ചിട്ടുള്ള രേഖകളുണ്ടെന്നും മെയിന്റനൻസ് ഇനത്തിൽ അൻപത്തിരണ്ടായിരം രൂപയിലധികം ആവശ്യമുള്ള ടി ആംബുലൻസ് കൊല്ലം ജില്ലാ ആരോഗ്യ കേന്ദ്രം ഏറ്റെടുക്കാത്തതിനെ തുടർന്ന് അന്നത്തെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി ഇത് സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനെ ഏൽപ്പിക്കാൻ തീരുമാനിച്ചെങ്കിലും സ്ഥാപന മേധാവി ടി വാഹനം ആവശ്യമില്ലെന്ന് അറിയിക്കുകയുണ്ടായെന്നും ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് സമിതിയെ ബോധിപ്പിച്ചു.

225. അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്ത് തൃക്കടവൂർ സാമൂഹികാരോഗ്യ കേന്ദ്രവുമായി ഒരു ധാരണയുമില്ലാതെ വാങ്ങിയ പ്രസ്തുത ആംബുലൻസ് ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് അന്നത്തെ കമ്മിറ്റി തീരുമാന പ്രകാരമായിരിക്കാം അത് വാങ്ങിയതെന്നും അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്ത് നിർത്തലാക്കിയപ്പോൾ ഫയലുകളും രജിസ്റ്ററുകളുമൊഴികെ ആസ്തികളൊന്നും കൈമാറിയിട്ടില്ലെന്നും ടി ആംബുലൻസ് പ്രസ്തുത ബ്ലോക്ക് പഞ്ചായത്തിന്റെ പഴയ കെട്ടിടത്തിലാണ് സൂക്ഷിച്ചിരിക്കുന്നതെന്നും ഇത് കണ്ടംചെയ്യാൻ വേണ്ടി ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തോട് Asset Value certificate ആവശ്യപ്പെട്ടതിനെതുടർന്ന് ഇവർ പരിശോധന നടത്തിയിട്ടുണ്ടെന്നും ഇതിൻമേൽ ഉടൻതന്നെ തീരുമാനം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ബി.ഡി.ഒ. ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് മറുപടി നൽകി.

226. ആംബുലൻസ് കണ്ടംചെയ്യാൻ നടപടി സ്വീകരിച്ചതായി അഡീഷണൽ സെക്രട്ടറി ആന്റ് സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, L.S.G.D. അറിയിച്ചതിനെതുടർന്ന് ഈ വിഷയവുമായി ബന്ധമുള്ള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മരണപ്പെടുകയും സെക്രട്ടറി സർവ്വീസിൽനിന്ന് വിരമിക്കുകയും ചെയ്തതിനാൽ, നിർത്തലാക്കിയ ബ്ലോക്ക് പഞ്ചായത്തിന്റെ കാര്യങ്ങളിൽ തീരുമാനമെടുക്കാൻ അധികാരമുള്ള ഗ്രാമവികസന കമ്മീഷണർ ഇത് സംബന്ധിച്ച് യുക്തമായ തീരുമാനമെടുക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

227. വേങ്ങര ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

228. വാഴക്കാട് ഗ്രാമപഞ്ചായത്തിലെ കുന്തിരിയാട്ട് മലയുടെ മുകളിൽ ആട് ഫാമിനായി 5 ഏക്കർ സ്ഥലവും അഗ്രികൾച്ചറൽ നഴ്സറിക്കായി 2 ഏക്കർ സ്ഥലവും 2002-2003 കാലയളവിൽ വാങ്ങിയെങ്കിലും പ്രസ്തുത ഫാം പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലെന്നും നിലവിൽ എൻ.ആർ.ഇ.ജി.എസ്. പച്ചതുരുത്തിന്റെ ഭാഗമായിട്ടുള്ള പദ്ധതികൾ നടത്തിവരികയാണെന്നും വാഴക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**229. ഫാമിലി വെൽഫെയർ സെന്ററിനായി നിർമ്മിച്ച കെട്ടിടത്തിൽ നിലവിൽ സിദ്ധ ആശുപത്രി പ്രവർത്തിക്കുകയാണെന്ന ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**230. കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിൽ പരാമർശവിധേയമായ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി പഞ്ചായത്തിന്റെ പദ്ധതിയിൽ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**231. കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിലുൾപ്പെട്ട നെടുമൺകാവ് സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ആംബുലൻസ് കൊട്ടാരക്കര താലൂക്ക് ആശുപത്രിക്ക് കൈമാറിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

**232. തൃക്കടവൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിനായി വാങ്ങിയ ആംബുലൻസ് തുരുമ്പെടുത്ത് നശിച്ച വിഷയവുമായി ബന്ധപ്പെട്ട് ഗ്രാമവികസന കമ്മീഷണർ ഉചിതമായ തീരുമാനമെടുത്ത് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**233. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ വേങ്ങര ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**234. 11,85,500 രൂപ വികസന ഫണ്ടിൽനിന്നും ഗുണഭോക്തൃ വിഹിതമായി 1,31,500 രൂപയും ഉപയോഗിച്ച് നടപ്പിലാക്കിയ വി.സി.ബി. കൃഷിക്ക് ഉപയോഗപ്രദമായിരുന്നു എന്നും വർഷങ്ങളായുള്ള ഉപയോഗം കാരണം കേടുപാട് വന്ന ഷട്ടറുകൾ നന്നാക്കാൻ കൃഷിക്ക് നഷ്ടം വന്നതിനാൽ കർഷകർ തയ്യാറായില്ലെന്നും വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. പാടശേഖര സമിതി, കൃഷി വകുപ്പ് എന്നിവരുമായി ചേർന്ന് വി.സി.ബി കേടുപാടുകൾ തീർത്ത് ഉപയോഗപ്രദമാക്കുന്നതിനുള്ള ബ്ലോക്ക് പഞ്ചായത്ത് തീരുമാനം നടപ്പിലാക്കി സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**235. വാഴക്കാട് ഗ്രാമപഞ്ചായത്തിൽ ആട് ഫാമിനായും അഗ്രികൾച്ചറൽ നഴ്സറിക്കായും വാങ്ങിയ ഭൂമിയിൽ നാളിതുവരെയും പ്രവർത്തനങ്ങൾ നടന്നിട്ടില്ലാത്തതായി സമിതി മനസ്സിലാക്കുന്നു. എൻ.ആർ.ഇ.ജി.എസ്.-ന്റെ ഭാഗമായി പ്രസ്തുത സ്ഥലത്ത് നടത്തുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

ടി. പി. രാമകൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021 നവംബർ 9.

<u>അനുബന്ധം I</u>

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക | വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 7 | തദ്ദേശസ്വയംഭരണ വകുപ്പ് | സംസ്ഥാനത്ത് നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ടുകളോ പരിശോധനകളോ ഇല്ലാതെ പണം ചെലവഴിച്ചതുകൊണ്ടാണ് നിഷ്ക്രിയാസ്തികളുടെ തുക ഭീമമായി വർദ്ധിച്ചതെന്ന് സമിതി നിരീക്ഷിക്കുന്നു. |
| 2 | 8 | ” | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിച്ച ശേഷം പൊതുജനങ്ങളെക്കൂടി കാര്യങ്ങൾ ബോധ്യപ്പെടുത്തിയ ശേഷം മാത്രം ഖരമാലിന്യ പ്ലാന്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി തുക ചെലവഴിക്കുന്നതിന് വേണ്ട നിർദ്ദേശം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകുന്നതിനുള്ള നടപടി വകുപ്പ് തലത്തിൽ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 9 | ” | നിലവിൽ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പൊതുമേഖലാ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്നതിന് കോ-ഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിക്കാറുണ്ടെന്നും നിർമ്മാണ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പൂർത്തിയാക്കാൻ കഴിയാത്ത പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വീണ്ടും പെർമിസീവ് സാങ്ഷൻ കൊടുക്കാറുണ്ടെന്നും പ്രസ്തുത സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പ്രവൃത്തികൾ പുറമേയുള്ള ഏജൻസികളെ ഏൽപ്പിക്കാറുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തുടർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങളെ ഏൽപ്പിക്കുമ്പോൾ നിലവിലുള്ള ചട്ടങ്ങളെയും മാനദണ്ഡങ്ങളെയും അടിസ്ഥാനപ്പെടുത്തി മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | 10 | തദ്ദേശസ്വയംഭരണ വകുപ്പ് | പരാമർശവിധേയമായ ഓഡിറ്റ് ഖണ്ഡികയിലുൾപ്പെട്ട യന്ത്രോപകരണങ്ങളുടെ പ്രവർത്തനക്ഷമത പരിശോധിച്ച ശേഷം ഉപയോഗിക്കാൻ കഴിയാത്തവ ലേലം ചെയ്യുന്നതിനും ബാക്കിയുള്ളവ പ്രവർത്തനക്ഷമമാക്കിയും സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തണമെന്ന നിർദ്ദേശത്തോടെ പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 5 | 11 | ” | കൊട്ടാരക്കര ഗ്രാമപഞ്ചായത്ത്, പയ്യോളി നഗരസഭ എന്നിവയുമായി ബന്ധപ്പെട്ട പരാമർശത്തിന്മേലുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ആയവ ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 6 | 34 | ” | കിളിമാനൂർ ഗ്രാമപഞ്ചായത്തിൽ ബയോഗ്യാസ് പ്ലാന്റിനും മാർക്കറ്റിനുമായി അനുവദിച്ച സ്ഥലത്ത് മാർക്കറ്റ് വേണ്ടെന്നുവച്ച് സ്കൂൾ പണിയുന്നതിന് അനുമതി നൽകിയ പഞ്ചായത്തിന്റെ തീരുമാനം അസാധാരണമായ സംഭവമാണെന്ന് സമിതി നിരീക്ഷിക്കുന്നു. |
| 7 | 35 | ” | പദ്ധതിക്ക് ചെലവാകുന്ന വിഹിതത്തിന്റെ ലഭ്യത തിട്ടപ്പെടുത്താതെയും പഞ്ചായത്തിന്റെ തനത് ഫണ്ടിന് പുറമേ ജില്ലാപഞ്ചായത്ത് വിഹിതം ഉറപ്പ് വരുത്താതെയും ബ്ലാക്ക് ലിസ്റ്റിൽപ്പെട്ട ബയോടെക് എന്ന സ്ഥാപനത്തെ പ്ലാന്റ് നിർമ്മാണത്തിന് തെരഞ്ഞെടുത്തതും ജില്ലാ പഞ്ചായത്ത് പ്ലാൻ അപ്രൂവ് ചെയ്യാത്തതും പണി പൂർത്തീകരിച്ചിട്ടില്ലാത്തതുമായ പദ്ധതിയിന്മേൽ പ്രസ്തുത കമ്പനി പത്ത് ലക്ഷം രൂപയുടെ ബിൽ ഹാജരാക്കിയതിലും ക്രമക്കേട് നടന്നിട്ടുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. |
| 8 | 36 | ” | പ്ലാന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഗുരുതര ക്രമക്കേടാണ് നടന്നിട്ടുള്ളതെന്നും സമിതി നിരീക്ഷിക്കുന്നു. പ്ലാന്റ് നിർമ്മാണത്തിന്റെ പൂർത്തീകരണം, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച് പഞ്ചായത്തും ഗവൺമെന്റും പരസ്പര വിരുദ്ധമായ മറുപടി നൽകിയതിന് സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ആയതിനാൽ, പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തി ഉത്തരവാദി ആരാണെന്നത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിനും നഷ്ടോത്തരവാദികളായവരുടെ മേൽ നടപടി സ്വീകരിച്ച് നഷ്ടത്തുക തിരികെ ഈടാക്കി അവരെ അറിയിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | 37 | തദ്ദേശസ്വയംഭരണ വകുപ്പ് | നെയ്യാറ്റിൻകര നഗരസഭയിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ യു.ഐ.ഡി.എസ്.എസ്.എം.ടി. പ്രകാരം നിർമ്മിച്ച ബയോഗ്യാസ് പ്ലാന്റ് പ്രവർത്തന രഹിതമായതിനുകാരണം ഗ്യാരന്റി പീരിഡിൽ അറ്റകുറ്റപ്പണി നടത്താതിരുന്നതു കൊണ്ടാണെന്നും നിലവിലുള്ള പ്ലാന്റ് പ്രവർത്തനക്ഷമമാക്കാൻ യു.ഐ.ഡി.എസ്.എസ്.എം.ടി.യിൽനിന്ന് തന്നെ പണം ലഭ്യമാകുമെന്നും അധികം തുക ഏജൻസിക്ക് നൽകേണ്ടതായി വരികയില്ല എന്നും സമിതി മനസ്സിലാക്കുന്നു. ഓഡിറ്റ് പരാമർശത്തിലെ നിഷ്ക്രിയാസ്തികളിൽ 40 ശതമാനത്തോളം ഖരമാലിന്യ സംസ്കരണ പ്ലാന്റുകളെക്കുറിച്ചാണെന്ന് സമിതി നിരീക്ഷിക്കുന്നു. പരാമർശവിധേയമായ പ്ലാന്റ് പ്രവർത്തനക്ഷമമാക്കുമെന്ന് പഞ്ചായത്ത് സെക്രട്ടറി ഉറപ്പ് നൽകിയിട്ടുള്ളതിനാൽ ആയതിന്മേൽ തുടർനടപടി സ്വീകരിച്ച് താമസംവിനാ റിപ്പോർട്ട് ചെയ്യുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 10 | 38 | ” | കൊല്ലം മുനിസിപ്പൽ കോർപ്പറേഷന്റെ പരിധിയിലുള്ള കുരീപ്പുഴ പ്ലാന്റിനെ സംബന്ധിച്ച ഗ്രീൻ ട്രൈബ്യൂണലിന്റെ പരിധിയിലുള്ള കേസ് തീർപ്പാക്കാൻ കോർപ്പറേഷൻ തുടർനടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പോളയത്തോട് പ്ലാന്റുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിലുള്ള കേസിന്മേൽ നടപടി സ്വീകരിക്കുന്നതിനും റവന്യൂ റിക്കവറി നടപടികൾ ഗവൺമെന്റ് സ്റ്റേ ചെയ്യുവാനുള്ള സാഹചര്യം വിശദമാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 11 | 39 | ” | ഇരവിപുരം, പോളയത്തോട്, തേവള്ളി, മൂന്നാംകുറ്റി എന്നിവിടങ്ങളിലെ മാലിന്യസംസ്കരണ പ്ലാന്റുകൾ റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതിന് ടെണ്ടർ നടപടി സ്വീകരിച്ചിട്ടുള്ളതായി സമിതിയോഗത്തിൽ അറിയിച്ചിട്ടുള്ളതിനാൽ പ്രസ്തുത പ്ലാന്റുകളുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 12 | 40 | തദ്ദേശസ്വയംഭരണ വകുപ്പ് | കൊട്ടാരക്കര ഗ്രാമപഞ്ചായത്തിലെ ഉഗ്രൻകുന്നിൽ 2002-ൽ സ്ഥാപിച്ച മാലിന്യ സംസ്കരണ പ്ലാന്റിന്റെ ഇൻസിനറേറ്റർ തകർന്നിട്ടും പ്രസ്തുത പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. |
| 13 | 41 | ” | പ്രസ്തുത പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 25 ലക്ഷം രൂപ നിഷ്ഫലമായി എന്ന ഓഡിറ്റ് വകുപ്പിന്റെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ 2002 വർഷത്തിൽ തകർന്ന ഇൻസിനറേറ്റർ പ്രവർത്തനക്ഷമമാക്കുന്നതിനുപകരം 2016-17-ൽ 90 ലക്ഷം രൂപ വകയിരുത്തി ഉഗ്രൻകുന്നിൽ മാലിന്യ സംസ്കരണ പ്ലാന്റ് നടപ്പിലാക്കിവരുന്നതായി ഓഡിറ്റ് വകുപ്പിന്റെ മറുപടിയിൽ നിന്ന് സമിതി മനസ്സിലാക്കുന്നു. 2002-ൽ സ്ഥാപിച്ച പ്ലാന്റിന്റെ ഇൻസിനറേറ്റർ തകർന്നതിന്റെ കാരണമെന്താണെന്നും, ഇതു സംബന്ധിച്ച അന്വേഷണം നടത്താതിരുന്നതിനെക്കുറിച്ചും തകർന്ന ഇൻസിനറേറ്റർ മാറ്റി സ്ഥാപിക്കുന്നതിനുള്ള ഉത്തരവാദിത്വം ആർക്കാണെന്നും അന്വേഷണം നടത്തി റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുവാൻ ശിപാർശ ചെയ്യുന്നു. |
| 14 | 42 | ” | ഒരു മെഷീൻ സ്ഥാപിക്കുമ്പോൾ ഗ്യാരന്റി, എ.എം.സി. തുടങ്ങിയ കാര്യങ്ങൾ കരാറിൽ ഉൾപ്പെടുത്തണമെന്നും ഗ്യാരന്റി കാലയളവിൽ മെഷീന്റെ അറ്റകുറ്റപ്പണി നടത്താതിരുന്ന കമ്പനികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 15 | 43 | ” | പൊൻമുണ്ടം ഗ്രാമപഞ്ചായത്തിൽ ഖരമാലിന്യ സംസ്കരണത്തിനായി വേസ്റ്റ് ബിന്നുകൾ വാങ്ങിയതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് പഞ്ചായത്ത് കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ ഇത് സംബന്ധിച്ച ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 16 | 44 | തദ്ദേശസ്വയംഭരണ വകുപ്പ് | മലപ്പുറം ജില്ലയിലെ താഴെക്കാട് ഗ്രാമപഞ്ചായത്തിൽ മൂന്ന് ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ഖരമാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കുമോയെന്നത് പഞ്ചായത്ത് ഭരണസമിതി ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതിനും ആയതിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു. |
| 17 | 45 | ” | ഖരമാലിന്യത്തിന്റെ കുറവ് കാരണം കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ സംസ്കരണ പ്ലാന്റ് ഉപയോഗപ്രദമാക്കുവാൻ കഴിയാത്ത സ്ഥിതിയാണെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെയും കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ മാർക്കറ്റുകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിലെ ജൈവ മാലിന്യങ്ങൾ ശേഖരിച്ചുവയ്ക്കുന്നതിനും അവ മാലിന്യ സംസ്കരണ പ്ലാന്റിലേയ്ക്ക് ലഭ്യമാക്കി പ്ലാന്റിന്റെ പ്രവർത്തനം സുഗമമായി നടത്തികൊണ്ടു പോകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നുവെന്ന സർക്കാർ മറുപടിയും പരിഗണിച്ച സമിതി പ്രസ്തുത മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ആയതിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ നിർദ്ദേശിക്കുന്നു. |
| 18 | 92 | ” | ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്തിലെ പരാമർശ വിധേയമായ കെട്ടിടം നിലവിൽ പ്രവർത്തനക്ഷമമാണെന്ന് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയെങ്കിലും പ്രവർത്തനത്തിന് ആവശ്യമായ തുക വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തുക വകയിരുത്തിയിട്ടില്ലായിരുന്നു എന്നും സമിതി മനസ്സിലാക്കുന്നു. സമിതിയെ തെറ്റിദ്ധരിപ്പിക്കാൻ ഇത്തരത്തിൽ മറുപടി നൽകിയതിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി പഞ്ചായത്ത് നൽകുന്ന മറുപടി വെരിഫൈ ചെയ്യാതെയും റിമാർക്സ് രേഖപ്പെടുത്താതെയും സമിതിക്ക് സമർപ്പിക്കുന്നത് ആവർത്തിക്കരുതെന്ന് നിർദ്ദേശിക്കുന്നു. പ്രസ്തുത പരാമർശം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് സമിതി വകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 19 | 93 | തദ്ദേശസ്വയംഭരണ വകുപ്പ് | മൂന്ന് ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച തൊഴിൽ പരിശീലന കേന്ദ്രത്തിനുള്ള പ്രസ്തുത കെട്ടിടം 20 വർഷത്തോളം നിഷ്ക്രിയമായി കിടന്ന കാരണം അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും സമിതി നിർദ്ദേശിക്കുന്നു. |
| 20 | 94 | ” | തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനിൽ 1998-99-ൽ ആരംഭിച്ച ഐ.ടി. പാർക്ക് കെട്ടിട നിർമ്മാണം 2011-12-ൽ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും നിലവിലും പ്രസ്തുത കെട്ടിടം നിഷ്ക്രിയമായി തുടരുകയാണെന്നും 56 ലക്ഷം രൂപയോളം ചെലവഴിച്ച് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടും അവ ഉപയോഗശൂന്യമായി കൂട്ടിയിട്ടിരിക്കുന്നതിന്റെ ഉത്തരവാദിത്വം ടെക്നിക്കൽ കമ്മിറ്റി ചെയർമാൻ അടക്കമുള്ള ഇംപ്ലിമെന്റിംഗ് ഏജൻസിക്കാണെന്ന് സമിതി വിലയിരുത്തുന്നു. |
| 21 | 95 | ” | സർക്കാർ ഐ.ടി. പാർക്കുകൾക്കായി അടിസ്ഥാന സൗകര്യങ്ങളും വ്യക്തികൾക്ക് പദ്ധതി നടത്തിപ്പിനായി അവസരം നൽകുകയും ചെയ്യുമ്പോൾ സംരംഭക ഗ്രൂപ്പിന് മാത്രമേ അനുമതി നൽകുകയുള്ളൂ എന്ന കോർപ്പറേഷന്റെ നിലപാടിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. 2012-13, 2014-15 വർഷങ്ങളിൽ നടത്താൻ ലക്ഷ്യമിട്ടിരുന്ന പദ്ധതികൾ ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ പരാജയ പ്പെട്ടതായി സമിതി മനസ്സിലാക്കുന്നു. 75%-ത്തിലധികം ബാങ്ക്‌ലോൺ ഉള്ളതിനാൽ പദ്ധതിയുടെ നടത്തിപ്പിനായി സംരംഭക ഗ്രൂപ്പിന് മാത്രമേ അർഹതയുള്ളൂ എന്ന് നിബന്ധനയുള്ളതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഐ. ടി. പാർക്കുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കണമെന്നും അതോടൊപ്പം പ്രസ്തുത കെട്ടിടം കോർപ്പറേഷൻ വ്യക്തികൾക്കായി നൽകണ മെന്നും അതിനായി സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ നിബന്ധനയിൽ മാറ്റം വരുത്തുന്നതിനായി തുടർനടപടി സ്വീകരിക്കണമെന്നുമുള്ള സമിതി നിർദ്ദേശത്തെ തുടർന്ന് പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കി ഐ. ടി. പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിക്ക് നൽകിയ ഉറപ്പ് നടപ്പിലാക്കിയത് സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 22 | 96 | തദ്ദേശസ്വയംഭരണ വകുപ്പ് | ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് എസ്.സി. ഫണ്ട് വകമാറ്റി ചെലവഴിച്ചത് സംബന്ധിച്ച് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കുന്നതിനും ഫണ്ട് വകമാറ്റി ചെലവഴിച്ചത് സംബന്ധിച്ച് സർക്കാർ അംഗീകാരം വാങ്ങി ആയതിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 23 | 97 | ” | മേലൂർ ഗ്രാമപഞ്ചായത്തിലെ കുവക്കാട്ടുകുന്നിൽ നിർമ്മിച്ച വനിതാ വ്യവസായ സംഭരണശാലയുടെ പണി അടിയന്തരമായി പൂർത്തിയാക്കുന്നതിനും പ്രസ്തുത കെട്ടിടം ഉപയോഗപ്രദമാക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു. |
| 24 | 98 | ” | നെല്ലിക്കുന്ന് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ ആറ് മുറികളിൽ, ജില്ലാ പഞ്ചായത്തിന് വിട്ടുനൽകിയ രണ്ട് മുറികൾ തിരികെ ലഭ്യമാക്കി അറ്റകുറ്റപ്പണികൾ നടത്താമെന്ന വടക്കാഞ്ചേരി മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ ഉറപ്പിന്മേൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 25 | 99 | ” | കാളികാവ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിൽ ഈ വിഷയം സംബന്ധിച്ച ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 26 | 100 | ” | തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്തിൽ വനിതാ വ്യവസായ കേന്ദ്രം സ്വകാര്യ വ്യക്തിക്ക് വാടകയ്ക്ക് നൽകിയത് ബൈലോ പ്രകാരമല്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ കുടിശ്ശികയുള്ള വാടകത്തുക തിരികെ ഈടാക്കുന്നതിന് നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. അതോടൊപ്പം പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാർ തലത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുവാനും സമിതി നിർദ്ദേശിക്കുന്നു. |
| 27 | 101 | ” | തുറവൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പും സംസ്ഥാന ഓഡിറ്റ് വകുപ്പും നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 28 | 102 | തദ്ദേശസ്വയംഭരണ വകുപ്പ് | ജനറൽ വിഭാഗത്തിലെയും എസ്.സി. വിഭാഗത്തിലെയും ആളുകളെ ഉൾപ്പെടുത്തി ഹരിത കർമ്മസേന എന്ന പേരിൽ ഒരു കർമ്മസേന രൂപീകരിക്കാൻ കഴിയില്ലെന്ന ഓഡിറ്റ് വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിലെ ഇല്ലത്തുംപടി വ്യവസായ കേന്ദ്രത്തിൽ പ്രസ്തുത വിഭാഗങ്ങളിലെ ആൾക്കാരെ അംഗങ്ങളാക്കി ഒരു കർമ്മസേന രൂപീകരിക്കാനിടയായതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 29 | 103 | ” | പൊൻമല ഗ്രാമപഞ്ചായത്തിൽ വനിതാ വ്യവസായ കേന്ദ്രത്തിന് വാച്ച് അസംബ്ലിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി അർഹതയില്ലാതെ 3,40,500 രൂപ അനുവദിച്ചു എന്നുള്ള ഓഡിറ്റ് പരാമർശത്തിന്മേൽ കോട്ടപ്പുറത്ത് പ്രവർത്തിച്ചിരുന്ന വനിതാ സഹകരണ സംഘത്തിന് വാച്ച് അസംബ്ലിംഗ് യൂണിറ്റ് കെട്ടിടം പണിയുന്നതിനായും ചാപ്പനങ്ങാടിയിൽ ഫാൻ അസംബ്ലിംഗ് യൂണിറ്റ് പുതുതായി തുടങ്ങുന്നതിനുമായി അനുവദിച്ച തുക പ്രസ്തുത ആവശ്യത്തിലേയ്ക്ക് ഉപയോഗിച്ചിട്ടില്ലെന്ന പരാമർശത്തിന്മേലും ഓഡിറ്റ് തടസ്സപ്പെടുത്തിയ തുക സംഘം സെക്രട്ടറിയിൽനിന്നും ഈടാക്കുവാൻ സാധിക്കുമോയെന്ന് പരിശോധിച്ച് അറിയിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 30 | 104 | ” | 2001-02, 2002-03 കാലയളവിൽ വനിത പുളി സംസ്കരണ യൂണിറ്റ്, 2007-08, 2008-09 എന്നീ കാലയളവുകളിൽ വനിതകൾക്ക് തയ്യൽ പരിശീലനം എന്നീ പദ്ധതികൾ പ്രകാരം പൊന്മള ഗ്രാമപഞ്ചായത്തിൽ വാങ്ങിയ മെഷീനുകൾ ലേലം ചെയ്ത് വിറ്റഴിക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 31 | 105 | ” | പന്തല്ലൂർ വനിതാ വ്യവസായ കേന്ദ്രത്തിൽ എം.ഡി.എസ്. യൂണിറ്റുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്ന് മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിനെ തുടർന്ന്, പ്രസ്തുത യൂണിറ്റുകൾ നടപ്പിലാക്കിയ ശേഷം ആയത് സമിതിയെ അറിയിക്കണമെന്ന് നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 32 | 106 | തദ്ദേശസ്വയംഭരണ വകുപ്പ് | സമൃദ്ധി വനിതാ വ്യവസായ സ്വയംതൊഴിൽ ഉൽപ്പാദന വിപണന പരിശീലന കേന്ദ്രം ബ്ലോക്ക് പഞ്ചായത്തിന്റെ ഇതര സ്ഥാപനങ്ങളിലെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് പരിശീലനം നൽകാനുദ്ദേശിച്ചുകൊണ്ട് ആരംഭിച്ചതാണെങ്കിലും ഇവിടെ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതെന്ന് ഓഡിറ്റ് വകുപ്പിന്റെ മറുപടിയിൽ നിന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത കേന്ദ്രത്തിൽ ആറ് മാസത്തെ തയ്യൽ പരിശീലനകോഴ്സുകൾ നടത്തിയിരുന്നുവെങ്കിലും പല മെഷീനുകളും പ്രവർത്തനരഹിതമായതിനാൽ പ്രസ്തുത യന്ത്രങ്ങൾ ലേലം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ഇതിന്മേൽ സ്വീകരിച്ച തുടർനടപടി റിപ്പോർട്ടും തൊഴിലധിഷ്ഠിത പരിശീലനം പ്രോത്സാഹിപ്പിക്കേണ്ടതില്ലെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിവരങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ടും ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 33 | 107 | ” | വേങ്ങര ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 34 | 108 | ” | എടരിക്കോട് ഗ്രാമപഞ്ചായത്തിലെ വനിതാ വ്യവസായ കേന്ദ്രം വനിതകൾക്ക് ഉപയുക്തമാകുന്ന രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 35 | 109 | ” | മമ്പാട് ഗ്രാമപഞ്ചായത്തിൽ അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും വിപണി മാന്ദ്യവും കാരണം പാളപ്ലേറ്റ് നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനം നിലച്ചതിനാൽ ഇതിനായി വാങ്ങിയ ഉപകരണങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ആയത് സമിതിയെ അറിയിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 36 | 110 | തദ്ദേശസ്വയംഭരണ വകുപ്പ് | നിലമ്പൂർ നഗരസഭയിലെ പരാമർശവിധേയമായ പദ്ധതിയുമായി ബന്ധപ്പെട്ട് മോഷണം പോയ യന്ത്രഭാഗങ്ങൾ സംബന്ധിച്ച് 3 വർഷമായിട്ടും കുറ്റവാളികളെ കണ്ടെത്താത്തത് പോലീസിന്റെ ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയായി വിലയിരുത്തിയ സമിതി ആഭ്യന്തര വകുപ്പിൽ നിന്നും പ്രസ്തുത വിഷയം സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ നിർദ്ദേശിക്കുന്നു. |
| 37 | 111 | ” | ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ മാലിന്യ സംസ്കരണ യൂണിറ്റിന്റെ പ്രവർത്തനം പ്രാദേശിക പ്രതിഷേധങ്ങൾ കാരണം നിലച്ച സാഹചര്യത്തിൽ ജനങ്ങളുമായി ചർച്ച നടത്തി പ്രവർത്തനം ആരംഭിക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് അടിയന്തര നടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. അതോടൊപ്പം പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 38 | 112 | ” | വനിതാ വ്യവസായ സംരംഭക പരിശീലന കേന്ദ്രം രണ്ട് നിലകളിൽ പുതുക്കി പണിത് നിർദ്ദിഷ്ട ആവശ്യത്തിനായി ഉപയോഗിക്കുന്നുണ്ടെന്ന ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 39 | 113 | ” | കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ കൂട്ടക്കര ഹരിജൻ വ്യവസായ കേന്ദ്രത്തിൽ തുടങ്ങുവാനുദ്ദേശിക്കുന്ന റെഡിമെയ്ഡ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 40 | 114 | ” | പയ്യോളി നഗരസഭയിലെ വനിതാ വ്യവസായ കേന്ദ്രത്തിലെ ഒഴിഞ്ഞുകിടക്കുന്ന മുറികളിൽക്കൂടി വ്യവസായ യൂണിറ്റ് തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ച് സമിതിയെ അറിയിക്കുവാൻ നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 41 | 115 | തദ്ദേശസ്വയംഭരണ വകുപ്പ് | ഉണ്ണിക്കുളം ഗ്രാമപഞ്ചായത്തിലെ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതി മുടങ്ങിപ്പോയതിനാൽ പദ്ധതിക്കായി ചെലവഴിച്ച തുക കൺവീനറിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത നടപടി പൂർത്തിയാക്കി സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുവാൻ നിർദ്ദേശിക്കുന്നു. |
| 42 | 116 | ” | നൊച്ചാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 43 | 117 | ” | മുക്കം ഗ്രാമപഞ്ചായത്തിലെ തോട്ടത്തിൽകടവ് തൊഴിൽ പരിശീലന കേന്ദ്രത്തിലെ തൊഴിൽ പരിശീലന പരിപാടി സംബന്ധിച്ച നിലവിലെ സ്ഥിതി സംസ്ഥാന ഓഡിറ്റ് വകുപ്പ് മുഖാന്തരം ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 44 | 118 | ” | തദ്ദേശസ്വയംഭരണ വകുപ്പും സംസ്ഥാന ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 45 | 132 | ” | ആറ്റിങ്ങൽ നഗരസഭയ്ക്ക് രാജകുടുംബത്തിൽ നിന്നും കുത്തകപ്പാട്ടം വഴി ലഭിച്ച 9 ഏക്കർ 12 സെന്റ് സ്ഥലത്തിൽ നിന്നും 1977-ലും 1979-ലും ആയി 5 ഏക്കർ സ്ഥലം നഗരസഭയുടെ അനുമതിയോടെ സർക്കാർ ഏറ്റെടുത്ത് കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിന് രജിസ്റ്റർ ചെയ്തിട്ടുള്ളതായും ബാക്കിയുള്ള 4 ഏക്കർ 12 സെന്റ് സ്ഥലത്തിന് 2004 വരെ നഗരസഭ കുത്തകപ്പാട്ടം ഒടുക്കിയിട്ടുള്ളതാണെന്നും കേസ് നിലനിൽക്കുന്നതിനാൽ വില്ലേജ് ഓഫീസ് നിലവിൽ കുത്തകപ്പാട്ടം സ്വീകരിക്കുന്നില്ലെന്നും, നിലവിൽ പ്രസ്തുത സ്ഥലത്ത് കാലിച്ചന്ത നടത്തുന്നതിനുള്ള ഉത്തരവ് മാത്രമാണ് ഉള്ളതെന്നും ഉള്ള നഗരസഭാ സെക്രട്ടറിയുടെ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ ആറ്റിങ്ങൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് മാറ്റി സ്ഥാപിക്കുക |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | എന്ന പദ്ധതി ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി ആറ്റിങ്ങൽ നഗരസഭയിൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് മാമത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിനായി കെട്ടിടം പണിത സ്ഥലവുമായി ബന്ധപ്പെട്ട കേസ് കൈകാര്യം ചെയ്യുന്നതിന് നിയമവകുപ്പ് സെക്രട്ടറിയുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. ടി വിഷയത്തിൽ നഗരസഭയുടെ നിലപാടുകളും കേസിന്റെ പുരോഗതിയും യഥാസമയം അറിയിക്കുന്നതിനും പ്രസ്തുത കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു. |
| 46 | 133 | തദ്ദേശസ്വയംഭരണ വകുപ്പ് | പുനരുദ്ധരിച്ച കൃഷി ഭവൻ കെട്ടിടം പ്രവർത്തനക്ഷമമാണെന്ന് കിഴക്കെകല്ലട ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 47 | 134 | | മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്തിലെ അങ്കണവാടി കെട്ടിടം പ്രവർത്തനക്ഷമമാണെന്ന സർക്കാർ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 48 | 135 | ” | പവിത്രേശ്വരം ഗ്രാമപഞ്ചായത്തിലെ ശ്രീനാരായണപുരം പ്രാഥമികാരോഗ്യ കേന്ദ്രം പുതിയ കെട്ടിടത്തിൽ പ്രവർത്തനക്ഷമമാക്കുവാൻ 18 വർഷം കാലതാമസമുണ്ടായത് പഞ്ചായത്തിന്റെ അനാസ്ഥയാണെന്ന് സമിതി വിലയിരുത്തുന്നു. നിലവിൽ കെട്ടിടം പ്രവർത്തനസജ്ജമാണെന്ന മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 49 | 136 | ” | പൊരീക്കൽ പബ്ലിക് മാർക്കറ്റിൽ നിർമ്മിച്ച കെട്ടിട സമുച്ചയത്തിൽ മാവേലി സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിനായി സപ്ലൈകോയ്ക്ക് അനുമതി നൽകിയ സാഹചര്യത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 50 | 137 | തദ്ദേശസ്വയംഭരണ വകുപ്പ് | ചേലേമ്പ്ര ഗ്രാമപഞ്ചായത്തിൽ ലൈബ്രറി പ്രവർത്തിപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കണമെന്നും പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ച് ഉദ്യോഗസ്ഥരിൽ ഒരാൾക്കോ അല്ലെങ്കിൽ താല്പര്യമുള്ള പഞ്ചായത്ത് മെമ്പറിനോ ലൈബ്രേറിയന്റെ താത്കാലിക ചുമതല ഏൽപ്പിച്ച് പ്രസ്തുത വായനശാല തുറന്നുപ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് അറിയിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 51 | 138 | ” | പൂക്കോട്ടൂർ യുദ്ധസ്മാരകത്തിലെ ലൈബ്രറിയും ചരിത്ര മ്യൂസിയവും രണ്ട് മാസത്തിനുള്ളിൽ പ്രവർത്തനം ആരംഭിച്ച് ആയതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 52 | 139 | ” | സാമൂഹ്യ വികസന കേന്ദ്രം പ്രവർത്തനക്ഷമമാണെന്ന ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ബി.ഡി.ഒ. അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 53 | 148 | ” | ആര്യനാട് ഗ്രാമപഞ്ചായത്തിലെ അല്ലനിയോട് മിച്ചഭൂമി വാട്ടർ സപ്ലൈ സ്കീം പ്രകാരം പട്ടികജാതി കുടുംബങ്ങൾ ഉൾപ്പെടെയുള്ള മുപ്പതോളം കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നുണ്ടെന്ന ആര്യനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 54 | 149 | ” | പവിത്രേശ്വരം ഗ്രാമപഞ്ചായത്തിലെ കുളക്കട – പവിത്രേശ്വരം കുടിവെള്ള പദ്ധതി പ്രയോജനപ്രദമായി നടപ്പിലാക്കിവരുന്നതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 55 | 150 | ” | ഒഴൂർ ഗ്രാമപഞ്ചായത്തിലെ മണലിപ്പുഴ മിനിവാട്ടർ സപ്ലൈ സ്കീം നിലവിൽ പ്രവർത്തനക്ഷമമാണെന്ന് ഒഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിനെ തുടർന്ന് പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 56 | 151 | തദ്ദേശസ്വയംഭരണ വകുപ്പ് | പൊൻമള ഗ്രാമപഞ്ചായത്തിലെ തേൻപറമ്പ് ശുദ്ധജല വിതരണപദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 57 | 152 | ” | മമ്പാട് ഗ്രാമപഞ്ചായത്തിലെ പൊങ്ങല്ലൂർ ഷാപ്പിൻകുന്ന് കുടിവെള്ള പദ്ധതി പ്രകാരം അമ്പതോളം ഗുണഭോക്താക്കൾക്ക് കുടിവെള്ളം ലഭ്യമാകുന്നുവെന്ന ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 58 | 153 | ” | എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും 35 ലക്ഷം രൂപ ചെലവഴിച്ച് ഇരിങ്ങൽ മൂടാട് കുടിവെള്ള പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടെന്ന പയ്യോളി നഗരസഭാ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 59 | 154 | ” | കാക്കൂർ പഞ്ചായത്തിലെ മുക്കാലംപാറ കുടിവെള്ള പദ്ധതിയ്ക്കായി നിർമ്മിച്ച കുളത്തിലെ ജലം ഉപയോഗ യോഗ്യമല്ലെന്നും അടുക്കൻമല പദ്ധതിയ്ക്കായി പുതിയ സ്ഥലം കണ്ടെത്തി കിണർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും കാക്കൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശവിധേയമായ പദ്ധതികൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന നിർദ്ദേശത്തോടെ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 60 | 155 | ” | കൊടുവള്ളി ഗ്രാമപഞ്ചായത്ത് തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 61 | 169 | തദ്ദേശസ്വയംഭരണ വകുപ്പ് | കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിൽ കുടിവെള്ള ശൃംഖല ആരംഭിക്കുന്നതിനുള്ള പദ്ധതിയുമായി ബന്ധപ്പെട്ട സ്ഥലത്തിന്റെ കാര്യത്തിൽ നിലനിന്നിരുന്ന ഹൈക്കോടതി കേസും വെറ്റ് ലാന്റിന്റെ പ്രശ്നവും പരിഹരിച്ചുകഴിഞ്ഞതായി സെക്രട്ടറി ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന നിർദ്ദേശത്തോടെ പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 62 | 170 | ” | തോടന്നൂർ ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശത്തിന്മേൽ സർക്കാർ മറുപടി നാളിതുവരെയും ലഭ്യമാക്കാതിരുന്നത് വകുപ്പിന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ അനാസ്ഥയാണെന്ന് സമിതി വിലയിരുത്തുന്നു. |
| 63 | 171 | ” | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് സഭയിൽ സമർപ്പിച്ച് 3 മാസത്തിനകം സർക്കാർ മറുപടി ലഭ്യമാക്കണമെന്നിരിക്കെ പ്രസ്തുത പരാമർശം സമിതിയുടെ പരിഗണനയിൽ വന്നിട്ടും ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ മറുപടി ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. പരാമർശ വിഷയവുമായി ബന്ധപ്പെട്ട സർക്കാർ മറുപടി ലഭ്യമാക്കാത്തതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും പരാമർശം സംബന്ധിച്ച ന്യൂനതാ പരിഹാര നടപടി പത്രിക, പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് എന്നിവ അടിയന്തരമായി സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 64 | 172 | ” | എടവണ്ണ ഗ്രാമപഞ്ചായത്തിൽ വൃദ്ധ-വികലാംഗ ക്ഷേമകേന്ദ്രം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 65 | 173 | ” | കുറുവ ഗ്രാമപഞ്ചായത്തിൽ വ്യവസായ യൂണിറ്റ് ആരംഭിക്കുന്നതിനായി വാങ്ങിയ ഭൂമി ലീസിന് നൽകാനുള്ള നടപടികൾ ആരംഭിച്ചുവെന്ന കുറുവ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 66 | 174 | തദ്ദേശസ്വയംഭരണ വകുപ്പ് | ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിൽ കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂൾ നിർമ്മിക്കുന്നതിനായി വാങ്ങാൻ നിശ്ചയിച്ചിരുന്ന റവന്യൂ വകുപ്പിന്റെ സ്ഥലവുമായി ബന്ധപ്പെട്ട് കേസ് നിലനിൽക്കുന്നതിനാലാണ് പ്രസ്തുത ഭൂമി വാങ്ങാതിരുന്നതെന്നും പകരം മരുതോങ്കര ഗ്രാമപഞ്ചായത്തിൽ സ്കൂളിനായി വാങ്ങിയ 10 ഏക്കർ സ്ഥലത്ത് സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണെന്നുമുള്ള ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ സ്കൂൾ കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന നിർദ്ദേശത്തോടെ പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 67 | 175 | ” | കോഴിക്കോട് ജില്ലാപഞ്ചായത്ത് കാക്കൂർ ശ്രദ്ധാഭവനം നിർമ്മിക്കുവാനായി വാങ്ങിയ ഭൂമിയിൽ ചുറ്റുമതിൽ നിർമ്മാണം പൂർത്തിയായെന്നും കെട്ടിട നിർമ്മാണത്തിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടെന്നുമുള്ള ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പദ്ധതി പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന നിർദ്ദേശത്തോടെ പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 68 | 176 | ” | രാമനാട്ടുകര ഗ്രാമപഞ്ചായത്തിലെ തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽ വരുന്ന 2 ഏക്കർ ഭൂമി ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന നിർദ്ദേശത്തോടെ പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 69 | 177 | ” | മുക്കം ഗ്രാമപഞ്ചായത്തിലെ പൊതുശ്മശാനം നിർമ്മിക്കുന്നതിനായി വാങ്ങിയ ഭൂമി ലൈഫ് ഭവന പദ്ധതിയിലുൾപ്പെടുത്തി 48 കുടുംബങ്ങളുടെ പാർപ്പിടാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ടെന്ന മുക്കം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 70 | 178 | തദ്ദേശസ്വയംഭരണ വകുപ്പ് | മുക്കം ഗ്രാമപഞ്ചായത്തിലെ തോട്ടത്തിൻ കടവിൽ ചെറുകിട വ്യവസായ കേന്ദ്രം സ്ഥാപിക്കുന്നതിനായി വാങ്ങിയ സ്ഥലത്ത് വ്യവസായകേന്ദ്രം സ്ഥാപിക്കുന്നതിനായി കൈക്കൊണ്ട തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന ഓഡിറ്റ് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു. |
| 71 | 179 | ” | മുക്കം ഗ്രാമപഞ്ചായത്തിലെ തോട്ടത്തിൻകടവിൽ മാതൃകാ കോളനി സ്ഥാപിക്കുന്നതിനായി വാങ്ങിയ ഭൂമി എസ്.സി. വിഭാഗക്കാരുടെ തന്നെ പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിനായി ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുകയാണെന്ന മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 72 | 180 | ” | വയനാട് ജില്ലാപഞ്ചായത്ത് കണിയാമ്പറ്റയിൽ മിനി വ്യവാസയ പാർക്ക് സ്ഥാപിക്കുന്നതിനായി വാങ്ങിയ സ്ഥലത്തെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് സ്ഥലം സംരക്ഷിക്കണമെന്നും സർക്കാർ ഭൂമി ആർക്കും വിട്ടുകൊടുക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 73 | 181 | ” | എടവക ഗ്രാമപഞ്ചായത്തിലെ സ്ഥലം നിലവിൽ വിജനമായി കിടക്കുകയാണെന്നും ടി സ്ഥലത്ത് പുതിയ പദ്ധതികൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയാണെന്നും വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 74 | 184 | | വടകര മുനിസിപ്പാലിറ്റിയിൽ 29 ലക്ഷം രൂപ ചെലവിട്ട് മത്സ്യമാർക്കറ്റിനായി പണിതീർത്ത കെട്ടിടം മലിനീകരണ പ്രശ്നംമൂലമുള്ള പൊതുജനപ്രക്ഷോഭംമൂലം നിലവിൽ എം.ആർ.എഫ് ആയി പ്രവർത്തിക്കുകയാണെന്നും ഫിഷറീസ് വകുപ്പിന്റെ 7.5 ലക്ഷം രൂപ കെട്ടിട നിർമ്മാണത്തിനായി ഉപയോഗിച്ചിരിക്കുന്നതിനാൽ കെട്ടിടത്തിന്റെ ഉപയോഗത്തിലുള്ള മാറ്റത്തിന്റെ സാധൂകരണത്തിനായുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇതു സംബന്ധിച്ച സാധൂകരണം തേടി സമിതിയ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശത്തോടെ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 75 | 191 | തദ്ദേശസ്വയംഭരണ വകുപ്പ് | വക്കം ഗ്രാമപഞ്ചായത്തിൽ വൃദ്ധസദനത്തിനായി നിർമ്മിച്ച കെട്ടിടത്തിൽ വൃദ്ധസദനം നടത്താൻ സാധിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത കെട്ടിടം നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ബഡ്സ് സ്കൂളിന്റെ പ്രവർത്തനത്തിനായി വിട്ടുകൊടുക്കുവാൻ നടപടി സ്വീകരിക്കുമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ബഡ്സ് സ്കൂൾ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 76 | 192 | ” | പന്മന ഗ്രാമപഞ്ചായത്തിലെ വൃദ്ധസദനം ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററാക്കി മാറ്റിയത് ഗുണഭോക്താക്കളില്ലാത്തതിനാലാണെന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുന്നു. |
| 77 | 193 | ” | കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിലെ പകൽ വീട് നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്ന കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 78 | 194 | ” | വൈദ്യുതി കണക്ഷനും ഇലക്ട്രിക് കണക്ഷനും ലഭ്യമാകുന്ന മുറയ്ക്ക് വൃദ്ധജനങ്ങൾക്കായുള്ള വിശ്രമകേന്ദ്രം പ്രവർത്തനം ആരംഭിക്കുമെന്ന തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 79 | 195 | ” | വഴിക്കടവ് ഗ്രാമപഞ്ചായത്ത് നിർമ്മിച്ച വിശ്രമകേന്ദ്രത്തിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 80 | 196 | തദ്ദേശസ്വയംഭരണ വകുപ്പ് | കാക്കൂർ ഗ്രാമപഞ്ചായത്തിലെ പഴിമല വൃദ്ധസദനം സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പിന്റെ നിരീക്ഷണം വിലയിരുത്തിയ സമിതി ആവശ്യം ഉറപ്പ് വരുത്താതെയും തിട്ടപ്പെടുത്താതെയും ശരിയായ പഠനം നടത്താതെയും പദ്ധതി രൂപീകരിക്കുന്നതിനാലാണ് നിർദ്ദിഷ്ട പദ്ധതി ലക്ഷ്യം കൈവരിക്കാതെ പോയതെന്ന് മനസ്സിലാക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതുഫണ്ട് വിനിയോഗിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്ന നിർദ്ദേശത്തോടെ കാക്കൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 81 | 201 | ” | പൊന്നാനി നഗരസഭ 2009-10, 2010-11 വർഷങ്ങളിലായി 2.79 കോടി രൂപ ചെലവഴിച്ച് നടപ്പിലാക്കിയ നെയ്ത്തല്ലൂർ മോഡൽ വില്ലേജും ഫിഷർമെൻ കോളനി ഭവന പദ്ധതിയും പ്രകാരം 26.68 $M^2$ വിസ്തീർണ്ണമുള്ള 120 വീടുകൾ നിർമ്മിച്ചെങ്കിലും വീടുകളുടെ വിസ്തീർണ്ണം കുറവായതിനാൽ ആയത് വാസ യോഗ്യമല്ലാത്തതാണെന്ന പരാതിയെ തുടർന്ന് കരാർ പ്രകാരം 6-8-2010-ൽ പൂർത്തീകരിക്കേണ്ടിയിരുന്ന പദ്ധതി യഥാസമയം പൂർത്തീകരിക്കാതിരിക്കുകയും തുടർന്ന് പദ്ധതി ലക്ഷ്യം കൈവരിക്കാൻ കഴിയാതെ വന്നതായും പദ്ധതി തുക പാഴ്ചെലവായി തീർന്നതായും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ടെക്നിക്കൽ സാങ്ഷൻ നൽകിയതിലും ഇംപ്ലിമെന്റ് ചെയ്തതിലും ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഭവനനിർമ്മാണ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും ഇത് സംബന്ധിച്ച് സമഗ്രമായ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 82 | 202 | തദ്ദേശസ്വയംഭരണ വകുപ്പ് | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിലെയും വിജിലൻസ് കോടതിയിലെയും കേസിന്റെ വിധി സംബന്ധിച്ച വിവരം സമിതിക്ക് ലഭ്യമാക്കുന്നതിനും പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് വീട് ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും ആയത് സംബന്ധിച്ച് സ്വീകരിച്ച നടപടി റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 83 | 206 | ” | ആധുനിക അറവുശാല പ്രവർത്തിപ്പിക്കുന്നതിനായുള്ള ഉപകരണങ്ങൾ ഘടിപ്പിക്കുന്നതിനുള്ള സൗകര്യമില്ലാത്തതിനാലാണ് വക്കം ഗ്രാമപഞ്ചായത്തിലെ പരാമർശവിധേയമായ അറവുശാല കെട്ടിടം പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം പ്ലാസ്റ്റിക് നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായുള്ള മെറ്റീരിയൽ റീറ്റെൻഷൻ ഫെസിലിറ്റി കേന്ദ്രമാക്കി മാറ്റിയതെന്നും ആയതിന് ജില്ലാ ആസൂത്രണ സമിതി അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും മെറ്റീരിയൽ റീറ്റെൻഷൻ ഫെസിലിറ്റി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും വക്കം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 84 | 207 | ” | തദ്ദേശസ്വയംഭരണ വകുപ്പും സംസ്ഥാന ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കരുളായി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 85 | 208 | ” | നാദാപുരം ഗ്രാമപഞ്ചായത്തിൽ അറവുശാലയ്ക്കായി നിർമ്മിച്ച കെട്ടിടവും ഖരമാലിന്യ സംസ്കരണ യൂണിറ്റും പ്രദേശവാസികളുടെ എതിർപ്പുമൂലം ഉപയോഗിക്കാൻ സാധിക്കാത്ത നിലയിലാണെന്ന് സമിതി മനസ്സിലാക്കുന്നു. ടി വിഷയം സംബന്ധിച്ച് പൊതുജനങ്ങളെ നേരിട്ടുകണ്ട് വസ്തുതകൾ ബോധ്യപ്പെടുത്തി മാലിന്യ സംസ്കരണപ്ലാന്റും അറവുശാലയും പ്രവർത്തനസജ്ജമാക്കുന്നതാണെന്നും ഇതിനുള്ള പ്രവർത്തനങ്ങൾ താഴെതട്ടിൽനിന്നും ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ടെന്നുമുള്ള സർക്കാർ മറുപടി അംഗീകരിക്കുന്നതോടൊപ്പം പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 86 | 214 | തദ്ദേശസ്വയംഭരണ വകുപ്പ് | ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിൽ 2008-09 കാലയളവിൽ വാങ്ങിയ മൂന്ന് മെതിയന്ത്രങ്ങൾ അഞ്ച് വർഷത്തോളം ഉപയോഗിച്ചെന്നും നെൽക്കൃഷി കുറഞ്ഞതിനെത്തുടർന്ന് ഉപയോഗശൂന്യമായ യന്ത്രങ്ങൾ കണ്ടംചെയ്യാൻ തീരുമാനിച്ചിരിക്കുകയാണെന്നും ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ അറിയിച്ചതിനെതുടർന്ന് പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 87 | 215 | ” | മുഖത്തല ബ്ലോക്ക് പഞ്ചായത്ത് 4,00,000 രൂപ ചെലവഴിച്ച് വാങ്ങിയ 3 നടീൽ യന്ത്രങ്ങൾ പാടശേഖര സമിതികൾക്ക് നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കി ആയത് പരിശോധിച്ചത് സംബന്ധിച്ചുള്ള റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 88 | 216 | ” | തേഞ്ഞിപ്പാലം, വട്ടക്കുളം എന്നീ ഗ്രാമപഞ്ചായത്തുകൾ വാങ്ങിയതും നിലവിൽ പ്രവർത്തനക്ഷമമല്ലാത്തതുമായ പരാമർശവിധേയമായ കാർഷിക യന്ത്രങ്ങൾ ലേലം നടത്തി പഞ്ചായത്തിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് സമിതിയെ അറിയിക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 89 | 217 | ” | 2009-10 കാലയളവിൽ വാങ്ങിയ കൊയ്ത്തുയന്ത്രങ്ങൾ ഉപയോഗിക്കുന്നത് കർഷകർക്ക് ലാഭകരമല്ലെന്നും ടി യന്ത്രങ്ങൾ ഉപയോഗിക്കാൻ സാധിക്കുമോ എന്നതിനെക്കുറിച്ച് പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർക്ക് നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവ ഉപയോഗപ്രദമാണോ അതോ ലേലം ചെയ്ത് വിൽക്കേണ്ടിവരുമോയെന്ന് തീരുമാനിക്കുമെന്ന് തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 90 | 220 | തദ്ദേശസ്വയംഭരണ വകുപ്പ് | കൊല്ലം കോർപ്പറേഷനിൽ ഇ-ടോയ്‌ലെറ്റുകൾ സ്ഥാപിക്കുന്നതിന് പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിനെ ഏൽപ്പിച്ചെങ്കിലും കെൽട്രോൺ യാതൊരു ഉത്തരവാദിത്തവുമില്ലാതെയാണ് മറ്റു ഏജൻസികളെ വർക്ക് ഏൽപ്പിക്കുന്നതെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ കെൽട്രോൺ മുഖേന ഇ-ടോയ്‌ലെറ്റുകൾ സ്ഥാപിക്കുന്ന രീതി പുനഃപരിശോധിക്കണമെന്നും കെൽട്രോൺ സ്ഥാപിച്ചിട്ടുള്ള ഇ-ടോയ്‌ലെറ്റുകൾ പ്രവർത്തന ക്ഷമമാണോ എന്നത് സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 91 | 229 | ” | ഫാമിലി വെൽഫെയർ സെന്ററിനായി നിർമ്മിച്ച കെട്ടിടത്തിൽ നിലവിൽ സിദ്ധ ആശുപത്രി പ്രവർത്തിക്കുകയാണെന്ന ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 92 | 230 | ” | കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിൽ പരാമർശ വിധേയമായ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി പഞ്ചായത്തിന്റെ പദ്ധതിയിൽ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 93 | 231 | ” | കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിലുൾപ്പെട്ട നെടുമൺകാവ് സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ആംബുലൻസ് കൊട്ടാരക്കര താലൂക്ക് ആശുപത്രിക്ക് കൈമാറിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 94 | 232 | ” | തൃക്കടവൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിനായി വാങ്ങിയ ആംബുലൻസ് തുരുമ്പെടുത്ത് നശിച്ച വിഷയവുമായി ബന്ധപ്പെട്ട് ഗ്രാമവികസന കമ്മീഷണർ ഉചിതമായ തീരുമാനമെടുത്ത് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 95 | 233 | ” | തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ വേങ്ങര ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 96 | 234 | തദ്ദേശസ്വയംഭരണ വകുപ്പ് | 11,85,500 രൂപ വികസന ഫണ്ടിൽ നിന്നും ഗുണഭോക്തൃ വിഹിതമായി 1,31,500 രൂപയും ഉപയോഗിച്ച് നടപ്പിലാക്കിയ വി.സി.ബി. കൃഷിക്ക് ഉപയോഗപ്രദമായിരുന്ന എന്നും വർഷങ്ങളായുള്ള ഉപയോഗം കാരണം കേടുപാട് വന്ന ഷട്ടറുകൾ നന്നാക്കാൻ കൃഷിക്ക് നഷ്ടം വന്നതിനാൽ കർഷകർ തയ്യാറായില്ലെന്നും വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. പാടശേഖര സമിതി, കൃഷി വകുപ്പ് എന്നിവരുമായി ചേർന്ന് വി.സി.ബി. കേടുപാടുകൾ തീർത്ത് ഉപയോഗപ്രദമാക്കുന്നതിനുള്ള ബ്ലോക്ക് പഞ്ചായത്ത് തീരുമാനം നടപ്പിലാക്കി സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 97 | 235 | ” | വാഴക്കാട് ഗ്രാമപഞ്ചായത്തിൽ ആട് ഫാമിനായും അഗ്രികൾച്ചറൽ നഴ്സറിക്കായും വാങ്ങിയ ഭൂമിയിൽ നാളിതുവരെയും പ്രവർത്തനങ്ങൾ നടന്നിട്ടില്ലാത്തതായി സമിതി മനസ്സിലാക്കുന്നു. എൻ.ആർ.ഇ.ജി.എസ്.-ന്റെ ഭാഗമായി പ്രസ്തുത സ്ഥലത്ത് നടത്തുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |